2026 MARCH
VOL 25
ISSUE 3
PAGE 48
PRICE ₹50

# കെയ്റോസ്

കൗമാരക്കാർക്കും യുവജനങ്ങൾക്കുമായുള്ള കത്തോലിക്കാ മാസിക




JESUS YOUTH
A MISSIONARY MOVEMENT AT THE SERVICE OF THE CHURCH

www.jykairosmedia.org



**വിശുദ്ധരായ പെർപെറ്റുവയും ഫെലിസിറ്റിയും** – എ.ഡി. 203–ൽ ടുണീഷ്യയിലെ കാർത്തേജിൽ വച്ച് മരിച്ച ആദിമ സഭയിലെ രണ്ട് രക്തസാക്ഷികളായിരുന്നു വിശുദ്ധ പെർപെറ്റുവയും ഫെലിസിറ്റിയും. കാർത്തേജിലെ ഗവർണർ ക്രിസ്തുമതത്തിലേക്കോ യഹൂദമതത്തിലേക്കോ പരിവർത്തനം നിരോധിച്ചുകൊണ്ട് റോമൻ ചക്രവർത്തിയുടെ ഒരു ഉത്തരവ് നടപ്പിലാക്കിയപ്പോൾ ക്രിസ്തീയ വിശ്വാസത്തിന്റെ പേരിൽ ജയിലിലടക്കപ്പെടുകയും പിന്നീട് വധിക്കപ്പെടുകയും ചെയ്തു. അമ്മമാർ, ഗർഭിണികൾ, കന്നുകാലികൾ, കശാപ്പുകാർ എന്നിവരുടെ രക്ഷാധികാരികളാണ് ഈ വിശുദ്ധർ. തിരുനാൾ: മാർച്ച് 6.

**എഡിറ്റേഴ്സ് റൂം -**
**അഡ്വ. കെ.ജെ. ജോൺസൺ**
jjadvocatesjy@gmail.com



# നിശ്ശബ്ദത ഒറ്റപ്പെടലല്ല

പടിഞ്ഞാറൻ ആഫ്രിക്കൻ ഭൂഖണ്ഡത്തിലെ ഗിനി എന്ന രാജ്യത്തിലെ കത്തോലിക്ക കർദിനാളാണ് റോബർട്ട് സാറാ. ബെനഡിക്ട് പതിനാറാമൻ പാപ്പയുടെ കാലത്ത് കർദിനാളായ അദ്ദേഹം, സഭയുടെ ശക്തനായ വക്താവും ആത്മീയ ചിന്തകനുമാണ്. അദ്ദേഹത്തിന്റെ ആത്മീയ വിചിന്തനങ്ങളും അനുഭവങ്ങളും ചേർത്ത് വിവരിക്കുന്ന പുസ്തകമാണ് 'The power of silence.' നിശ്ശബ്ദതയുടെ ശക്തി. തന്റെ കുഞ്ഞുനാളിലുള്ള ഗ്രാമ ജീവിതത്തെക്കുറിച്ചും രാത്രിയിലെ നിശ്ശബ്ദതയെക്കുറിച്ചും അദ്ദേഹം ആ പുസ്തകത്തിൽ വാചാലനാകുന്നുണ്ട്. നിശ്ശബ്ദത, ഒറ്റപ്പെടലല്ല എന്നാണ് അദ്ദേഹത്തിന്റെ പക്ഷം. മറിച്ച് ആയിരിക്കുന്ന ഇടങ്ങളോടു കൂടുതൽ അടുക്കാനുള്ള മാർഗമാണ് നിശ്ശബ്ദതയെന്ന് അദ്ദേഹം സമർഥിക്കുന്നു.

ശബ്ദമുഖരിതമായ, സംഘർഷ കലുഷിതമായ ഒരു സാമൂഹിക അന്തരീക്ഷത്തിലാണ് ഇന്ന് മനുഷ്യർ ആയിരിക്കുന്നത്. ശബ്ദമില്ലാതെ സന്തോഷമില്ല എന്ന ചിന്തകളോടെയാണ് ഡിജെ പാർട്ടികളും മ്യൂസിക് കൺസേർട്ടുകളും മഹാസമ്മേളനങ്ങളും നടക്കുന്നത്. ശബ്ദം കൂടുന്നതനുസരിച്ച് അടിച്ചമർത്താനുള്ള അധികാരം കരഗതമാകുമെന്ന് ചിലർ ചിന്തിക്കുന്നു. ഉയർന്ന സ്വരങ്ങൾ നമ്മുടെ പരിസരങ്ങളെ മാത്രമല്ല നമ്മുടെ ഹൃദയത്തെ പോലും അലോസരപ്പെടുത്തുന്നു.

സമ്പത്ത് കുമിഞ്ഞുകൂടിയ ഒരു കുടുംബത്തിലുണ്ടായിരുന്ന ഒരു മകൻ സന്യാസം സ്വീകരിക്കാൻ ഹിമാലയത്തിലേക്ക് യാത്ര തിരിച്ചു. ചോദിച്ചവരോട് അയാൾ പറഞ്ഞു: എനിക്ക് എന്നെത്തന്നെ കണ്ടെത്താൻ കുറച്ചു നിശ്ശബ്ദത വേണം. നിശ്ശബ്ദതയിലേ നാമെന്താണെന്ന് നമുക്ക് കണ്ടെത്താൻ കഴിയൂ.

'ശാന്തമാകുക ഞാൻ ദൈവമാണെന്ന് അറിയുക' എന്ന ദൈവസ്വരം ഇന്നത്തെ കാലത്തിനെ വെല്ലുവിളിക്കുന്നതാണ്. വളരെ തിരക്കുള്ള ഒരു ന്യായാധിപൻ ഒരിക്കൽ മനസ്സ് തുറന്നതിങ്ങനെയാണ്. "ഞാൻ ന്യായാധിപനായി, സത്യസന്ധമായി പ്രവർത്തിക്കാൻ വളരെ സമയം നിശ്ശബ്ദമായി ദിവ്യകാരുണ്യത്തിന് മുൻപിൽ ഇരിക്കും. നിശ്ശബ്ദത നല്ല തീരുമാനങ്ങളിലേക്ക് നയിക്കും."

അവഗണന, അനീതി, പക്ഷപാത പെരുമാറ്റം എന്നീ അവസ്ഥകൾ ഒരാളുടെ മനസ്സിനെ പ്രക്ഷുബ്ധമാക്കും. പ്രഷർ കുക്കറിലെ നീരാവി പോലെ ചിലപ്പോളത് പൊട്ടിത്തെറിയിലേക്ക് നയിക്കപ്പെടും. വൈകാരികമായ ഇത്തരം പെരുമാറ്റങ്ങൾ പലപ്പോഴും അപകടങ്ങളിലാണ് കലാശിക്കുക. ക്രൂരമായ പീഡനങ്ങളും അവഗണനയും അസ്വസ്ഥതകളുമുള്ള കുരിശിൽ, ശാന്തമായാണ് അവൻ മരണമടഞ്ഞത്. പീലാത്തോസിന്റെ കുൽസിതമായ ചോദ്യത്തോട് പോലും നിശ്ശബ്ദമായാണ് അവൻ പ്രതികരിച്ചത്. അതുകൊണ്ടാണ് വലിയ നിസ്വാർഥ സ്നേഹത്തിന്റെ പ്രഘോഷണമായി ആ നിശ്ശബ്ദത മാറിയത്.

സങ്കടങ്ങളും അവഗണനയും പൊട്ടിത്തെറിക്കാനുള്ള സന്ദർഭങ്ങളല്ല. ദൈവത്തെയും തന്നെത്തന്നെയും കണ്ടെത്താൻ സഹായിക്കുന്ന നിശ്ശബ്ദമായ വഴികളാണ്. അതുകൊണ്ട് ദൈവവചനം പറയുന്നു: "ശാന്തശീലർ ഭാഗ്യവാന്മാർ അവർ ഭൂമി അവകാശമാക്കും." ശാന്തമാകാം, നിശ്ശബ്ദമാകാം. നമുക്കുള്ള ഭൂമി കണ്ടെത്താം.



എഡിറ്റർ-ഇൻ-ചീഫ്

Kairos MEDIA

Bp. Mar Raphael Thattil
*(Ecclesiastical Advisor, Jesus Youth International)*

**Patrons**
His Beatitude Baselios Cardinal Cleemis
*(Patron, Jesus Youth International)*
His Grace Archbishop Christopher Charles Prowse
*(Patron, Jesus Youth International)*

**Spiritual Director**
Rev. Fr Paul A.J. *(KJYC Animator)*

**Director, Kairos Media**
Dr. Chackochan Njavallil 9447572513

**Printer and Publisher**
Reji J. Karot 9447394142

**Managing Trustee**
Ginees Francis 9562379515

**Executive Director**
Godwin Ignatious 9995211689 *(KJYC Coordinator)*

**Editor-in-Chief**
Adv. K.J. Johnson 9447245745

**Executive Editor**
Sajan C.A 9895711718 (kairosmag@jykairosmedia.org)

**Associate Editors**
Sunny Kokkappillil 9446890744
Sujamol Jose 9497166591

**Editorial Board**
Dr. Chackochan Njavallil 9447572513
Arun Antony 9447378547
Shaji Joseph 9895405631
Dr. Nycil Rajesh 9446123934
Joby Thomas 9995213936
Dr. Vineetha Joby 9447499439
Elseena Joseph 9497379891
Jinto John 9495630089
Alfred Wilson 8590834155
Ann Sebastian 7907203851
Chippy Theres Baby 9605895079

**Circulation Co-ordinator**
Anto L Puthur, Cochin, India +91 9605511644

**Associate Circulation Co-ordinators**
***Australia*** Mintu Vijoy, Melbourne +61 452 538 785
***Bahrain*** Neenu Maria Jibin +973 337 15472
***Bangladesh*** Tias Victor Palma +880 1717-152023
***Combodia*** Sophearong Ravy, Phnom Penh +855 96 426 5472
***Canada*** Abhilesh Thomas +1 (289) 952-1785
***East Timor*** Sr. Julie Antony +670 77827618 +91 97447 32431
***Germany*** Anna Paul, Berlin +49 176 83495451
***India*** Austin Michael, Mangalore +91 8277405251
***Ireland*** Suresh V Joy +353 87 963 0904
***Israel*** Jaison K Thattil, Tel Aviv +972 55 9974339
***Italy*** Anoop P Varghese +39 3884256258
***Kuwait*** Rajeev J Chacko, Ahmadi +965 66388310
***Malaysia*** Sweety Kamala Prasad +60 162568139
***Netherlands*** Jojo Varghese, Utrecht +31 684974552
***New Zealand*** Derick Daniel, Auckland +642 9127 0650
***Oman*** Jino Joy Ghala +968 953 84654
***Pakistan*** Asif Emmanuel +92 3022534254
***Papua New Guniea*** Abin Michael +675 7479 4368
***Qatar*** Sijo C. Johny +974 3357 2544
***Singapore*** Savio Francies +65 9021 9798
***Srilanka*** Sonal Fernando +94 77 3818399
***Switzerland*** Anu Jose +41 799177100
***Thailand*** Vineeth Andrew +66 86 372 6601
***UAE*** Seejo, Dubai +971 502782383
***Uganda*** Mboowa Ronald +256 706844152
***UK*** Mathachen Maduckakuzhy +44 7969 365686
***USA*** Denny Joseph +1 (832) 640-3106

**Finance Manager**
Rani George +91 9446563335 finance@jykairosmedia.org
**Office** Smitha Jose: smitha.jose@jykairosmedia.org

**Design:** Shaji Joseph Arakkal +91 98954 05631 arakkalshaji@gmail.com

**Mailing Address**
INDIA: 8/174, Navodaya Studio Complex,
Thengode P.O, Kochi 682030, Kerala, India.
infoin@jykairosmedia.org
+91 484 2984327

USA: Kairos International Inc.,
3010 Mason Grove Ln, Pearland, TX 77584 USA
info@jykairosmedia.org
+1 832 592 3675

www.jykairosmedia.org
Facebook.com/Readkairos
Twitter.com/kairosmalayalam

കെയ്റോസ് മലയാളം/കെയ്റോസ് ഗ്ലോബൽ/
കെയ്റോസ്ബഡ്സ് എന്നിവ ലഭിക്കാൻ:

Cloudcatholic Mobile App

Print (Mal, Eng, Buds)

contents


06

10

12

16

18

24

26


**കെയ്റോസിന് ബാങ്കുവഴി പണമടക്കുവാൻ:**

KAIROSE TRUST,
A/c No. 14690200009621
IFSC- FDRL0001469
FEDERAL BANK, KAKKANAD,
SEAPORT - AIRPORT ROAD

**ഓഫീസ് വിലാസം:**

കെയ്റോസ് മീഡിയ, 8/174, നവോദയ
സ്റ്റുഡിയോ കോംപ്ലക്സ്, തെങ്ങോട് പി.ഒ.
കാക്കനാട്, കൊച്ചി 682030
0484 2984327 62382 79115
kairosmag@jykairosmedia.org

# letters

പാഥേയം പേജിലെ സമന്വയം എന്ന ലേഖനം ഹൃദ്യമായിരിക്കുന്നു. രണ്ടു വൈരുധ്യങ്ങൾക്കിടയിൽ ഒന്നാകലുണ്ടെന്ന ഓർമപ്പെടുത്തൽ സന്തോഷമുളവാക്കുന്നു. തികച്ചും ആത്മീയമായ ഒരു വിചിന്തനമാണ് ഈ ലേഖനം നൽകുന്നത്. ആമയുടെയും മുയലിന്റെയും പന്തയത്തെ ഓർമപ്പെടുത്തിയ വരികൾ ഗംഭീരമായിരിക്കുന്നു. അത്, ജീവിതത്തിന്റെ ചില നിമിഷാർദ്ധങ്ങളിൽ നമ്മളും പെട്ടുപോകുന്ന സമയത്തെ ഓർമപ്പെടുത്തി. വംശനാശം എന്ന വിപത്തിനെ ഓർമപ്പെടുത്തിക്കൊണ്ട് നമുക്കും വരുംതലമുറയ്ക്കും ചൂണ്ടുപലകയാകുന്ന 'മൗറീഷ്യസിലെ ഡോഡോ പക്ഷികൾ' എന്ന ലേഖനം അവനവനെ വിശകലനം ചെയ്യാനും പ്രകൃതിയെ ധ്യാനിക്കാനും സഹായകമാകുന്നുണ്ട്. വ്യത്യസ്തതയുള്ള ചിന്തകളിലൂടെ വായനയ്ക്ക് രസം പകരുന്ന ലേഖനങ്ങൾക്ക് അഭിനന്ദനങ്ങൾ.

ഡോ. എഡ്വേർഡ് എടേഴത്തിന്റെ ജീവിതയാത്രയെ കുറിച്ചുള്ള ലേഖനം വളരെ ഇഷ്ടപ്പെട്ടു. ജീസസ് യൂത്തിന്റെ മുൻനിര നേതാക്കളിൽ പ്രധാനിയായ ഇദ്ദേഹത്തിന്റെ ജീവിതവഴികളും ഇടപെടലുകളും ദർശനങ്ങളുമൊക്കെ ലേഖനത്തിലുടനീളം അറിയാനായത് പ്രയോജനപ്രദവും സന്തോഷവും ഉളവാക്കുന്നതാണ്. നേതാക്കൾ താണ്ടിയ വഴികളും അവരുടെ അനുഭവങ്ങളും എന്തുകൊണ്ടും, അവരെ കാണുന്നവർക്കും കേൾക്കുന്നവർക്കും പ്രചോദനാത്മകമാണ്.

***വർഗീസ് അഗസ്റ്റിൻ***
*വരാപ്പുഴ, എറണാകുളം*


28



30




32



36




44



വ്യത്യസ്തവും
വിശിഷ്ടവുമായ
ഈ ഉള്ളടക്കങ്ങളും
മിഷൻ സ്റ്റോറി
വാർത്താവിചാരം
വഴുതന മാത്തൻ
തുടങ്ങിയ മറ്റു
സ്ഥിരം പംക്തികളും



Painting of Saint Francis of Assisi with his principal attributes, located in the attic of the Saint Joseph Altarpiece and originally from the now-demolished Convent of Santa María de Gracia.



ഫ്രം ദി ഹാർട്ട്

ഡോ. എഡ്വേർഡ് എടേഴത്ത്

# ഫ്രാൻസിസിനെ അനുകരിക്കാനോ? അതൊരു ഗുരുതര പ്രശ്നമായിത്തീരാം!

**ഇത് ഫ്രാൻസിസ് ജൂബിലിവത്സരം, ജീസസ് യൂത്തിന്റെ പ്രചോദന വേരുകളിലേക്ക് തിരിയാൻ ഇതാ വീണ്ടും ഒരവസരം.**

പീറ്റർ എന്റെ നല്ലൊരു സുഹൃത്താണ്. പെട്ടെന്നൊരു വിളി, "ഞാനൊന്നു വരട്ടെ? കുറച്ച് കാര്യങ്ങൾ സംസാരിക്കാനുണ്ട്." പക്ഷേ, വരുന്നതിന് മുൻപേ ഞാൻ കാര്യം മണുത്തറിഞ്ഞു, ഫ്രാൻസിസ് ആണ് പ്രശ്നം. അയാൾ അടുത്തിടെ വിശുദ്ധന്റെ ജീവിതം പഠിക്കുന്നു എന്ന് അറിഞ്ഞിരുന്നു. അത് പ്രശ്നം ഉണ്ടാക്കുമല്ലോ! പീറ്റർ സംസാരം തുടങ്ങിയപ്പോൾ എന്റെ ഊഹം തെറ്റിയില്ല എന്ന് മനസ്സിലായി: "ഫ്രാൻസിസ് പിടിച്ചു കുലുക്കി. എന്റെ ഹൃദയം തേടുന്നത് എന്താണെന്ന് എനിക്ക് ഇപ്പോഴാണ് മനസ്സിലായത്. ഓ, എന്തൊരു ജീവിതം! എനിക്ക് എല്ലാം വിട്ട് പുതിയൊരു വഴിതേടണം. അതുമാത്രമേ എനിക്ക് ജീവിത നിറവ് നൽകൂ. അത് ഏറെ അപകടകരമാണെന്നെനിക്കറിയാം. പക്ഷേ, എന്റെ ഉള്ളു പറയുന്നു ഞാൻ ആ വഴി പോകണമെന്ന്."

ഫ്രാൻസിസിനെ കണ്ടുമുട്ടുമ്പോൾ ഉണ്ടാക്കുന്ന ആ ഞടുക്കം മനസ്സിലാക്കാൻ എനിക്ക് ഒരു പ്രയാസവും ഉണ്ടായില്ല. ഞാനും അതനുഭവിച്ചിട്ടുണ്ട്. പക്ഷേ, ഇപ്പോൾ അയാളെ ഒന്നു നിലത്തിറക്കി യാഥാർഥ്യത്തെ നേരിടാൻ എങ്ങനെ സഹായിക്കും? റിയൽ ഫ്രാൻസിസ് പിടിച്ചുലച്ച അനേകരെ ഞാൻ ഓർത്തു: ഡാന്റെ, ചെസ്റ്റർട്ടൺ, കസാൻദ്സാക്കിസ്, ക്ലാര, തോമസ് മെർട്ടൺ, ഡൊറോത്തി ഡേ. ലിസ്റ്റ് അങ്ങനെ നീളും. യഥാർഥ ഫ്രാൻസിസ് മിക്കവാറുംപേരെ ഒന്നു പിടിച്ചുലയ്ക്കും. 1226–ൽ അദ്ദേഹം മരിച്ചു, പക്ഷേ കഴിഞ്ഞ 800 വർഷമായി അദ്ദേഹം ആളുകളെ ഇളക്കിമറിച്ചുകൊണ്ടിരിക്കുകയാണ് – ഇപ്പോഴും അതങ്ങനെ തന്നെ.

പിന്നെ ഒന്നുണ്ട്. സാധാരണ ഭക്തിയുടെ വഴിയിൽ ഫ്രാൻസിസിനെ സമീപിച്ചാൽ വലിയ പ്രശ്നമില്ല, ചിത്രം വണങ്ങലോ, രൂപവുമായി പ്രദക്ഷിണമോ, നൊവേനയോ ഒക്കെ വലിയ പ്രശ്നമല്ല. എന്നാൽ, വ്യക്തിപരമായി ഫ്രാൻസിസിന്റെ ചൈതന്യം ഗ്രഹിക്കാൻ ഇടയായാൽ ഒരാൾ ഒന്നുലയും. പുണ്യവാന്റെ ജീവിതകാലത്ത് അനേക മാതാപിതാക്കളും സഭയിലെ പല പ്രമുഖരും ഈ "വികല മാനസൻ" യുവാക്കളിൽ ചെലുത്തുന്ന സ്വാധീനം തെല്ലൊന്നുമല്ല ഭയന്നിരുന്നത്. അവരുടെ ചിന്തയിൽ ഫ്രാൻസിസ് ആളുകളെ ഒരുതരം വിഭ്രാന്തിയിലേക്ക് കൊണ്ടുപോയി.

## എന്തുകൊണ്ടാണ് പലരും ഫ്രാൻസിസിനെ ഇത്ര അപകടകാരിയായി കണ്ടത്?

1. പണം, സമയം, ഭൗതിക സുരക്ഷ, ഇവയല്ലേ ജീവിതത്തിൽ ഏറ്റം പ്രധാനം? പക്ഷേ, ഇക്കാര്യങ്ങളിൽ ഒരു ഉത്തരവാദിത്വവുമില്ലാതെ ഇയാൾ ജീവിച്ചു.

2. സാധാരണ അധികാര ശ്രേണികൾക്ക്, മാതാപിതാക്കളടക്കം, ഇയാൾ ഒട്ടും ചെവികൊടുത്തില്ല, പകരം പച്ചയായ ഉൾപ്രേരണകളെ പക്വമായ ഒരു മാർഗനിർദേശത്തിനും കീഴ്പ്പെടാതെ പിഞ്ചെന്നു.

3. നല്ല വിദ്യാഭ്യാസമോ വേണ്ടപോലൊരു ആത്മീയ ഉപദേഷ്ടാവോ പക്വമായ ആത്മീയ രൂപീകരണമോ ഇയാൾക്ക് ഉണ്ടായില്ല.

4. കുടുംബജീവിതത്തിന് ഇയാളെ പറ്റില്ലായിരുന്നു, ആശ്രമത്തിലോ, ഇടവകയിലോ, നിലവിലെ എന്തെങ്കിലും സംവിധാനത്തിലോ ഒതുങ്ങാൻ ഫ്രാൻസിസിന് കഴിയുമായിരുന്നില്ല. ചുറ്റുമുള്ള ഏതൊരു ആചാരങ്ങളോടും രീതികളോടും അയാൾ പുറം തിരിഞ്ഞു.

5. ഒരു വലിയ സമൂഹത്തെ അദ്ദേഹം ചുറ്റും കൂട്ടി. പക്ഷേ, അവരെയും ഏറെ വിചിത്രമായ വഴികളിൽ നയിച്ചു, സുന്ദരവും ആനന്ദകരവുമായി അവർക്ക് തോന്നിയ വ്യത്യസ്ത വഴികളിലൂടെ.

6. ഭാവിസംബന്ധമായി എന്തെങ്കിലും ഒരുക്കാൻ അയാൾ വിസമ്മതിച്ചു. ഭാവി തലമുറകളെ മനസ്സിൽ കരുതിപ്പോലും ഒന്നും ചെയ്തില്ല.

7. പ്രായോഗികതയും സാമൂഹിക മാനദണ്ഡങ്ങളും കാറ്റിൽ പറത്തി സൗന്ദര്യവും, സ്നേഹവും, ആനന്ദവും അതിന്റെ ശുദ്ധരൂപത്തിൽ ജീവിക്കുന്നതിൽ മാത്രം ശ്രദ്ധയൂന്നി ഏറ്റം അപ്രായോഗികമായി ഫ്രാൻസിസ് മുന്നേറി.

ഇതിന്റെയെല്ലാം ശിഷ്ടഫലമോ? ഉടുപ്പിലും, നടപ്പിലും, ഭക്ഷണക്രമത്തിലും, ജീവിതചര്യകളിലും, എന്തിനേറെ, പ്രാർഥനയിൽ പോലും ഏവർക്കും പരിചിതമായ ഒരു ക്രമവും പിൻചെല്ലാതെ, തീർത്തും കുത്തഴിഞ്ഞ അതിവികലമായ രീതികൾ അവലംബിച്ച് ഫ്രാൻസിസ് ഏവരെയും ഞെട്ടിച്ചു. അതിലും നടുക്കം ഉണ്ടാക്കിയ ഒരു കാര്യം, ഈ രീതിയിലും ഒരാൾക്ക് ജീവിക്കാനാകും എന്ന പലരുടെയും തലതിരിഞ്ഞ കണ്ടെത്തലായിരുന്നു. അനേകർ എല്ലാം ഉപേക്ഷിച്ച് അദ്ദേഹത്തെ പിന്തുടർന്നു. തന്റെ പിതാവ് ബെർണാർദോൺ അപകടം ആദ്യമേ മണത്തറിഞ്ഞു, ശിക്ഷണം നൽകാനും ന്യായവാദം ചെയ്യാനും ഒക്കെ ശ്രമിച്ചു, ഒടുവിൽ വീട്ടിൽ നിന്ന് പുറത്താക്കി. ചിലർ ഫ്രാൻസിസിനെ പരിഹസിച്ചു; കുറേപേർ നേർവഴി ഉപദേശിക്കാൻ ശ്രമിച്ചു. പക്ഷേ, ആർക്കും അദ്ദേഹത്തെ ബോധ്യപ്പെടുത്താനോ വഴിതിരിക്കാനോ സാധിച്ചില്ല.

> റിയൽ ഫ്രാൻസിസ് പിടിച്ചുലച്ച അനേകരെ ഞാൻ ഓർത്തു: ഡാന്റെ, ചെസ്റ്റർട്ടൺ, കസാൻദ്സാക്കിസ്, ക്ലാര, തോമസ് മെർട്ടൺ, ഡൊറോത്തി ഡേ ലിസ്റ്റ് അങ്ങനെ നീളും.

പിന്നീടായിരുന്നു വലിയ ട്വിസ്റ്റ്, ഫ്രാൻസിസ് മനസ്സിൽ കണ്ട ജീവിതം നയിക്കാൻ കഴിയില്ലെന്ന് അദ്ദേഹത്തിന്റെതന്നെ അനുയായികൾ പോലും മനസ്സിലാക്കി. പിന്തുടരുന്നുവെന്ന് അവർ അവകാശപ്പെട്ടിരുന്നെങ്കിലും, ഫ്രാൻസിസിന്റെ റാഡിക്കൽ വഴികൾ അവർ മിക്കവാറും നിരസിച്ചു. ഇതൊന്നും ഫ്രാൻസിസിനെ പിന്തിരിപ്പിച്ചില്ല. ഏറെ ശാന്തതയോടെ സ്വന്ത രീതികളിൽ അയാൾ ജീവിത വഴിയറ്റം വരെ പോയി, ഒരു വിധത്തിൽ ഏവരെയും ഏറെ അസ്വസ്ഥതപ്പെടുത്തിക്കൊണ്ടുതന്നെ.

ഇതെല്ലാം ഞാൻ പീറ്ററിനോട് വിശദീകരിച്ചില്ല. എപ്പോഴും എതിർപ്പ്, പ്രണയ വഴിയിൽ അന്ധതയെ രൂക്ഷമാക്കുമല്ലോ. പകരം, ഞങ്ങൾ ഏറെ സംസാരിച്ചു. ഒരു കാര്യം ഞാനോർത്തു, ഫ്രാൻസിസിൽ നിന്ന് ആഴത്തിൽ പ്രചോദനം ഉൾക്കൊണ്ട നിരവധി ആളുകളെ ഞാൻ കണ്ടിട്ടുണ്ട്. ചിലരെങ്കിലും സ്വന്ത ജീവിത മാറ്റത്തിനു കൃത്യ നടപടികളും സ്വീകരിക്കും, കുറച്ചു കാലം പിന്നിടുമ്പോൾ അതൊരു മുൻകാല ഓർമയാകും. പിന്നെ സാധാരണ ഭക്തിയിലേക്ക്, വിശുദ്ധനോട് പ്രാർഥിച്ച് പുകൾ പാടി, ആദ്യത്തെ റാഡിക്കൽ ഷോക്ക് മറന്ന് ജീവിതം ചേക്കേറുകയും ചെയ്യും. പിന്നെ വിശുദ്ധനോട് പ്രാർഥിക്കും. ലളിതമായി പറഞ്ഞാൽ ജീവിതം പഴയ പോലെ തുടരും.

ഞാൻ പീറ്ററിന് ഒരു പുതു ബോധ്യം പകരാൻ ശ്രമിച്ചു. ഫ്രാൻസിസിനെ അനുകരിക്കാൻ നിങ്ങൾക്കാകില്ല. ആ ജീവിതം അദ്ദേഹത്തിന്റെ ജീവിതമാണ്; നിങ്ങളുടേത് നിങ്ങളുടെ ജീവിതവും. പക്ഷേ, ഒന്ന് നിങ്ങൾക്ക് സാധിക്കും, നിങ്ങൾ എവിടെയാണോ അവിടെ, സ്വന്ത സമയം, പണം, കഴിവുകൾ എന്നിവ ഉപയോഗിച്ച് ഫ്രാൻസിസിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട്, നേരിടുന്ന വെല്ലുവിളികളെ ഒരു റാഡിക്കൽ സമീപനത്തോടെ അഭിമുഖീകരിക്കാനാകും. ഫ്രാൻസിസിനെ അനുകരിക്കരുത്; അദ്ദേഹത്തിന്റെ വെല്ലുവിളിയിൽ നിന്ന് വലിയ പ്രചോദനം ഉൾക്കൊണ്ട് ആഴത്തിൽ ജീവിക്കുക.

എങ്കിലും ആ ചോദ്യം അവശേഷിക്കുന്നു: ഫ്രാൻസിസ് ഉയർത്തുന്ന യഥാർഥ വെല്ലുവിളി എന്താണ്? അദ്ദേഹം എങ്ങനെ ഇപ്രകാരം അപകടകരമാംവിധം വശീകരിക്കുന്നതിനും പ്രചോദിപ്പിക്കുന്നതിനും ഇടവരുത്തുന്നു?

ഫ്രാൻസിസ് ജീസസ് യൂത്ത് മുന്നേറ്റത്തിന്റെ പുണ്യദർശകനാണല്ലോ. പലരും അശ്രദ്ധമായി അവഗണിക്കുന്ന ഒരു വസ്തുതയാണ് ഇത്. മറ്റു ചിലർക്ക് ഇത് ഗ്രഹിക്കാൻ പ്രയാസമുള്ള ഒരു കാര്യവും. പലർക്കും ഫ്രാൻസിസ് ഒരു പിടികിട്ടാ പുള്ളിയാണ്, തെറ്റിദ്ധരിക്കാൻ ഏറെ എളുപ്പവും. അടുത്തറിഞ്ഞ് ജീവിതത്തിൽ പകർത്താൻ പ്രയാസമുള്ള ഒരു മഹാത്മാവാണ് ഫ്രാൻസിസ്. എന്റെ ഒരാഗ്രഹം ഫ്രാൻസിസിന്റെ ഈ പുണ്യവത്സരം ചിലർക്കെങ്കിലും വിശുദ്ധനെ ഒന്നടുത്തറിയാനും കുറേയെങ്കിലും ജീവിതം മാറ്റിമറിക്കാനുമാകട്ടെ എന്നാണ്.

## അപ്പോൾ ഒരു ചോദ്യം, എവിടെയൊക്കെയാണ് ഫ്രാൻസിസും ജീസസ് യൂത്തും പ്രസ്പരം ആശ്ലേഷിക്കുന്നത്?

✠ അദ്ദേഹത്തിന്റെ റൊമാൻറിക് സമീപനം: സ്നേഹം, ആനന്ദം, സൗന്ദര്യം ഇവയിലൊക്കെയാണ് നമ്മുടെയും ശ്രദ്ധ

✠ ഒരു കണ്ടുമുട്ടലിൽ വേരൂന്നി, പിന്തിരിയാതെ, ക്രിസ്തു കേന്ദ്രീകൃതമായ ജീവിതം



✠ ക്രിസ്തു തന്നെ അടിസ്ഥാനവും റഫറൻസ് പോയിന്റും

✠ തിരുവചനത്തോടുള്ള വിശ്വസ്തത

✠ യുവത്വപൂർണമായ ക്രിയാത്മകതയും നവനൂതന പ്രവചനാതീത ചൈതന്യവും

✠ കൂട്ടായ്മയിലെ സന്തോഷവും ആത്മീയ ആഘോഷവും

✠ സഭയോടുള്ള സ്നേഹവും സഭാധികാരികളോടുള്ള സന്തോഷ പ്രതികരണവും

✠ സ്ഥലകാലാനുചിതവും സ്വതസിദ്ധവുമായ ദൗത്യ സന്നദ്ധത

✠ ലാളിത്യം, എളിമ, സാധാരണത്വം എന്നിവയോട് ആഴമുള്ള പ്രതിബദ്ധത

തന്റെ മുൻഗാമിയായ ഫ്രാൻസിസിന്റെ പ്രചോദനം ഉൾക്കൊണ്ട് ലിയോ പാപ്പ നമുക്ക് ഒരു വർഷം തന്നിരിക്കുന്നു, തന്നിലും എത്രയോ വലിയ റാഡിക്കൽ വെല്ലുവിളി ഉയർത്തി കടന്നുപോയ ആ നാഥനെ അനുകരിച്ചു വലിയ അസ്വസ്ഥത വിതച്ച ഈ പുണ്യാത്മാവിനെ അടുത്തറിയാനും ജീവിതമാറ്റം വരുത്താനും. പിന്നീട് പലരും ഫ്രാൻസിസിനെ രണ്ടാം ക്രിസ്തു എന്ന് വിളിച്ചതിൽ അതിശയിക്കാനില്ല.

ഫ്രാൻസിസ് ജീസസ് യൂത്ത് മുന്നേറ്റത്തിന്റെ പുണ്യദർശകനാണല്ലോ. പലരും അശ്രദ്ധമായി അവഗണിക്കുന്ന ഒരു വസ്തുതയാണ് ഇത്. മറ്റു ചിലർക്ക് ഇത് ഗ്രഹിക്കാൻ പ്രയാസമുള്ള ഒരു കാര്യവും.

ഒരാളെ അടുത്തറിയുക എന്നതാണ് സൗഹൃദത്തിലേക്കും ശിഷ്യത്വത്തിലേക്കുമുള്ള ആദ്യപടി. പിന്നെ വേണ്ടത് ഒരു തുടർപ്രവർത്തനമാണ്, ആ അറിവ് സ്വന്തം ജീവിതത്തിലേക്ക് കൊണ്ടുവരാൻ – അതിന്റെ വെല്ലുവിളികൾ, സാധ്യതകൾ, തനത് യാഥാർഥ്യങ്ങൾ എല്ലാം. ഇതിന് വേണ്ടതോ? വ്യക്തിപരമായ വിചിന്തനം, കുറേ മൽപ്പിടുത്തം, ദൈവവും മറ്റുള്ളവരും ഒക്കെയായി ആത്മാർഥ സംഭാഷണം എന്നിവയാണ്. വെറും അറിവ് അപകടകരവും വഞ്ചനാപരവുമാണ്. മറിച്ച്, മുന്നേറാനും, പോരാടാനും, യഥാർഥ മാറ്റം കൊണ്ടുവരാനുള്ള സന്നദ്ധതയാണ് ഫലം പുറപ്പെടുവിക്കുന്നത്.

ഏതായാലും, പീറ്റർ തന്റെ ജോലി ഉപേക്ഷിച്ചില്ല. ഇപ്പോഴും ഒരു ജീസസ് യൂത്തായി തുടരുന്നു. അടുത്തിടെ അയാൾ ലിലിയനെ വിവാഹം കഴിച്ചു. പിന്നെ, ഫ്രാൻസിസുമായുള്ള ആ വലിയ കണ്ടുമുട്ടൽ ഇനിയുള്ള കാലത്ത് ആ ചെറുപ്പക്കാരനെ എങ്ങനെ രൂപപ്പെടുത്തും എന്ന് കാണാൻ ഞാൻ താത്പര്യപൂർവം കാത്തിരിക്കുന്നു.

***ലേഖകൻ ജീസസ് യൂത്ത് മുന്നേറ്റത്തിന്റെ തുടക്കക്കാരിൽ പ്രധാനി. അന്തർദേശീയ പ്രഭാഷകനും എഴുത്തുകാരനുമാണ്. 2018ൽ ഷെവലിയർപട്ടം സ്വീകരിച്ചിട്ടുണ്ട്.***



**കവർസ്റ്റോറി** - ജോബി തോമസ്, കോട്ടയം

# 'ശാന്തിയും സമാധാനവും ഹൃദയഭൂമി അവകാശമാക്കട്ടെ'

**ശാന്തത എന്നത് കേവലം നിശ്ശബ്ദതയെന്ന അവസ്ഥയല്ല മറിച്ച്, പ്രക്ഷുബ്ധതയ്ക്കിടയിലും ആരവങ്ങൾക്കിടയിലും ഉള്ളിലനുഭവിക്കുന്ന ഒരനുഭൂതിയാണത്.**

ജാക്ക് ഇ. ഡൗവ്സണിന്റെ 'പീസ് ഇൻ ദ് മിഡ്സ്റ്റ് ഓഫ് ദ് സ്റ്റോം' എന്ന പ്രശസ്ത ഛായാചിത്രം ഏറെ ഹൃദയസ്പർശിയാണ്. വലിയ പാറക്കെട്ടുകൾക്കിടയിലൂടെ കുത്തിയൊലിക്കുന്ന വെള്ളച്ചാട്ടവും മുഴക്കത്തോടെ ചീറിയടിക്കുന്ന കൊടുങ്കാറ്റും; കിഴക്കാംതൂക്കായ ആ പാറയിലെ കുഞ്ഞു പൊത്തിനുള്ളിൽ കാണാവുന്ന ചെറിയ കൂട്ടിൽ ശാന്തമായി വിശ്രമിക്കുന്ന ഒരു പ്രാവ്. ഈ ചിത്രം രചിക്കാൻ, തന്നെ പ്രചോദിപ്പിച്ച കഥയെക്കുറിച്ച് ജാക്ക് സൂചിപ്പിക്കുന്നുണ്ട്; 'സമാധാനം' വിഷയമായ ഒരു ചിത്രരചനാമത്സരം. അതിൽ സമ്മാനാർഹമായ സൃഷ്ടിയിൽ ദൃശ്യപ്പെട്ടത്, കടുത്ത കൊടുങ്കാറ്റിനു നടുവിലും അശാന്തയാകാതെ സ്വസ്ഥതയോടെ വസിക്കുന്ന ഒരു കൊച്ചുപക്ഷിയായിരുന്നു.

മുൻപ് കേട്ട ആ കഥയുടെ ഓർമയിൽ രചിച്ച ചിത്രത്തെക്കുറിച്ച് പറയുമ്പോൾ യോഹ 16, 33ലൂടെ ക്രിസ്തു മനുഷ്യവംശത്തിനു നൽകുന്ന സാന്ത്വനപ്രത്യാശയെക്കുറിച്ചു ഡൗവ്സൺ പരിചിന്തിക്കുന്നു. ജീവിതത്തിലെ അതികഠിന ഞെരുക്കങ്ങൾക്കിടയിലും മനുഷ്യകുലം സമാധാനം കണ്ടെത്തേണ്ടത്, ലോകത്തെ കീഴടക്കിയ തന്നിലാണെന്ന ക്രിസ്തുമൊഴിയാണത്.

അലയടിച്ചാർക്കുന്ന തിരമാലയും ചീറിയടിക്കുന്ന കൊടുങ്കാറ്റും വലയം ചെയ്ത യാനപാത്രം പോലെയാണ് ഇഹലോക ജീവിതവും. അതിന്റെ നടുവിൽ അതീവ നിശ്ശബ്ദവും നിഗൂഢവുമായി വസിക്കുന്ന ക്രിസ്തുസാന്നിധ്യമാണ് ശാന്തതയുടെ ന്യൂക്ലിയസ്. എല്ലാ പ്രതിസന്ധികളുടെയും ഉള്ളിൽ ആത്മാവിന്റെ അതിലാവണ്യം നിറഞ്ഞ ചിറകനക്കങ്ങളുണ്ട്. കൊടുങ്കാറ്റിന്റെയും ഭൂകമ്പത്തിന്റെയും അഗ്നിയുടെയും ഭീകര ഗർജനങ്ങൾ ഭയാനകമായ അന്തരീക്ഷം സൃഷ്ടിച്ചപ്പോഴും മൗണ്ട് ഹോറെബിലെ ഗുഹയിലിരുന്ന ഏലിയാ കുലുങ്ങിയില്ല. എല്ലാറ്റിനുമൊടുവിലെ നിശ്ശബ്ദതയിൽ മൃദുലമായ ദൈവസ്വരം തന്നെ തേടിയെത്തുമെന്ന് പ്രവാചകൻ തിരിച്ചറിഞ്ഞിരുന്നു. ലോക സമാധാനത്തിന്റെ പ്രാർഥന രചിച്ച അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസ് മതലോകത്തും മതനിരപേക്ഷ ലോകത്തും ഒരുപോലെ പ്രശസ്തനാണല്ലോ. രണ്ടാമത്തെ ക്രിസ്തുവായാണ് അദ്ദേഹം അറിയപ്പെട്ടതെന്ന് തിരിച്ചറിയുമ്പോൾ മാത്രമേ ക്രിസ്തുവും ശാന്തതയും തമ്മിൽ എത്രമാത്രം അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നുവെന്ന് ഗ്രഹിക്കാൻ കഴിയൂ.

ശാന്തശീലർ ഭൂമി അവകാശമാക്കുമെന്ന ക്രിസ്തുമൊഴികൾക്ക് ആന്തരികമായ നിരവധി അർഥതലങ്ങളുണ്ട്. ഭൂമിയെ അവകാശമാക്കലെന്നാൽ ജനഹൃദയങ്ങളിൽ കുടിയേറിപ്പാർക്കൽ കൂടിയാണ്. പ്രക്ഷുബ്ധമായ ലോകത്തെ മുന്നോട്ടു ചലിപ്പിക്കുന്ന പ്രചോദനാത്മക സൗമ്യ സാന്നിധ്യങ്ങളായി പരിണമിക്കലാണ്. കൽക്കട്ടയിലെ വി. മദർ തെരേസയും, വി. ജോൺ പോൾ രണ്ടാമൻ പാപ്പയും, തെയ്സേയിലെ ബ്രദർ റോജറുമെല്ലാം ഇരുപതാം നൂറ്റാണ്ടിന്റെ നൃശംസതകളെ ശാന്തത നിറഞ്ഞ ക്രിസ്തു സാന്നിധ്യങ്ങളായി നേരിട്ടുകൊണ്ട് ഭൂമിയെ അവകാശമാക്കിയവരാണ്. അന്തരിച്ച ഫ്രാൻസിസ് പാപ്പയും ക്രിസ്തീയ സമാധാനത്തിന്റെ സമീപകാല സാക്ഷ്യം തന്നെ.

നമ്മളോരോരുത്തരും വിളിക്കപ്പെട്ടിരിക്കുന്നത് ശാന്തശീലരായി ഭൂമിയെ അനുഗ്രഹത്തിന്റെ അവകാശമായ ഇടമാക്കാനാണ്. അനുദിന ജീവിത വഴികളിൽ, കുടുംബത്തിലും കലാലയത്തിലും ജോലിസ്ഥലത്തുമെല്ലാം വ്യക്തിപരമായി ശാന്തപ്രകൃതിയുടെ മനുഷ്യ രൂപങ്ങളാകാൻ നമുക്കും സാധിക്കട്ടെ. ഗവേഷകയും കവിയും ചിത്രകാരിയുമായ ഒരു സുഹൃത്ത്, അവളുടെ ആത്മസ്നേഹിതയെ ചേർത്തുപിടിച്ചു ചുംബിക്കുന്ന ചിത്രം സ്റ്റാറ്റസിലിട്ട ശേഷം അടിക്കുറിപ്പിൽ ഇങ്ങനെ എഴുതി "If peace was a person!!!" നമ്മെക്കുറിച്ച് അടുപ്പമുള്ള ആരെങ്കിലും ഇങ്ങനെ കൈചൂണ്ടിപ്പറയുമോ, 'ഇതാ ശാന്തതയുടെ ആൾ രൂപം' അങ്ങനെയൊരു രൂപാന്തരീകരണത്തിന്റെ വെട്ടിയൊരുക്കൽ, നോമ്പുകാലം നമുക്ക് സമ്മാനിക്കട്ടെ.

***ലേഖകൻ ജീസസ് യൂത്തും അധ്യാപകനുമാണ്.***

നമ്മളോരോരുത്തരും
വിളിക്കപ്പെട്ടിരിക്കുന്നത്
ശാന്തശീലരായി ഭൂമിയെ
അനുഗ്രഹത്തിന്റെ
അവകാശമായ
ഇടമാക്കാനാണ്.



'Peace in the Midst of the Storm' by Jack E. Dawson

# അനുപമം അവർണനീയം ഈയനുഭവങ്ങൾ

ഇടുക്കി ജില്ലയിലെ നെടുങ്കണ്ടം എം.ഇ.എസ്. കോളേജിലെ ബി.എസ്.സി. മാത്തമാറ്റിക്സ് പഠനകാലയളവിലാണ് ജീസസ് യൂത്ത് കൂട്ടായ്മയിൽ ഞാനെത്തുന്നത്. മുസ്ലിം കോളേജ് ആയതിനാൽ അവിടെ നിന്ന് കുറച്ചകലെ ഒരു ജോർജ് സാറിന്റെ വീട്ടിൽ കുറച്ചു പേരടങ്ങുന്ന ഒരു പ്രാർഥന ഗ്രൂപ്പ് വെള്ളിയാഴ്ചകളിൽ ഉണ്ടെന്നറിഞ്ഞു. ഒന്ന് പോയി നോക്കാമെന്ന് കരുതി, അതായിരുന്നു തുടക്കം. ലീഡർഷിപ്പ് പ്രോഗ്രാമിൽ പങ്കെടുത്തതിലൂടെയാണ് കുറച്ചുകൂടി ശക്തമായി ജീസസ് യൂത്ത് ആധ്യാത്മികതയിൽ മുന്നോട്ടു പോകാൻ കഴിഞ്ഞത്. ക്യാമ്പസ് മീറ്റ്, ട്രെയിനിങ് പ്രോഗ്രാം, ഹൈറേഞ്ച് മേഖല കരിസ്മാറ്റിക് കൺവെൻഷൻ അങ്ങനെനീളുന്ന പ്രോഗ്രാമുകളുടെ ഒരു ലിസ്റ്റ്. ഞാൻ ഒന്നും നഷ്ടപ്പെടുത്തിയില്ല. വീട്ടിലും സന്തോഷമായിരുന്നു. വളരെ കഷ്ടപ്പാടിലൂടെയുള്ള പഠനമായിരുന്നെങ്കിലും നേതൃപാഠവമുണ്ടായിരുന്നതിനാൽ കോളേജ് വൈസ് ചെയർപേഴ്സൺ ആയി മത്സരിക്കാൻ അവസരം ലഭിച്ചു. വിജയിക്കാൻ കഴിഞ്ഞതിന്റെ പിന്നിൽ ജീസസ് യൂത്ത് മാത്രം.

വീട്ടിലെ പ്രയാസമോർത്താൽ ഡിഗ്രിക്കുശേഷം എന്തെങ്കിലും ജോലി എന്നതായിരുന്നു ലക്ഷ്യം. അപ്പോഴാണ് ഫുൾടൈമർ എന്നതിനെക്കുറിച്ച് അറിഞ്ഞത്. വീട്ടിൽ ആദ്യം വിസമ്മതിച്ചു. എനിക്ക് രണ്ട് ചേട്ടന്മാരാണുള്ളത്. വീട്ടിലെ ഇളയ മകൾ, ഒറ്റയ്ക്ക് വിടാനുള്ള ഭയം അങ്ങനെ നീളുന്നു കാരണങ്ങൾ. പക്ഷേ, പ്രീഡിഗ്രി കഴിഞ്ഞപ്പോഴേ എല്ലാ കാര്യങ്ങളും സ്വയംചെയ്യാനും എല്ലായിടത്തും പോകാനും പപ്പ നല്ല പരിശീലനം നൽകുമായിരുന്നു. അതിലുപരി ഇടവക ദേവാലയത്തോടു ചേർന്നുള്ള ജീവിതമായിരുന്നു ഞങ്ങളുടേത്. അതെല്ലാമെന്നെ സഹായിച്ചു. പിന്നെ കട്ടപ്പന സോണിൽ നിന്നും നല്ല പിന്തുണ ലഭിച്ചു. എനിക്ക് ലഭിച്ച 40 ദിവസത്തെ ഫുൾടൈമർഷിപ്പ് പരിശീലനം എന്റെ മാതാപിതാക്കളെയും വളരെ സ്വാധീനിച്ചു. ആരുടെ മുന്നിലും സംസാരിക്കാനുള്ള ആത്മധൈര്യവും മറ്റു കൂട്ടായ്മകളിൽ നിന്ന് വ്യത്യസ്തമായി യുവജനങ്ങളുടെ പക്വതയാർന്ന പെരുമാറ്റവും അവർ അത്ഭുതത്തോടെ നോക്കിക്കണ്ടു. ഒരുവർഷം ദൂരത്തേക്ക് എന്നെ വിടാനുള്ള ധൈര്യമവർക്ക് കിട്ടി.

കാസർഗോഡ് സോണിലേക്കായിരുന്നു ഞാൻ ഫുൾടൈമറായി പോയത്. ആദ്യമായിട്ടാണെങ്കിലും പപ്പയുടെ ധൈര്യം, ബസ്സിൽ കട്ടപ്പനയിൽ നിന്ന് കാസർകോട് ജില്ലയിലെ നീലീശ്വരത്തേക്ക് എന്നെ ഒറ്റയ്ക്കുവിട്ടു. ആദ്യദിനം ഞാൻ കാണുന്നത് അവിടത്തെ ബിജോ ചേട്ടനെയാണ്. എനിക്കെപ്പോഴും നല്ല സ്വാതന്ത്ര്യമുണ്ടായിരുന്ന ബിജോ ചേട്ടന്റെ കുടുംബം മുതൽ പിന്നെ ചെന്നെത്തിയ എല്ലാ വീടുകളും അവിടെയുള്ളവരും സ്വന്തമായി മാറി. ആദ്യമായി അവിടത്തെ കൂട്ടായ്മയിൽ എത്തിയപ്പോൾ ഞാനൊന്ന് ഞെട്ടി. ഇത്രയും ആൾക്കാരുടെ ഇടയിൽ എന്ത്, എങ്ങനെയെന്നാലോചിച്ചു. ബലഹീനതയിലാണ് കർത്താവിന്റെ ശക്തി പ്രകടമാവുന്നത് എന്ന് ഈശോ അവിടെവച്ച് എനിക്ക് ബോധ്യപ്പെടുത്തിത്തന്നു. ഓരോ നിമിഷത്തിലും ധൈര്യപ്പെടുത്തിയ എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു. ഒരുവർഷം എങ്ങനെ കടന്നുപോയി എന്ന് പറയാനാവുന്നില്ല.

ഒരനുഭവമോർക്കുന്നു. ഒറ്റയ്ക്ക് ഒരു വഴിയാത്രയ്ക്കിടയിൽ ഒരു ജീപ്പ് കാണുന്നു. തിരുവല്ല രൂപതയുടെ പിതാവ് ഗീവർഗീസ് മാർ തിമോത്തിയോസ് ജീപ്പിന്റെ പുറകിലിരിക്കുന്നു. ഞാൻ കൈനീട്ടി, പെട്ടെന്ന് വണ്ടി നിറുത്തി, എന്നെയും ജീപ്പിൽ കയറ്റി. വിശേഷങ്ങളൊക്കെ പങ്കുവച്ചു. അങ്ങനെയാണ് പിതാവ് ഈ പ്രവർത്തനം മനസ്സിലാക്കുന്നത്. സുന്ദര നിമിഷങ്ങൾ. പിതാവ്

ചോദിച്ചു, മോൾ ഒറ്റയ്ക്ക് ഇങ്ങനെ ഈ വഴിയിൽ...? അതിന്റെ മറുപടി ഞാൻ ഇങ്ങനെ പറഞ്ഞു: 'അതാണ് ജീസസ് യൂത്ത്.' പിതാവിന് ഒരുപാടിഷ്ടമായി.

ഫുൾടൈമർഷിപ്പ് കഴിഞ്ഞ് ജോലിയെന്ന സ്വപ്നവുമായി മുന്നോട്ടു പോകുന്നതിനിടയിലാണ് കല്യാണാലോചന വന്നത്. ആറ് സമർപ്പിതരുള്ള കുടുംബത്തിൽ നിന്നാണ് കല്യാണാലോചന. ഞാനൊന്ന് പകച്ചു. ചിന്തിക്കാനാവുന്നില്ല. പഠിച്ചു ജോലി ചെയ്ത് എന്റെ മാതാപിതാക്കളെ രക്ഷിക്കണം. ശേഷം ബാക്കി കാര്യങ്ങൾ എന്നാണ് ആഗ്രഹിച്ചിരുന്നത്. പക്ഷേ, ഈശോ മുൻകൂട്ടി എന്നെ ഒരുക്കുകയായിരുന്നു. എന്റെയാഗ്രഹം പോലെതന്നെ ഒരു തൊഴിലറിയാവുന്ന വ്യക്തിയാണ്, ഇലക്ട്രീഷ്യൻ ആണ്. ദൈവകൃപയാൽ മുന്നോട്ടുപോകാനാവുന്ന കുടുംബം. പള്ളിയിലെ ഗായകസംഘത്തിലുള്ള ആളാണെന്ന് കേട്ടപ്പോൾ മനസ്സിൽ ഒരാഗ്രഹം. വിവാഹം സമ്മതിക്കാൻ കാരണം, ഭർത്താവിന്റെ പിതാവ് എന്നെ എത്ര പഠിപ്പിക്കാനും തയ്യാറായ വ്യക്തിയായിരുന്നു. എന്നാലും സാമ്പത്തികം വേണ്ടേ.. പക്ഷേ, പിന്നീട് നടന്നത് ദൈവപരിപാലനയുടെ ഒരു ഘോഷയാത്ര തന്നെയാണ്. ഒന്നുമില്ലായ്മയിൽ നിന്ന് ദൈവം ഉയർത്തിയ നിമിഷങ്ങൾ.

**വീട്ടിലെ പ്രയാസമോർത്താൽ ഡിഗ്രിക്കുശേഷം എന്തെങ്കിലും ജോലി എന്നതായിരുന്നു ലക്ഷ്യം. അപ്പോഴാണ് ഫുൾടൈമർ എന്നതിനെക്കുറിച്ച് അറിഞ്ഞത്; വീട്ടിൽ ആദ്യം വിസമ്മതിച്ചു.**

"രക്ഷിക്കാൻ കഴിയാത്ത വിധം കർത്താവിന്റെ കരം കുറുകിപോയിട്ടില്ല, കേൾക്കാനാവാത്ത വിധം അവിടത്തെ കാതുകൾക്ക് മാന്ദ്യം സംഭവിച്ചിട്ടില്ല" (ഏശയ്യാ 59, 1). എല്ലാ കഷ്ടപ്പാടുകൾക്കും ആഗ്രഹങ്ങൾക്കും ഒരുത്തരമായിരുന്നു ഈ വിവാഹം. അതിലുപരി എന്നെ കരുതുകയും സ്നേഹിക്കുകയും ചെയ്യുന്ന ഒരു നല്ല അച്ചായൻ. ജീസസ്‌യൂത്ത് ഒന്നും പരിചയമില്ലെങ്കിലും എല്ലാത്തിനും എന്നെ വിടാൻ മനസ്സുണ്ട്. വിവാഹം നടന്ന വർഷംതന്നെ ബി.എഡ് പൂർത്തിയാക്കി. തൊട്ടടുത്ത വർഷം മുതൽ ജോലിക്ക് പോയിത്തുടങ്ങി. 2019ൽ അധ്യാപികയായി സ്ഥിരജോലിയിൽ പ്രവേശിച്ചു. അതിന്റെ കൂടെ എം.എസ്.സി മാത്തമാറ്റിക്സും എം.എസ്.സി സൈക്കോളജിയും പഠിച്ചു. പി.എസ്.സി ഹെഡ്മാസ്റ്റർ ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് 2019 മുതൽ എഴുതാൻ തുടങ്ങി.



തുടർച്ചയായ ശ്രമങ്ങൾക്കുശേഷം ഈ വർഷം വിജയിച്ചു. കുടുംബത്തിന്റെ പൂർണ പിന്തുണയോടെ ഇപ്പോൾ 46-ാമത്തെ വയസ്സിൽ ഞാൻ KTET പഠനത്തിലാണ്. ജീവിതത്തിന്റെ നാൾവഴികളിൽ ഈശോയുടെ കൈപിടിച്ച് നേടിയതാണെല്ലാം. നിരന്തരമായ പ്രാർഥനയുടെ ഫലമായി ചെറിയ ജീസസ് യൂത്ത് പ്രോഗ്രാമിൽ കുടുംബത്തോടെ പോയി. ഇപ്പോഴും ജീസസ് യൂത്തിൽ അത്ര സജീവമാകാൻ സാധിച്ചിട്ടില്ല. വളരെ സന്തോഷപൂർവമുള്ള കുടുംബജീവിതം നൽകി ഈശോ അനുഗ്രഹിച്ചു. മക്കൾ മൂന്നു പേരും മിടുക്കരായി പഠിക്കുന്നു. പാഠ്യേതര വിഷയങ്ങളിലും വിജയിച്ചു മുന്നേറുന്നു.

'ഈശോയ്ക്കു വേണ്ടിയാണ് എല്ലാം ചെയ്യുന്നെങ്കിൽ, എൻ മനമേ ആശങ്ക വേണ്ട...' സ്കൂളിൽ വ്യത്യസ്തയായ അധ്യാപികയാകാൻ കഴിഞ്ഞുവെന്നാണ് ഞാൻ കരുതുന്നത്. എല്ലാവരെയും സ്നേഹിക്കാനും ആരോടും പിണങ്ങാതെയും മുന്നോട്ട് പോകാൻ ശ്രമിക്കുന്നു. അധ്യാപന ജീവിതത്തിൽ നിയമനം ശരിയാവാനും ശമ്പളം ലഭിക്കാനും തടസ്സം നേരിട്ടില്ല. ഏത് ഓഫീസിൽ പോകാനും അധികാരികളോട് സംസാരിക്കാനും ശക്തി ലഭിച്ചത് ജീസസ്‌യൂത്ത് പരിശീലനങ്ങളിൽ നിന്നാണ്. സംസ്ഥാനതലം വരെ ലഹരിക്കെതിരെയുള്ള പ്രവർത്തനത്തിന്റെ ഭാഗമായി പ്രവർത്തിക്കാൻ കഴിഞ്ഞു. കൂടാതെ ഗണിതശാസ്ത്ര വിഷയത്തിൽ ജില്ലാ/സംസ്ഥാന തലങ്ങളിൽ റിസോഴ്സ് ഗ്രൂപ്പ് അംഗമായി. ഭർത്താവും മക്കളും നന്നായി പാടും. ആ മേഖലയിലും എത്താൻ കഴിഞ്ഞു. "ഞാൻ മാതാവിന്റെ ഉദരത്തിൽ ആയിരിക്കുമ്പോൾത്തന്നെ ദൈവം എന്നെ പ്രത്യേകം തെരഞ്ഞെടുത്തു. തന്റെ കൃപയാൽ അവിടന്ന് എന്നെ വിളിച്ചു" (ഗലാത്തി 1, 15).

ഒമ്പതാമത്തെ ഫുൾടൈമർ ബാച്ചിൽ മലങ്കര കത്തോലിക്കാസഭയിൽ നിന്നുള്ള ഏക വ്യക്തി ഞാനായിരുന്നു. സീറോ മലങ്കരസഭയിലെ എല്ലാ ഇടവകകളിലും ജീസസ് യൂത്ത് പടർന്ന് പന്തലിക്കണം എന്നത് അന്നെന്റെ സ്വപ്നമായിരുന്നു. സഭ ശക്തമായി ഉണരുന്ന ഈ ജൂബിലി വർഷത്തിൽ എല്ലാ മലങ്കര രൂപതകളിൽ നിന്നുമുള്ള ജീസസ്‌യൂത്ത് ഒരുമിച്ചു കൂടി, അങ്ങനെ ആ സ്വപ്നവും പൂവണിഞ്ഞു. ഞങ്ങളുടെ ഒമ്പതാമത്തെ ബാച്ച് ഫുൾടൈമേഴ്സ് ഗ്രൂപ്പ് വലിയ കരുത്ത് ലഭിക്കുന്ന ഒരിടമാണ്. എല്ലാ സന്തോഷവും സങ്കടവും പങ്കുവയ്ക്കാൻ പറ്റുന്ന ഒരു സ്നേഹവലയം. ജോർജ് അച്ചൻ, റെജി ചേട്ടൻ, ബേബിച്ചായൻ... പറയാൻ ഒരുപാട് പേരുണ്ട്. അവരിലൂടെ ഞങ്ങൾക്കു ലഭിച്ച വിശ്വാസത്തിലും തീക്ഷ്ണതയിലും ഇന്നും ജീവിക്കുന്നു. ഞങ്ങളുടെ ബാച്ചിലെ വൈദികർ ഞങ്ങൾക്ക് വലിയ ശക്തിയാണ്. കാരണം വിശുദ്ധ കുർബാന അർപ്പിച്ച് ഞങ്ങളുടെ ജീവിത നിയോഗങ്ങൾക്കുവേണ്ടി അവർ പ്രാർഥിക്കുന്നു. ജീസസ് യൂത്തിൽ വരുന്നവർ ഒരിക്കലും എന്തൊക്കെ വന്നാലും നിരാശരാവുകയില്ല എന്നുറപ്പാണ്. അനേകം മക്കൾ ഇതുപോലെ കടന്നുവന്ന് സഭയെ പടുത്തുയർത്തുന്നതിൽ പങ്കാളികളാവട്ടെ.



ഫമിലിയ/മൈസ്റ്റോറി - ജിബി ജോർജ്, ഷാർജ



കഴിഞ്ഞ ആഴ്ച, പന്ത്രണ്ടാം ക്ലാസ്സിൽ പഠിക്കുന്ന എന്റെ മോളുടെ ഹാൾ ടിക്കറ്റ് വാങ്ങാനായി അവളോടൊപ്പം അവൾ പഠിക്കുന്ന സ്കൂളിൽ പോയി. ഫീസ് അടയ്ക്കാനുള്ള കൗണ്ടറിന് മുന്നിൽ പതിവിലേറെ തിരക്ക്. ചെറുപ്പക്കാരായ മാതാപിതാക്കളുടെ നീണ്ട നിര. എന്റെ മുന്നിൽ ഒരു കൊച്ചു മോളെ കൈയിലെടുത്തു നിന്നിരുന്ന മലയാളി ദമ്പതികൾ. അമ്മയുടെ കരങ്ങളിൽ നിന്ന് വഴുതി മാറി അപ്പന്റെ കൈയിലേക്കു പോകാനായി അവൾ പിടിവാശി കാണിക്കുന്നു. ഒടുവിൽ അപ്പന്റെ നെഞ്ചിൽ വിജയഭാവത്തോടെ ചാരിനിന്ന്, തന്റെ കുഞ്ഞിക്കൈകളാൽ അപ്പന്റെ മുഖത്ത് തൊട്ടും തലോടിയും ചിത്രങ്ങൾ വരക്കുന്നു. ചിണുങ്ങിയും കൊഞ്ചിയും തന്റെ നിഷ്കളങ്ക സ്നേഹം പ്രകടിപ്പിക്കുന്ന ആ മനോഹര നിമിഷങ്ങളെ കണ്ണിമ ചിമ്മാതെ ഞാൻ നോക്കി നിന്നു.

ചെറുപ്പക്കാരനായ ആ പിതാവ് എന്നോടു ചിരിച്ചുകൊണ്ട് ചോദിച്ചു: "ചേട്ടനും കെജി അഡ്മിഷന് വന്നതാണോ?" ആ ചോദ്യം ഞാൻ ഉള്ളിൽ നന്നായി ആസ്വദിച്ചു. പന്ത്രണ്ടു വർഷങ്ങൾക്കുമുമ്പ് ഇതേ വഴിയിലൂടെ ഞാനും നടന്നുപോയിരുന്നുവെന്ന് ഞാൻ പറഞ്ഞു. ഇന്ന് ഈ സ്കൂളിൽ എന്റെ മോളുടെ അവസാന ഫീസ് അടക്കാനാണ് വന്നതെന്നും കൂട്ടിച്ചേർത്തു. ഒരു ചെറിയ ചിരിയോടെ ഞങ്ങൾ പിരിഞ്ഞു. എന്നാൽ മനസ്സ്, പിന്നിട്ടകാലത്തിന്റെ വഴികളിലൂടെ പിന്നോട്ടോടി.

പള്ളികളിലും സൂപ്പർമാർക്കറ്റുകളിലും തീയറ്ററുകളിലും ഇപ്പോൾ കാണുന്നത് ചെറുപ്പക്കാരായ മാതാപിതാക്കളുടെ തിരക്കാണ്. ഒരിക്കൽ ഞങ്ങളും മൂന്നു കുഞ്ഞുങ്ങളെ കൂട്ടി നടന്നുനീങ്ങിയ ദിനങ്ങൾ ഓർമകളിൽ നിറഞ്ഞു. കുട്ടികൾ വളരുമ്പോൾ, ഒപ്പം അപ്പനും അമ്മയും വളരുന്നു എന്ന സത്യത്തെ ഞാൻ കൂടുതൽ വ്യക്തമായി തിരിച്ചറിയുന്നു. കുഞ്ഞുങ്ങളുടെ വളർച്ചയുടെ കാലഘട്ടങ്ങളെ ഒരു മനഃശാസ്ത്ര കണ്ണുകളിൽ കാണുവാൻ അല്ല, മറിച്ച് സ്നേഹത്തിന്റെ കൗതുകത്തിൽ നോക്കിക്കാണുവാൻ ഞാൻ ആഗ്രഹിക്കുന്നു. പല്ല് മുളയ്ക്കാത്ത മോണ കാട്ടി നിഷ്കളങ്കമായി ചിരിക്കുന്ന കലപിലകളുടെ ഒരു മനോഹര കാലം... നിഷ്കളങ്കമായി മനസ്സിലുള്ളതെല്ലാം ഉറക്കെ പ്രകടിപ്പിക്കുന്ന അതിസുന്ദര ബാല്യകാലം... മക്കൾ ടീനേജിലൂടെ കടന്നുപോകുമ്പോൾ, രൂപാ

കുട്ടികൾ വളരുമ്പോൾ, ഒപ്പം അപ്പനും അമ്മയും വളരുന്നു എന്ന സത്യത്തെ ഞാൻ കൂടുതൽ വ്യക്തമായി തിരിച്ചറിയുന്നു.

# ജീവിതം അതിമനോഹരം

ന്തരീകരണം സംഭവിക്കുന്ന യാഥാർഥ്യങ്ങളുടെ ശരിയായ കാലം. ഇവയെല്ലാം ഒരു അപ്പന്റെ ഹൃദയത്തിൽ നിശ്ശബ്ദമായി ആലേഖനം ചെയ്യപ്പെടുന്ന സ്നേഹ വിസ്മയങ്ങളുടെ അധ്യായങ്ങളാണ്. ചില ഓർമകൾ മനസ്സിന്റെ ഹാർഡ് ഡിസ്കിൽ ശാശ്വതമായി പതിഞ്ഞിരിക്കുന്നു; ചിലതെല്ലാം കാലത്തിന്റെ മേഘപടലങ്ങൾക്കുള്ളിൽ മറഞ്ഞുപോയിട്ടുമുണ്ട്.

1993-ൽ എന്റെ അച്ചാച്ചൻ ലോകത്തിൽ നിന്ന് വിടവാങ്ങിയ ശേഷം, ജീവിതത്തിന്റെ ദിശമാറിയ ഒരു കാലഘട്ടം ഞാൻ അഭിമുഖീകരിച്ചിരുന്നു. ആ കാലഘട്ടത്തിൽ എനിക്ക് ഏറ്റവും വലിയ അനുഗ്രഹമായി തോന്നിയത്, എന്റെ അമ്മയുമായുണ്ടായിരുന്ന ഏറ്റവും അടുത്ത ബന്ധമായിരുന്നു. അമ്മയും മകനും തമ്മിലുള്ള ഒരു ചങ്ങാത്തമായി പറയാനാണ് എനിക്ക് ഏറെയിഷ്ടം. വാക്കുകളിൽ പൂർണമായി വർണിക്കാൻ കഴിയാത്ത ഒരു സ്നേഹ വിസ്മയമായിരുന്നു എന്റെ അമ്മ. അമ്മാമ്മയുടെ (ഞങ്ങൾ മക്കൾ അങ്ങനെയാണ് വിളിക്കുന്നത്) പുഞ്ചിരി മുഖത്തെ ഒരു അലങ്കാരം മാത്രമല്ലായിരുന്നു; ഹൃദയത്തിലെ സന്തോഷം പുറത്തേക്കു വിടരുന്ന പ്രകാശമായിരുന്നു ആ പുഞ്ചിരി. എന്റെ കൂട്ടുകാരും പലപ്പോഴും പറയുമായിരുന്നു അമ്മാമ്മയുടെ ആ ചിരിയാണ് ഞങ്ങളെ നിന്റെ വീട്ടിലേക്ക് ആകർഷിക്കുന്നതെന്ന്.

കുട്ടികളുടെ ഭാവിയെക്കുറിച്ച് ചിന്തിക്കുന്ന നിമിഷങ്ങളിൽ, എന്റെ മുന്നിൽ തെളിയുന്ന വലിയ ചിത്രവും ശുഭാപ്തിവിശ്വാസവും എന്റെ അമ്മയുടെ ആ പുഞ്ചിരിയാണ്. ഒരിക്കൽ അമ്മ പറഞ്ഞിരുന്നു: "എന്റെ അഞ്ച് മക്കളും കോടീശ്വരന്മാർ ആയിരിക്കണമെന്നില്ല. പക്ഷേ, ദൈവവിശ്വാസത്തിൽ കോടീശ്വരന്മാരും, കത്തോലിക്ക സഭയുടെ ഉത്തമ മക്കളുമാകും." തന്റെ മക്കളെക്കുറിച്ച് സ്നേഹനിധിയായ ഒരു മാതാവിന്റെ ഹൃദയത്തിൽ നിന്നുയർന്ന ആത്മവിശ്വാസത്തിന്റെ ഉറച്ച പ്രഖ്യാപനം! അത് കാലഘട്ടങ്ങളെ അതിജീവിക്കുന്ന തെളിമയുള്ള ബോധ്യമായിരുന്നു. ആ ബോധ്യം ഉന്നത വിദ്യാഭ്യാസത്തിൽ നിന്നും ആർജിച്ചെടുത്തതല്ല, മറിച്ച് സ്നേഹത്തിന്റെ മൂശയിൽ ജീവിതാനുഭവങ്ങളിലൂടെ പരുവപ്പെടുത്തിയെടുത്തതാണ്.

മക്കളെക്കുറിച്ച് നിർമലമായ സ്വപ്നങ്ങൾ കാണാനും, അവരുടെ സ്വപ്നങ്ങൾക്ക് ചിറകേകാനും, ആ ചിറകുകൾ ദിശ തെറ്റാതെ ഉയരങ്ങളിലേക്ക് പറന്നുയരാൻ വഴികാട്ടാനുമുള്ള ഉത്തരവാദിത്വം മാതാപിതാക്കളിലാണ് ഏറ്റവും കൂടുതലായി നിക്ഷിപ്തമായിരിക്കുന്നത്. ഭാവിയുടെ അനന്ത വിഹായസിലേക്ക് അവർ നടത്തുന്ന ഓരോ പറക്കലിനും യാഥാർഥ്യബോധത്തിന്റെ ദിശാസൂചിക നൽകാൻ കഴിയുന്നത് മാതാപിതാക്കൾക്കു മാത്രമാണ്. അതുകൊണ്ടുതന്നെ, മക്കളെ വളർത്തുന്നത് അവരുടെ ഭാവിയെ രൂപപ്പെടുത്തുന്നതു മാത്രമല്ല; നമ്മുടെ സ്വഭാവവും മൂല്യങ്ങളും ജീവിതദർശനവും അവരിലൂടെ പകർന്നു നൽകുന്ന ഒരു വിശുദ്ധ ദൗത്യം കൂടിയാണ്.

കുട്ടികളുടെ വളർച്ച അവരുടെ മാത്രം യാത്രയല്ല; അത് മാതാപിതാക്കളുടെ ആത്മാവിനെ രൂപപ്പെടുത്തുന്ന ആഴമുള്ളൊരു ആത്മയാത്ര കൂടിയാണ്. ഓർമകളുടെ മൃദുവായ വെളിച്ചത്തിൽ തിരിഞ്ഞുനോക്കുമ്പോൾ, ജീവിതം ഒരു നിരന്തര അധ്യാപകനെപ്പോലെ നമ്മെ പഠിപ്പിച്ചും വളർത്തിയും കൊണ്ടിരിക്കുന്നു എന്ന് തിരിച്ചറിയാം. മകനായി ആരംഭിച്ച ജീവിതം, ഭർത്താവായും പിന്നീട് അപ്പനായും മാറുന്ന ഓരോ ഘട്ടത്തിലും പുതിയ അർഥങ്ങൾ കണ്ടെത്തുന്നു. ഉത്തരവാദിത്വങ്ങളുടെ ഭാരം മാത്രമല്ല, സ്നേഹത്തിന്റെ വിശാലതയും അതിനൊപ്പം വളരുന്നു. വിസ്മയങ്ങളാൽ നിറഞ്ഞ അനുഭവങ്ങളുടെ സമ്പത്തോടെ മുന്നോട്ട് സഞ്ചരിക്കുമ്പോൾ, ശുഭാപ്തി വിശ്വാസത്തോടെ ഹൃദയം നിറഞ്ഞ് പറയാൻ കഴിയണം – 'ജീവിതം അതിമനോഹരം!'

*ജിബി ജോർജ് കുടുംബത്തോടൊപ്പം ഷാർജയിൽ താമസിക്കുന്നു. ഷാർജ സെന്റ് മൈക്കിൾസ് ദേവാലയത്തിലെ മലയാളം കമ്മ്യൂണിറ്റി സെക്രട്ടറിയും സീറോ മലബാർ വിശ്വാസ പരിശീലകനുമാണ്. ജീസസ് യൂത്തിന്റെ സജീവ പ്രവർത്തകനായിരുന്നു. ഓഡിയോ വിഷ്വൽ മീഡിയ മേഖലകളിൽ കൂടുതലായി പ്രവർത്തിച്ചുവരുന്നു. ഭാര്യ ലിനി, മക്കൾ കൃപ, ഗ്രീഷ്മ, ക്രിസ്റ്റഫർ.*



പാഥേയം - ശശി ഇമ്മാനുവേൽ

# സ്നേഹമെന്ന സമ്മാനം



*"ലോകത്തെ സൃഷ്ടിക്കുന്നതിന് ദൈവത്തിന് മൂലധനം മുടക്കേണ്ടി വന്നിട്ടില്ല; എന്നാൽ, ലോകത്തെ രക്ഷിക്കുന്നതിന് ദൈവപുത്രന്റെ ജീവരക്തമാണ് വിലയായി നൽകേണ്ടി വന്നത്"* (ബിഷപ് ഫുൾട്ടൺ. ജെ. ഷീൻ)

സാമ്പത്തികമായി നന്നായി ഞെരുങ്ങുന്ന ഒരു കുടുംബമായിരുന്നു അത്. ആ വർഷത്തെ ക്രിസ്മസ് വന്നെത്തുമ്പോൾ കുടുംബനാഥൻ വല്ലാത്ത ഒരു അങ്കലാപ്പിലായിരുന്നു, എന്തൊക്കെ ചെയ്യാനിരിക്കുന്നു. ഒന്നിനും പണം തികയുന്നുമില്ല. മോളുടെ പിറന്നാളും ക്രിസ്മസ്സും ഒന്നിച്ചാണ് വരാൻ പോകുന്നത്. അഞ്ചു വയസുകാരിക്ക് നല്ലൊരു ക്രിസ്മസ് സമ്മാനം വാങ്ങി കൊടുക്കണം എന്നു വിചാരിക്കുന്നതല്ലാതെ നടക്കുമെന്ന് തോന്നുന്നില്ല. നിരാശനായി വീട്ടിൽ വന്നുകയറിയപ്പോൾ കണ്ട കാഴ്ച മകൾ ക്രിസ്മസ് ട്രീ അലങ്കരിക്കാൻ കരുതിവച്ച വർണക്കടലാസെടുത്ത് ഒരു പെട്ടി പൊതിയുന്നു. കണ്ടപ്പോൾ ദേഷ്യം വന്നു. ഇനി എന്തെടുത്ത് ട്രീ അലങ്കരിക്കും? അവളെ കുറച്ചധികം വഴക്കുപറഞ്ഞു.

പിറ്റേന്ന് കാലത്ത് മകൾ ആ വർണക്കടലാസുകൊണ്ട് പൊതിഞ്ഞ പെട്ടിയുമായി അയാൾക്കരികിൽ വന്നിട്ട് പറഞ്ഞു: "ഇത് ഡാഡിക്കാണ്." അയാൾക്ക് അവളെ ചീത്ത പറഞ്ഞതിൽ വല്ലായ്മ തോന്നി. കൗതുകത്തോടെ പെട്ടി തുറന്നുനോക്കി. ഞെട്ടിപ്പോയി, ഒരു കാലിപ്പെട്ടി. ഇവൾ ആളെ കളിയാക്കുകയാണോ? അച്ഛൻ സങ്കടത്തോടെ പരുഷമായി പറഞ്ഞു: "മോളേ, എന്തെങ്കിലും ആർക്കെങ്കിലും നൽകുമ്പോൾ പറ്റിക്കാൻ നിൽക്കരുത്. ഇതൊക്കെ മോശമാണ്. ഇതുപോലെ കാലിപ്പെട്ടി ഇനിയാർക്കും നല്കരുത്. ആ കുരുന്ന് നിറകണ്ണുകളോടെ അയാളെ നോക്കി, "ഡാഡീ, അത് കാലിപ്പെട്ടിയല്ലല്ലോ, ഞാനിതിൽ നൂറുനൂറ് ഉമ്മകൾ വെച്ചിട്ടുണ്ട്." അച്ഛൻ വിഷമത്തിലായി. പണത്തിന്റെ ബുദ്ധിമുട്ടു കാരണം മകൾ കണ്ടുപിടിച്ച ഒരു നല്ല വഴിയായിരുന്നു ആ സ്പെഷ്യൽ സമ്മാനം. അവളെ ചേർത്തുപിടിച്ചു മൂർധാവിൽ ഉമ്മവച്ചു.

അധിക നാൾ കഴിയും മുൻപ് ഒരു അപകടത്തിൽ ആ മകൾ മരിച്ചു. മകളുടെ വേർപാടിനുശേഷം അദ്ദേഹം തന്റെ കിടക്കയ്ക്കരികെ ആ പെട്ടി സൂക്ഷിച്ചു വച്ചു. ജീവിതത്തിൽ എന്തൊരു വിഷമം വന്നാലും അയാൾ ആ പെട്ടി എടുത്തു തുറക്കും. മകൾ നിറച്ചുവച്ച



**മകളുടെ വേർപാടിനുശേഷം അദ്ദേഹം തന്റെ കിടക്കയ്ക്കരികെ ആ പെട്ടി സൂക്ഷിച്ചുവച്ചു. ജീവിതത്തിൽ എന്തൊരു വിഷമം വന്നാലും അയാൾ ആ പെട്ടി എടുത്തു തുറക്കും.**

ഉമ്മകളിൽ നിന്നൊന്ന് എടുക്കും, അവളുടെ കരുതലിനെപ്പറ്റിയും സ്നേഹത്തെപ്പറ്റിയും ഓർക്കുമ്പോൾ ആ വിഷമം അലിഞ്ഞില്ലാതാവും. മനസ്സ് സ്നേഹംകൊണ്ട് ജ്വലിക്കും.

അർഥശൂന്യമെന്നും, അപ്രധാനമെന്നും നാം കരുതുന്ന ഇത്തരം ചില ഒഴിഞ്ഞ ബോക്സുകൾക്കുള്ളിലായിരിക്കും ചില അമൂല്യ നിധികൾ നമുക്കായ് മറഞ്ഞിരിക്കുന്നത്, സ്നേഹം നിറയാത്ത ബാഹ്യരൂപത്തിൽ അമൂല്യമെന്ന് തോന്നിപ്പിക്കുന്ന (ലോകം വിളിക്കുന്ന) അനേകം വില കൂടിയ ലോക്കറുകളെക്കാൾ ഇത്തരത്തിലുള്ള കാർഡ്ബോർഡ് പെട്ടികളാണ് നമ്മുടെ അനുദിന ജീവിതത്തെ കെട്ടിപ്പടുക്കുക.

എല്ലാം മടുത്ത് മരണത്തിലേക്ക് നടക്കുകയായിരുന്ന ആ അതിസമ്പന്നൻ, പാതയോരത്തെ ഒരു ടെലിവിഷനിൽ ആരും ശ്രദ്ധിക്കാത്ത ഒരു ടി.വി. പ്രോഗ്രാം ശ്രദ്ധിക്കാനിടയായി. ഒരു ഡോക്കുമെന്ററിയാണ് ഒരു വൃദ്ധ കന്യാസ്ത്രീ ഒരു മരണാസന്നനായ രോഗിയെ പരിചരിക്കുന്നതാണ് രംഗം. മനുഷ്യത്വം മരിച്ചുവെന്ന് വിലപിച്ച്, എല്ലാം മടുത്ത് എല്ലാം അവസാനിപ്പിക്കാനിറങ്ങിയ ആ മനുഷ്യന്റെ ശേഷിക്കുന്ന ജീവിതം മാറി മറിയാൻ ആ ദൃശ്യങ്ങൾ മതിയായതായിരുന്നു.

ഓർത്തു വയ്ക്കാൻ കൊള്ളാവുന്ന ഒന്നുമില്ലാത്ത നാളുകളിലൂടെയും വർഷങ്ങളിലൂടെയുമൊക്കെയാണ് നമ്മുടെ ജീവിതവും കടന്നുപോകുന്നത്. പ്രത്യാശ പകരുന്ന വേദപുസ്തകം നമുക്ക് തരുന്ന ഒരു ഓർമപ്പെടുത്തലുണ്ട്. 'എന്റെ ആത്മാവിനു സ്വസ്ഥതയില്ല. സന്തോഷമെന്തെന്നു ഞാൻ മറന്നു. അതുകൊണ്ട്, എന്റെ ശക്തിയും കർത്താവിലുള്ള പ്രത്യാശയും പൊയ്പോയെന്ന് ഞാൻ വിലപിക്കുന്നു. എന്റെ കഷ്ടതയുടെയും അലച്ചിലിന്റെയും ഓർമ കയ്പേറിയ വിഷമാണ് അതിനെപ്പറ്റി നിരന്തരം ചിന്തിച്ച് എന്റെ മനം തകരുന്നു.

"എന്നാൽ, ഞാൻ ഒരു കാര്യം ഓർമിക്കുന്നു, അത് എനിക്കു പ്രത്യാശ തരുന്നു. കർത്താവിന്റെ സ്നേഹം ഒരിക്കലും അസ്തമിക്കുന്നില്ല; അവിടത്തെ കാരുണ്യം അവസാനിക്കുന്നില്ല. ഓരോ പ്രഭാതത്തിലും അതു പുതിയതാണ്. അവിടത്തെ വിശ്വസ്തത ഉന്നതമാണ്" (വിലാ 3, 21–23).

മകളുടെ വ്യത്യസ്തമായ ആ ക്രിസ്മസ് സമ്മാനം ശേഷിക്കുന്ന ജീവിതകാലത്ത് ആ പിതാവിന് ഒരു പിടിവള്ളിയായി മാറിയപോലെ, തളരുമ്പോൾ തുറന്നു വായിക്കാനും, ഹൃദയത്തിൽ സൂക്ഷിക്കാനും ദൈവം നമുക്കുതന്ന സ്നേഹചുംബനങ്ങളാണ് ഓരോ തിരുവെഴുത്തുകളും. "ഞാൻ തളരുമ്പോൾ എന്റെ വഴി അങ്ങ് അറിയുന്നു" (സങ്കീ 142, 3). ആ കൊച്ചുമകൾ അവളുടെ സ്നേഹം നിറഞ്ഞ ഉമ്മകൾ നിറച്ചുവച്ചതു പോലെ സഭയുടെ വിശുദ്ധ ഭണ്ഡാരത്തിൽ തമ്പുരാൻ കർത്താവ്, നാം തളർന്നു പോകാതിരിക്കാനും ബലപ്പെടാനും അമൂല്യമായ എത്രയോ നന്മകൾ കരുതിവച്ചിരിക്കുന്നു. പരി. കുർബാനയാകുന്ന 'പാഥേയം' ദൈവം നമുക്കായി കരുതിവച്ചിരിക്കുന്ന മറ്റൊരു സ്നേഹചുംബനമല്ലേ, ഓരോ കുമ്പസാരക്കൂട്ടിനകത്തും ധൂർത്ത് പുത്രന്മാരായ നമ്മൾ പിതാവിനാൽ ആലിംഗനം ചെയ്യപ്പെടുകയും ചുംബിക്കപ്പെടുകയും ചെയ്യുന്നു.

ശൂന്യമെന്നും നിരർഥകമെന്നും തോന്നുന്ന നേരത്തൊക്കെ, ഒരുവേളയെങ്കിലും മിഴിപൂട്ടിയോർക്കണം എന്തുകൊണ്ടിങ്ങനെയെന്ന്. വെളിപ്പെട്ടുകിട്ടും ആ ശൂന്യതയെന്തെന്നും നിരർഥകമായതിന്റെ അർഥമെന്തെന്നും. സുഹൃത്തേ, ഇനിയെങ്കിലും ശൂന്യതയെ പഴിക്കരുത്. നിനക്കുള്ള സമ്മാനം കാണാൻ നിന്റെ കണ്ണുകൾ നിറഞ്ഞുകലങ്ങി തെളിയണം.

***തൃശ്ശൂർ സ്വദേശിയായ ശശി ഇമ്മാനുവൽ തൃശ്ശൂർ നിർമല മാതാ സെൻട്രൽ സ്കൂളിൽ വാല്യു എഡ്യുക്കേഷൻ ടീച്ചറായി ജോലി ചെയ്യുന്നു. ഭാര്യ അമ്പിളി, മൂന്ന് മക്കൾ.***

 - ജെ. ക്രൈസ്റ്റ് വോൺ

ഇഷ്ടാനിഷ്ടങ്ങളേക്കാൾ പ്രസക്തം,
ദൈവം കൈയൊപ്പ് ചാർത്തിയിട്ടും
നീ നഷ്ടപ്പെടുത്തിയ നിന്റെ
ഉള്ളടരുകളെ ചേർത്തടുക്കലാണ്.
ഉറവിടങ്ങളിലേക്ക് മടങ്ങാൻ
ആത്മാർഥമായൊരു ക്ഷണം.



# യാൺ

പ്രകാശം ഒരേ സമയം പദാർഥവും അതേ സമയം തന്നെ തരംഗവുമാണെന്ന ഫിസിക്സ് വായന തെല്ലൊരു ആന്തരിക ധ്യാനമാവുന്നുണ്ട്. ശരീരമെന്ന അതിതീവ്ര നിലനിൽപ്പ് മാത്രമല്ല, 'ശാരീര'മെന്ന നാദ ബ്രഹ്മത്തിന്റെ സമാന്തര സാധ്യതയും തുലാസിന്റെ തട്ടെന്നപോലെ മുമ്പിൽ തന്നെയുണ്ട്. ഒന്നു ലേശം താഴ്ന്നെന്ന് തോന്നിയാൽ സ്വയം തെരഞ്ഞെടുപ്പുകളാൽ പ്രകാശലോകത്തെ തിരികെ പിടിക്കാമെന്ന സുവിശേഷമാണ് നോമ്പ് കാലം. മനുഷ്യനെ ദൈവം ഭൂമിയിൽ നിന്നും സൃഷ്ടിച്ചു എന്ന പുനർവായനയിൽ മനുഷ്യനെന്ന സാധ്യത പ്രാപഞ്ചികമാകുന്നു. 'അഫെലിയോൺ' എന്ന പദം ഭൂമി തന്റെ അയനത്തിന്റെ ഇടയിൽ സൂര്യന് ഏറ്റവും അകലെയാകുന്ന സമയത്തെക്കുറിക്കുന്ന വാക്കാണ്. റിപ്പന്റൻസ് എന്നാൽ മറ്റെന്താണ്? ആന്തരികതയിലേയ്ക്കുള്ള ദൂരം എത്ര വലുതെന്ന് തിരിച്ചറിയലാണ്. തിരിച്ചൊരയനം ഇനിയും സാധ്യമാണ്.

ഭൂമിയിൽ നിന്നും എടുത്തവനിലേക്ക് അവിടന്നു നിശ്വസിച്ചതാണ് നമ്മളെങ്കിൽ, അവിടത്തെ ശ്വാസത്തിലേക്ക് മടങ്ങലാണ് തിരിച്ചുവരവിന്റെ ആദ്യപടി. എത്ര കാലമായി സ്വന്തം ശ്വാസത്തോടൊക്കെ 'എന്നാ ഒണ്ടെടാ ഉവ്വേ' എന്നൊക്കെ ബോധ പൂർവം ഒന്ന് ചോദിച്ചിട്ട്? 'ആഷ് വെനസ്ഡേ' യിൽ മണ്ണിനെയോ ചാരത്തെയോ അല്ല ധ്യാനിക്കേണ്ടത്, മറിച്ച് അവിടത്തെ നിശ്വാസത്തെ മാത്രമാണ്. തന്റെ ഛായയിൽ സൃഷ്ടിക്കപ്പെട്ട സ്വരൂപത്തിലേക്ക് ഒരു തിരിച്ചുപോക്കിന് ആരാണ് ദാഹിക്കാത്തത്. ആ ദാഹമാണ് വിശപ്പിനെ കെടുത്തുന്ന കാട്ടു തീ! മറ്റൊരു വഴിയിൽ പറഞ്ഞാൽ ഏറ്റവും നല്ല മനുഷ്യനിലേക്ക് ഒരു തിരിച്ചുപോക്ക് തന്നെ. ഏറ്റവും നല്ല മനുഷ്യത്വമാണ് ഏറ്റവും നല്ല ഡിവിനിറ്റി എന്നതിൽ ഇനിയെന്താണ് തർക്കം?

പക്ഷേ എന്തു പറയാൻ? 'കുരങ്ങുകളെ കുറിച്ച് ചിന്തിക്കാത്ത നാൽപത് ദിവസങ്ങൾക്കുശേഷം മോക്ഷം' എന്നതു പോലൊരു തമാശയാണ് നമ്മുടെ നോമ്പുകൾ. ഇന്നലെ രാത്രി വരെ ഉണ്ടായിരുന്ന കുടംപുളിയിട്ട വറ്റക്കറിയുടെ ഓർമയിൽ ശപിച്ചും പിറുപിറുത്തും നമ്മൾ അച്ചിങ്ങ മെഴുക്കുവരട്ടി കൈയെത്തിപ്പിടിച്ച് ഉരുള ഉരുട്ടുന്നു. നമ്മുടെ പറമ്പിലെ കുടംപുളി മാത്രം കാലാപെറുക്കാൻ വരുന്ന ചേച്ചിയെ പാടെ വിലക്കി, വഴിയടച്ച് വേലീം കെട്ടി അവരുടെ മകളുടെ സ്കൂളിൽ പോക്കും മുടക്കിയിട്ട് നാല്പത് ദിവസം ആടിന്റെ കറി കൂട്ടാതിരുന്നാൽ ദൈവം കുഞ്ഞാടായി ഇറങ്ങി വരുമെന്ന തെറ്റിധാരണ തിരുത്തലാണ് ഈ കാലത്തിനാവശ്യമായ നോമ്പ്. ഭക്ഷണം ഉപേക്ഷിക്കലല്ല, മറിച്ച് വയറിന്റെ വിശപ്പിനേക്കാൾ വലിയൊരു ആന്തരികവിശപ്പിനെ ഉണർത്തിയിട്ട്, അതിന്റെ തീ കാഞ്ഞു തുടങ്ങുമ്പോൾ ഭക്ഷണം തന്നെ വേണ്ടെന്ന തോന്നലാണ് നോമ്പ്.

നിർമലമായൊരു ഹൃദയം മാത്രം കാംക്ഷിക്കുന്ന സങ്കീർത്തകനെപ്പോലെ കനിവു തേടുന്നവർ ഹൃദയത്തിന്റെ നവീകരണത്തിലും നവചൈതന്യത്തിലും സ്വയം സമർപ്പിക്കുന്നു. ഹൃദയവിചാരങ്ങളെ നവീകരിക്കുന്നതിനോളം പ്രാണപ്രിയൻ പ്രസാദിക്കുന്നത് മറ്റെന്തിലാണ്? ന്യൂറോസയൻസ് പ്രകാരം മനുഷ്യന്റെ ഏറ്റവും വലിയ കഴിവുകളിൽ ഒന്നാണ് 'മെറ്റാകോഗ്നിഷൻ' (Metacognition). 'സ്വന്തം ചിന്തകളെക്കുറിച്ച് ചിന്തിക്കാനുള്ള കഴിവാണത്". സ്വന്തം ചിന്തകളിലേയ്ക്ക് ഒരു സാക്ഷിബോധം വീണു കിട്ടുമ്പോഴാണ് ഹൃദയം നവീകരിക്കപ്പെടുന്നത്.

പസഫിക് സാൽമണോളം ഉറവകളെ തേടിയുള്ള മടങ്ങി പോക്കിന്റെ മെറ്റഫറുകൾ വളരെ ചുരുക്കമാണ്. പസഫിക്കിന്റെ ഉഷ്ണജല പ്രവാഹങ്ങളിൽ എത്തിനിൽക്കുമ്പോൾ അവയ്ക്ക് അവരുടെ പിറന്ന ഇടത്തിന്റെ ഓർമ ഉണരുകയാണ്... ഒരു യാത്രക്ക് അവയെ പ്രലോഭിപ്പിക്കുകയാണ്. എങ്ങനെയാണ് ഇത്ര ഷാർപ്പായി ഇത്ര ദൂരം നദിയിലൂടെ തിരിച്ചെത്തുന്നത് എന്നതിന് ഇപ്പോൾ കിട്ടുന്ന ഉത്തരം, വന്ന വഴിയുടെ ഗന്ധസ്മൃതി എന്നതാണ്. വന്ന വഴിയിലെ ആത്മഗന്ധം തേടിപ്പിടിക്കലും, അത് കണ്ടെത്തിത്തുടങ്ങിയവർ അതിനെ പിന്തുടരലുമാണ് നോമ്പിന്റെ സാൽമൺ വിചാരങ്ങൾ. ഉറവ മുമ്പിൽ തന്നെ ഉണ്ട്.

എല്ലാ സംസ്കാരങ്ങളിലും ദേവീ ദേവൻമാർക്ക് എന്താണ് നീല നിറം കൊടുക്കുന്നത്? അനന്തതയുടെ സൂചനയാണ്. നീ എന്താണ് എന്നിൽ തേടുന്നതെന്ന് ഗുരു ചോദിക്കുമ്പോൾ ഒരാൾ പറയുന്നുണ്ട് 'നിത്യജീവന്റെ നീരുറവ'യെന്ന്. താൾ മറിച്ച് കടന്നുപോയൊരു കവിതയിൽ E.E Cummings പറഞ്ഞൊരു കാര്യം ഉള്ളിൽ തെളിയുന്നു. I carry your heart with me എന്ന കവിതയിലാണ്.

"You are my blue crayon, the one I use to colour my sea and my sky".

ഈ നോമ്പുകാലത്ത് അതുമാത്രമാണ് പ്രാർഥന. 'ദൈവമേ എനിക്കെന്റെ നീലനിറം തിരികെത്തരിക, നിത്യതയുടെ ആ പൊന്മാൻ നിറം.'





**യുവ/യൂത്ത് ക്ലാസ്സ് - ഷിബി**



# സെൽഫ് ഇവാലുവേഷൻ

ഇത്രയൊക്കെ ആയില്ലേ! ഒരു സെൽഫ് ഇവാലുവേഷനൊക്കെയാകാം. ദീർഘനിശ്വാസത്തോടെയുള്ള ആത്മഗതം.

ഒറ്റവാക്കിൽ പറഞ്ഞാൽ ഞാനൊരു സെൽഫ് മെയ്ഡ് ആണ്... അല്ലേ? കൈപിടിച്ചു നടത്താനോ ഉയർച്ചയ്ക്കായി പ്രേരിപ്പിക്കാനോ വലിയ രീതിയിൽ ആരും തന്നെ ഉണ്ടായിരുന്നില്ല. അതേ, ഒരു സെൽഫ് മെയ്ഡ് മാൻ തന്നെ!

താനായിട്ട് ഉണ്ടാക്കിയതാണ് ഈ കാണുന്നതെല്ലാം. ഇത്രയൊക്കെ നേടാൻ സഹായിച്ചു. ആഗ്രഹങ്ങൾക്കൊത്ത വിധം പടിപടിയായി ഉയർന്നു. നല്ല വിദ്യാഭ്യാസം നേടി. അതിനു പറ്റിയ ജോലിയും. ജോലിക്ക് അപ്പുറത്തേക്ക് തന്റെ കഴിവുകൾ കണ്ടറിഞ്ഞ് ചെറിയ രീതിയിൽ തുടങ്ങിയ ബിസിനസ്സ് തന്റെ ജീവിതനിലവാരത്തിന്റെ ഗ്രാഫ് ശരിക്കും അങ്ങുയർത്തി! അതേ... ഞാൻ സെൽഫ് മെയ്ഡ് തന്നെ. തന്റെ കൂടെ കൂട്ടിയ ജീവിതപങ്കാളിയെ അവരുടെ ചിന്താഗതിയെ വിശാലമായ ലോകത്തിലേക്ക് എത്തിക്കാൻ കഴിഞ്ഞു. മക്കൾക്ക് നല്ല വിദ്യാഭ്യാസവും നല്ലൊരു ജീവിതം നയിക്കാനുള്ള പ്രാപ്തിയുമായി.

ശരിക്കും പറഞ്ഞാൽ അവരെ അവർക്ക് പറ്റിയയിടങ്ങളിൽ സേഫ് ആക്കി. ചുറ്റിലുമുള്ള പലർക്കും കൈനീട്ടി കൊടുക്കാൻ സാധിച്ചു.

ബന്ധുക്കളും സുഹൃത്തുക്കളും തന്റെ സഹായം പറ്റുന്നു. അതും ഒരു സന്തോഷം. എഴുതുന്നത് വായിക്കാനും പറയുന്നതും കേൾക്കാനും ചുറ്റിലും ഒരുപാട് പേർ. കൊള്ളാം ഇത്രയൊക്കെ ചെയ്യാൻ സാധിക്കുന്നു. അതും ഒരു സെൽഫ് മെയ്ഡ് ആയ എനിക്ക്. ഹോ... മൊത്തത്തിൽ നോക്കുമ്പോൾ ഒരാശ്വാസം... സാമൂഹ്യപരമായും രാഷ്ട്രീയപരമായും തന്റെ പൊസിഷൻ ചെറുതല്ല. എല്ലാവരും അംഗീകരിക്കുന്നു. തന്റെ സാന്നിധ്യം എല്ലാവരും ആഗ്രഹിക്കുന്നു.

എത്ര സുന്ദരം ഈ ജീവിതം. അതേ, ഒരു സെൽഫ് മെയ്ഡ് ആയ എനിക്ക് ഇതിൽപരം എന്ത് സന്തോഷം വേണം. സെൽഫ് ഇവാലുവേഷനൊടുവിൽ അല്പം സൈലൻസിലേക്ക് കടന്നു. അറിഞ്ഞില്ല; മനസ്സല്പം ആഴത്തിലേക്ക് പോയി, ഒന്ന് മുങ്ങിത്താണു. ആഴിയുടെ ആഴങ്ങൾ പോലെ. താൻ തനിയെ അല്ല. ആരോ കൂടെയുണ്ട്. തന്നോട് എന്തോ സംസാരിക്കുന്നുണ്ട്. ചെവിയോർത്തു.


കുഞ്ഞുനാളിലെ ഉള്ള ചില കാര്യങ്ങൾ. ബാലാരിഷ്ടതകൾ. അപ്പനമ്മമാർ എടുത്ത സഹനങ്ങൾ. സഹോദരങ്ങളുടെ വാത്സല്യം. പങ്കാളിയുടെ സാമീപ്യം. ബന്ധുക്കളുടെ സ്നേഹം. സൗഹൃദങ്ങളുടെ ബാഹുല്യം. ഗുരുസ്ഥാനീയരുടെ കരുണ. സഹപ്രവർത്തകരുടെ ഔദാര്യം. സഹയാത്രികരുടെ കരുതൽ. കൂട്ടായ്മയുടെ പൊതിഞ്ഞു പിടിക്കൽ. പരിചിതമല്ലാത്ത നാട്ടിൽ വഴി ചോദിച്ചപ്പോൾ സ്നേഹം പാഥേയമായി തന്നുവിട്ട അപരിചിതർ. അങ്ങനെ സമരിയാക്കാരായി മാറിയ ഒരു കൂട്ടംപേർ. ചിതറിയ കുത്തിക്കുറിക്കലുകൾ ഒക്കെ പെറുക്കിക്കൂട്ടി വായിച്ച് ഇനിയും എഴുതണമെന്ന് ശാഠ്യംപിടിച്ച അനുഭവകഥകളുടെ രാജാക്കന്മാർ. കഥകളും കാര്യങ്ങളുമായി പറഞ്ഞതൊക്കെയും കേട്ടിരുന്ന ശ്രോതാക്കൾ.

മുങ്ങുമെന്ന മട്ടിൽ ആടിയുലഞ്ഞ തോണി പോലെ തകരാൻ തുടങ്ങിയ ബിസിനസ്സ് താങ്ങിയ, ദൃശ്യവും അദൃശ്യവുമായ കരങ്ങൾ..

അങ്ങനെ ഈ ചിത്രങ്ങൾ എല്ലാം ഒരു ഫ്രെയിമിൽ എന്ന പോലെ മിന്നിമിന്നി നീങ്ങി. ഉള്ളൊഴുക്കിൻ ശക്തിയാൽ കണ്ണീര് പുഴയായി മാറി. പതിയെ പതിയെ ശാന്തമായി ഒഴുകുന്ന നദിയുടെ മൗനം പോലെ മനം സ്വസ്ഥതയിലേക്ക് ചാഞ്ഞു. 'നിനക്ക് എന്റെ കൃപ മതി' ഞെട്ടലോടെ കേട്ട വാക്കുകൾക്ക് ഒന്നുകൂടി കാതോർത്തു. വീണ്ടും കേട്ടു, 'നിനക്ക് എന്റെ കൃപ മതി.' വീണ്ടും ആ ശബ്ദം മൊഴിഞ്ഞു, 'മനുഷ്യന്റെ ആഗ്രഹമോ പ്രയത്നമോ അല്ല, അവിടത്തെ ദയയാണ് എല്ലാത്തിന്റെയും അടിസ്ഥാനം.' 'യെസ്'...

ഉള്ളിൽ നിന്ന് വന്ന ശബ്ദങ്ങൾ അധരങ്ങളെ ചലിപ്പിച്ചു. ഒടുവിൽ തിരിച്ചറിഞ്ഞു സത്യം, സെൽഫ് മെയ്ഡല്ലായെന്നും കുശവന്റെ കൈയിലെ കളിമണ്ണുമാത്രമെന്നും.

***എറണാകുളത്ത് അരൂരിൽ താമസിക്കുന്ന ജീസസ് യൂത്തായ ലേഖിക കോടംതുരുത്ത് GVVHSS-ൽ കൗൺസിലറായി ജോലി ചെയ്യുന്നു.***




# Subscribe!

to the best Catholic magazine for children!

To purchase
scan QR code or visit:
www.jykairosmedia.org/
kairosbuds

# ജൂബിലി നിറവിൽ
# ഷിബു അച്ചനും ബിറ്റാജു അച്ചനും

**പാലാരിവട്ടം പി.ഒ.സി.യിൽ വച്ച്, ജീസസ് യൂത്ത് മുന്നേറ്റത്തിലെ ഫാ. ഷിബു സേവ്യർ OCD-യുടെയും ഫാ. ബിറ്റാജു പുത്തൻപുരയിൽ OSsT-യുടെയും പൗരോഹിത്യ രജതജൂബിലി ആഘോഷങ്ങളുടെ ഭാഗമായി അർപ്പിച്ച ദിവ്യബലിയിലെ പ്രസംഗത്തിലെയും തുടർന്ന് നടന്ന അനുമോദന യോഗത്തിൽ പങ്കുവച്ച, അവരെക്കുറിച്ചുള്ള ഓർമകളുടെയും കുറിപ്പുകളാണിവ. ഒത്തുകൂടിയവരിൽ ഒരുപാട് ആളുകൾ തങ്ങളുടെ ഓർമകൾ പങ്കുവച്ചെങ്കിലും ചിലത് മാത്രമാണിവിടെ കുറിക്കുന്നത്. എല്ലാവരുംതന്നെ സ്നേഹത്തിൽ ചാലിച്ചും നർമത്തിൽ പൊതിഞ്ഞും തമാശരൂപേണയും ഹൃദയസ്പർശിയായും ഒക്കെയാണ് പങ്കുവച്ചത്. സൗഹൃദത്തിന്റെ വർണക്കൂട്ടുകൾ ചാലിച്ച് വിതറുന്ന അനുഭവമായിരുന്നു ഈ ജൂബിലി ആഘോഷ കൂട്ടായ്മ. ഷിബു അച്ചനെയും ബിറ്റാജു അച്ചനെയും ഒപ്പം ജീസസ് യൂത്ത് മുന്നേറ്റത്തിൽ ശുശ്രൂഷ ചെയ്യുന്ന എല്ലാ വൈദികരെയും സമർപ്പിതരേയും ഈ സന്ദർഭത്തിൽ നമുക്കോർക്കുകയും പ്രാർഥിക്കുകയും ചെയ്യാം.**

## ഇങ്ങനെയുള്ളവർ ഇനിയും വേണം

തികച്ചും വളരെ വ്യത്യസ്തമായ രണ്ട് ധ്രുവങ്ങളിൽപ്പെട്ട സ്വഭാവമുള്ളവരാണ് ഷിബു അച്ചനും ബിറ്റാജു അച്ചനും. ബിറ്റാജു എന്ന പേരുതന്നെ വളരെ അസാധാരണമായ ഒരു പേരല്ലേ!? മറ്റൊരിടത്തും ഇത്തരത്തിൽ പേരുള്ളവരെ കണ്ടിട്ടില്ല. പേരുപോലെ തന്നെ അസാധാരണമായ ഒരു വ്യക്തിത്വത്തിന് ഉടമ കൂടിയാണ് ബിറ്റാജു അച്ചൻ. നമ്മുടെ കെയ്റോസ് ഗ്ലോബൽ മാസികയിൽ 'Ask Fr. Bitaju' എന്ന പംക്തിയിൽ അച്ചന്റെ വൈജ്ഞാനികമായ പാണ്ഡിത്യവും ലാളിത്യവുമൊക്കെ നമുക്ക് കാണാം. കെയ്റോസ് മാസിക കൈയിൽ കിട്ടിയാൽ ഞാൻ ആദ്യം നോക്കുന്നതും അതുതന്നെയാണ്. ഗഹനമായ വിഷയങ്ങൾ ഇത്രയും ലളിതമായി വ്യാഖ്യാനിച്ച് നൽകുന്നതു കണ്ട് എനിക്ക് അത്ഭുതം തോന്നാറുണ്ട്. മീറ്റിങ്ങുകളിൽ അച്ചൻ സംസാരിക്കുന്നത് കേൾക്കാനായി പലരും കാത്തിരിക്കുന്നതായും കണ്ടിട്ടുണ്ട്. നിറകുടം തുളുമ്പാറില്ല എന്ന് പറയുന്നതുപോലെയാണ് അച്ചന്റെ പ്രകൃതവും.

ഷിബു അച്ചന്റെ പേരും അതുപോലെതന്നെ പ്രത്യേകതയുള്ളതാണ്; ഒട്ടും അസാധാരണമായ ഒരു പേരല്ല ഷിബു എന്നത്. സാധാരണ ആ പേര് കേൾക്കുന്നത് കൊട്ടേഷൻകാർക്കും മറ്റുമൊക്കെയല്ലേ!! *(തമാശ കേട്ട് എല്ലാവരും ചിരിക്കുന്നു)* സത്യത്തിൽ ഷിബുവച്ചൻ 'ഒരു കുമ്പിടിയാണ്'. അത്ഭുതകരമായ പ്രസന്റ്സ് നൽകുന്ന ഷിബു അച്ചനെ നന്ദിയോടെ ഓർക്കുന്നു. ഒരിക്കൽ ജീസസ് യൂത്തിന്റെ ഓസ്ട്രേലിയൻ നാഷണൽ കോൺഫറൻസ് നടക്കുന്ന സമയം. അവിടത്തെ എന്റെ ഇടവകയിൽ നിന്ന് മൂന്നു മണിക്കൂർ വിമാനയാത്ര ചെയ്ത് കോൺഫറൻസ് സ്ഥലത്തെത്തി എന്റെ മുറിയിൽ ചെന്നപ്പോൾ അവിടെ നാല് അച്ചന്മാരിലൊരാൾ ഷിബുവച്ചനായിരുന്നു. കോൺഫറൻസ് കഴിഞ്ഞ് ഞാൻ തിരികെ എന്റെ ഇടവകയിലേക്ക് പോയി. അവിടെ മറ്റൊരു ദിവസം ഒരാൾ എന്നെ പ്രഭാത ഭക്ഷണത്തിന് ക്ഷണിച്ചു ഒപ്പം അദ്ദേഹം പറഞ്ഞു, അച്ചന് പരിചയമുള്ള ഒരാൾ അവിടെ ഉണ്ടാകുമെന്ന്. ചെന്നപ്പോൾ അവിടെയും ഷിബുവച്ചൻ. ഇടയ്ക്ക് അച്ചനെ ഫോണിൽ വിളിക്കുമ്പോൾ അച്ചൻ പറയാറുണ്ട് സ്കൂളിന്റെ മാനേജർ അല്ലേ, നല്ല തിരക്കാണ് എത്താൻ പറ്റില്ല; പക്ഷേ, എവിടെ പ്രോഗ്രാമിനു ചെന്നാലും ഷിബു അച്ചനവിടെയുണ്ടാകും. ഇത്തരത്തിൽ സാന്നിധ്യം നൽകുക എന്നത് ക്രൈസ്തവികമായ, പൗരോഹിത്യപരമായ ഒരു നന്മയാണ്. ശരിക്കും ഇത്തരത്തിലുള്ള അച്ചന്മാരെ നമുക്ക് ഇനിയും ധാരാളം വേണം.

***ഫാ. ജോസഫ് എഴുമായിൽ***
*(കൃതജ്ഞതാ ദിവ്യബലിമധ്യേ പങ്കുവച്ചത്)*

## മിനിസ്ട്രി ഓഫ് പ്രസൻസ്

ജീസസ് യൂത്ത് മുന്നേറ്റത്തിൽ പൗരോഹിത്യത്തിലേക്ക് വരാൻ ആഗ്രഹിക്കുന്ന ചെറുപ്പക്കാരെ ബിറ്റാജു അച്ചൻ, ഒരു വർഷം 'അവരോടൊപ്പം' നടന്ന് ചർച്ചകളിലൂടെയും ഡിസേൺമെന്റിലൂടെയുമാണ് അവരെയതിനു ഒരുക്കുന്നത്. മിതഭാഷിയാണെങ്കിലും സംസാരിക്കുന്ന കാര്യങ്ങളിൽ ജ്ഞാനത്തിന്റെയും വിവേകത്തിന്റെയുമൊക്കെ പൂർണത അച്ചനിൽ കാണാം.

മിനിസ്ട്രി ഓഫ് പ്രസൻസ് എന്നുപറയുന്നത് വിരുതുകുളങ്ങര പിതാവിനുശേഷം ഷിബു അച്ചനിലാണ് പ്രകടമായിട്ട് കാണാൻ കഴിഞ്ഞിട്ടുള്ളത്. ഒരേസമയം പലയിടങ്ങളിൽ 'പ്രത്യക്ഷപ്പെടാൻ' കഴിവുള്ള ഒരാളാണെന്ന് പലർക്കും അനുഭവപ്പെട്ടിട്ടുള്ളതാണ്. തന്റെ സാന്നിധ്യം മാത്രമല്ല വ്യക്തിപരമായി ആളുകളെ അറിഞ്ഞ് ഇടപെടുന്ന ഒരു വ്യക്തിത്വത്തിനുടമ കൂടിയാണ് ഷിബുവച്ചൻ.

***മനോജ് സണ്ണി***

## ഗൈഡ്

പാസ്റ്ററിംഗ്, എൽഡറിങ് എന്നൊക്കെ പറയുന്ന കാര്യങ്ങൾ ധാരാളമാളുകൾ അച്ചന്റെയടുക്കൽ ചെയ്യുന്നതായിട്ട് എനിക്കറിയാം. അത്തരത്തിൽ ആളുകളെ ഗൈഡ് ചെയ്യുന്ന ഒരു വ്യക്തിയാണ് ബിറ്റാജു അച്ചൻ.

അച്ചന്മാർ ചിലരൊക്കെ ഉച്ചയ്ക്ക് ഉറങ്ങാനായി സമയം കണ്ടെത്തുന്നവരാണ്. എന്നാൽ, ഷിബുവച്ചൻ പകൽ മാത്രമല്ല രാത്രിയിലും

ഫാ. ബിറ്റാജു മാത്യു OSsT



ഫാ. ഷിബു സേവ്യർ OCD



ഉറക്കമില്ലാത്ത ഒരാളായിട്ടാണ് തോന്നിയിട്ടു ള്ളത്. കാരണം, പല ആളുകളെ കാണാനും ചിലപ്പോൾ, മരണം നടന്ന വീടുകളിൽ രാത്രി യാണെങ്കിലും അവിടെ എത്താനും പ്രാർഥി ക്കാനുമൊക്കെ സമയം കണ്ടെത്തുന്ന വ്യക്തിയാണ് ഷിബുവച്ചൻ.

***വി.എം. ജോർജ്***

## പ്രകൃതം

എന്റെ മകളോടു എനിക്കുവേണ്ടി പ്രാർഥിക്കാ റുണ്ടോ എന്ന അച്ചന്റെ ചോദ്യം, പലരോടും ചോദിക്കുന്ന സ്വാഭാവികമായ ചോദ്യമാണ്. പ്രായഭേദമന്യേ ഏവരോടും കൂട്ടുകൂടുന്ന പ്രകൃതത്തിന്റെ തെളിവാണത്. ബുദ്ധിപൂർ വവും വിവേകത്തോടും സംസാരിക്കുന്നയാ ളാണ് ബിറ്റാജു അച്ചൻ. ആവശ്യത്തിനുമാത്രം സംസാരിക്കുകയും ആവശ്യമുള്ളത് മാത്രം പറയുകയും ചെയ്യുന്ന പ്രകൃതം.

***ബേർളി ഏണസ്റ്റ്***

## അടയാളം

ഷിബുവച്ചൻ മറ്റുള്ളവരിലേക്ക് സ്ട്രെച്ച് ചെയ്യു ന്നതു കാണുന്നതാണ് എനിക്ക് അച്ചനിൽ നിന്ന് കിട്ടിയ ചലഞ്ച്.

തിയോളജിയുടെയും ഫിലോസഫിയുടെയും എബിസിഡി പോലുമറിയാത്ത എന്നെപ്പോ ലുള്ളവർ പറയുന്ന 'വലിയ കാര്യങ്ങൾ' കേട്ടു ചിരിച്ചുകൊണ്ടിരിക്കാനും പ്രോത്സാഹിപ്പി ക്കാനും ബിറ്റാജു അച്ചൻ കാണിക്കുന്ന മനസ്സ്, അത് വിനയത്തിന്റെയും ഹൃദയവിശാ ലതയുടെയും അടയാളമാണെന്ന് ഞാൻ മനസ്സിലാക്കുന്നു.

***ടോംസ് മൈക്കിൾ***

## അർഥവത്താണ്

കോറിന്തോസുകാരുടെ ലേഖനത്തിൽ സ്നേഹത്തെക്കുറിച്ച് പറയുന്ന തിരുവചനങ്ങൾ, ഷിബുവച്ചനെക്കുറിച്ചും ബിറ്റാജു അച്ചനെക്കുറിച്ചും ഓർക്കുമ്പോൾ അക്ഷരംപ്രതി അർഥവത്താണ്.

***ബീന മനോജ്***

## ചെരിപ്പുകളാകാൻ

നിങ്ങൾ ചെരിപ്പിടാറുണ്ടോ എന്ന ചോദ്യവും, അതേ എന്നുള്ള ഞങ്ങളുടെ മറുപടിക്കു ശേഷം എത്രപേർ ചെരിപ്പുകളാകാൻ ആഗ്ര ഹിക്കുന്നു എന്ന രണ്ടാമത്തെ ചോദ്യവും ചോദിച്ചു കൊണ്ട് ഷിബുവച്ചൻ ഒരിക്കൽ കുർബാനയ്ക്കിടെയുള്ള ഹോമിലി അവസാനിപ്പിച്ചപ്പോൾ ഞങ്ങൾക്കുണ്ടായ അനുഭവം... അതിന്നും ഓർക്കുകയാണ്.

***സി.സി. ജോസഫ്***

## ചാമിങ്

വചനം വ്യാഖ്യാനിച്ച് പങ്കുവച്ചുകൊടുക്കാ നുള്ള വളരെ സ്വതസിദ്ധമായ ഒരു കഴിവ് ബിറ്റാജു അച്ചനിൽ കണ്ടിട്ടുണ്ട്. മറ്റുള്ളവ രുടെ കൂടെ ആയിരിക്കുകയും സൗഹൃദ ങ്ങൾക്ക് ഏറെ പ്രാധാന്യം കൊടുക്കുകയും ചെയ്യുന്ന ഷിബുവച്ചന്റെ സാന്നിധ്യം വളരെ ചാമിങ് എന്നു വേണം പറയാൻ.

***ഡോ. കൊച്ചുറാണി ജോസഫ്***

## പ്രകടമാകുന്ന ക്രിസ്തു

സമരിയാക്കാരി സ്ത്രീയുടെ കൂടെയിരുന്ന് അവൾ പോലുമറിയാതെ അവളെ രക്ഷയി ലേക്കു നയിച്ച ക്രിസ്തുവിനെയും എമ്മാവു സിലേക്ക് പോയ ശിഷ്യന്മാരുടെ കൂടെ നടന്ന് അവരുടെ ഹൃദയം തുറന്ന ക്രിസ്തുവിനെ യും പ്രകടമാക്കുന്ന നമ്മുടെ രണ്ട് പ്രിയപ്പെട്ട അച്ചന്മാരാണ് ബിറ്റാജു അച്ചനും ഷിബു അച്ചനും.

***ഫാ. ഡിറ്റോ ദേവസ്സി***

## സാന്നിധ്യം

ചൂണ്ടയിട്ട് മീനെ പിടിച്ചു കഴിയുമ്പോൾ ചില മീനുകൾ കൈയിൽ നിന്ന് വഴുതി പോകുന്ന തുപോലെയാണ് ബിറ്റാജു അച്ചനെ ഓർക്കു മ്പോൾ തോന്നുന്നത്. കാരണം, ഒരുപാട് തവണ ആഗ്രഹിച്ചിട്ടുണ്ട് അച്ചനോടൊപ്പം ഇരിക്കാനും അച്ചന്റെ സാന്നിധ്യം നിരന്തരം ഞങ്ങൾക്ക് ലഭിക്കാനും. സംശയനിവാരണ ങ്ങൾക്കും പലതും പഠിക്കുവാനുമൊക്കെ ഞങ്ങൾ സമീപിക്കുമ്പോഴും കൈയിൽ നിന്ന് വഴുതി പോകുന്ന അനുഭവമാണ് ഉണ്ടാകു ന്നത്. അത്രയും ഞങ്ങൾ അതിയായി ആഗ്ര ഹിക്കുന്നു അച്ചന്റെ സാന്നിധ്യം ലഭിക്കാൻ.

***ബാബു ജോൺ***



യുവ/യൂത്ത് ക്ലാസ്സ് - ജെ. ക്രൈസ്റ്റ് വോൺ

# സങ്കേതം

ആത്മീയാന്വേഷണങ്ങളിൽ അകമുടക്കിയ നാളുകളിലാണ് 'മരണ സമയത്ത് ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ' എന്ന ഭാഗം ഒന്ന് ഉള്ളിലുറച്ചു വന്നത്. മരണത്തിനപ്പുറം ജീവിതമുണ്ടോ? എന്ന അതിസാധാരണമായ ഒരു ഹൈസ്ക്കൂൾ ആത്മീയതയുടെ ചോദ്യത്തെ പിന്തുടർന്നതിൽ നിന്ന് തുടങ്ങിയ വായനകൾ, അത് നിരവധി മരണതീരത്തെ അനുഭവങ്ങളെ കണ്ടെത്തി വായിക്കാൻ അവസരമായി മാറി. പല നിറത്തിലുള്ള കഥകളും വായിച്ചു.

ബോധ–ഉപബോധ മനസ്സിന്റെ പ്രവർത്തനങ്ങൾ എന്ന് സയന്റിഫിക് ടെമ്പറിൽ മനസ്സിനെ പിടിച്ചു നിർത്താൻ ശ്രമിച്ചുതന്നെ മുമ്പോട്ടു പോകുമ്പോൾ ഒരു സംഭവം നടന്നു. സുഹൃത്തുകളിൽ ഒരാളും സ്കൂൾ ആധ്യാപകനുമായ ബിജു സാർ ബൈക്ക് യാത്രക്കിടയിൽ അപകടത്തിൽ പെട്ടു. മരണം ഡിക്ലയർ ചെയ്യാൻ തുടങ്ങവേ കൈവിരലുകൾ ചലിച്ചു. ശേഷം I.C.Uവിൽ പതിനഞ്ച് ദിവസം കോമയിൽ. പതിനഞ്ചാം ദിവസം ബോധം വന്ന ബിജു സാർ പറഞ്ഞ കഥകൾ പുസ്തക വായനയിൽ കിട്ടിയതിലും ഷാർപ്പ് ആയിരുന്നു. ഫസ്റ്റ് ഹാൻഡ് ഇൻഫോർമേഷൻ!

അപകടം നടന്ന നിമിഷംതന്നെ താൻ വളരെ ഉയരത്തിൽ നക്ഷത്രങ്ങളാൽ തീർത്ത ഒരു നിത്യസഹായ മാതാവിന്റെ രൂപത്തിന്റെ ഹൃദയ ഭാഗത്തെ ഒരു പ്രകാശകണികയായി മാറി.

ജീസസ് യൂത്ത് പ്രോഗ്രാം കഴിഞ്ഞു വരവേ ജപമാല ചൊല്ലിയാണ് യാത്ര ചെയ്തത്. അപകടം നടന്ന നിമിഷംതന്നെ താൻ വളരെ ഉയരത്തിൽ നക്ഷത്രങ്ങളാൽ തീർത്ത ഒരു നിത്യസഹായ മാതാവിന്റെ രൂപത്തിന്റെ ഹൃദയ ഭാഗത്തെ ഒരു പ്രകാശകണികയായി മാറി. ഭൂമിയിലേയ്ക്ക് നോക്കി നിൽക്കുന്ന ആ ആകാശ മാതാവ് എന്തു കാണുന്നോ അത് അയാളും കണ്ടു.

ഭൂമിയിൽ ആരൊക്കെ അമ്മയെ വിളിച്ച് പ്രാർഥിച്ചാലും അമ്മയുടെ ഹൃദയത്തിൽനിന്നും ഒരു ചെറിയ മാതാവിന്റെ രൂപം പുറപ്പെട്ട്, പ്രാർഥിക്കുന്ന ആളുടെ അടുത്ത് ചെന്ന് കേട്ടു നിൽക്കുന്നു. പ്രാർഥന കഴിയുമ്പോൾ മടങ്ങുന്നു.

ഹോസ്പിറ്റലിൽ നടന്നതും കുടുംബത്തിൽ നടന്നതുമായ കാര്യങ്ങളൊക്കെയും ബിജു സാർ തിരിച്ചു വന്നതിനുശേഷം തീയതിയും സ്ഥലവും ഉൾപ്പെടെ പറഞ്ഞു കൊടുത്തു. നോർത്തിലായിരുന്ന പെങ്ങൾ പള്ളിയിൽ പോയിരുന്ന് കരഞ്ഞ സമയവും ഉടുത്ത സാരിയുടെ നിറംവരെയും പറഞ്ഞു കൊടുത്തു.

മാലാഖമാർ വിമാനങ്ങൾക്ക് അകമ്പടി പോകുന്നുവെന്ന് അന്ന് പറഞ്ഞത് പിൽക്കാല യാത്രകളിൽ സ്വാസ്ഥ്യം നിറയ്ക്കുന്ന ഒരു ഓർമയായി. അങ്ങനെ സ്വർഗീയ സുഖം അനുഭവിക്കേ സാറിന്റെ അപ്പനും അമ്മയും ഒരുമിച്ച് പള്ളിയിൽ വന്ന് കരഞ്ഞു പ്രാർഥിച്ചു. അപ്പോൾ മാതാവ് പുത്രനോട് പറഞ്ഞു 'എന്നാൽ ബിജു തിരിച്ച് പോകട്ടെ' എന്ന്. പറഞ്ഞു തീരുമ്പോൾ ഐ.സി.യുവിൽ ബിജു സാർ കണ്ണു തുറന്നു.

ഒരുപക്ഷേ സമാന കഥകൾ വായനക്കാരും കേട്ടിട്ടുണ്ടാവും. പക്ഷേ, തൊട്ടടുത്ത മാസങ്ങളിൽ മറ്റൊരു സംഭവം കൂടി നടന്നു. ഈ ദൈവാന്വേഷി കൊല്ലത്ത് സാൻപിയോ ധ്യാനകേന്ദ്രത്തിൽ ഗുരു ബോബിയച്ചന്റെ അടുത്തായിരുന്ന ഒരു ദിവസം അവിടെ ഒരു ചെറുപ്പക്കാരൻ ധ്യാനത്തിനായി വന്നു. ഒരു കൈയ്ക്ക് സ്വാധീനക്കുറവുണ്ട്, നെറ്റിയിൽ ഒരു വലിയ മുറിപ്പാട്, തലയോട്ടിയിൽ ആഴമുള്ള കുഴികൾ. അതേ, അതിനും നാല് മാസം മുമ്പ് അങ്കമാലിയിൽവച്ച് ഒരു ടിപ്പറിന് മുത്തമിട്ടതാണ്. അതും ബൈക്കുകൊണ്ട്.

ക്യൂരിയോസിറ്റി ട്രിഗർ ചെയ്യാൻ ഒരുപാട് സമയം വേണ്ടി വന്നില്ല. തിടുക്കത്തിൽ ചോദിച്ചു 'എന്തായിരുന്നു ആ അനുഭവം?' ആദ്യം പറയാൻ മടിച്ചെങ്കിലും പിന്നീട് പറഞ്ഞു തുടങ്ങി. കുറച്ച് മാസങ്ങൾക്ക് മുമ്പ് ബിജുസാർ പറഞ്ഞ അതേ കഥ!

അതിനുശേഷം എപ്പോഴൊക്കെ 'നന്മ നിറഞ്ഞ മറിയമേ' എന്ന് ചൊല്ലുമ്പോഴും അടുത്തൊരു ചെറിയ നിത്യസഹായ മാതാവ് ചെവികൂർപ്പിച്ച് കേൾക്കുന്നത് മനസ്സിലറിയും. 'മരണസമയത്ത്



തമ്പുരാനോട് അപേക്ഷിക്കണമേ' എന്ന് പ്രാർഥിക്കുമ്പോൾ, നാം അവിടത്തെ പ്രകാശത്തിലെ ഒരു കണികയാണെന്ന ബോധം മരണ ഭയത്തെ അതിജീവിക്കുന്ന ഒരു ആശ്രയത്വം പകരുന്നു. നമുക്ക് ആശ്രയിക്കാനൊരു സങ്കേതമുണ്ട്, 'പാപികളുടെ സങ്കേതം.'

'Protoevangelium of James' എന്ന, ബൈബിളിൽ ഇല്ലാത്ത ഒരു സമാന്തര സുവിശേഷത്തിലാണ് മാതാവിന്റെ പിറവിയെയും മരണത്തെയും സ്വർഗാരോപണത്തെയും വ്യക്തമായി രേഖപ്പെടുത്തിയിട്ടുള്ളത്.

ജോവാക്കിമും അന്നയും വളരെ പ്രായമായവരായിരുന്നു. മറിയത്തിന് മൂന്ന് വയസുള്ളപ്പോൾ മാതാപിതാക്കൾ ജെറുസലേം ദേവാലയത്തിൽ അവളെ സമർപ്പിച്ചു. ദേവാലയത്തിന്റെ പതിനഞ്ച് പടികളും തിരിഞ്ഞ് നോക്കാതെ അവൾ നടന്നു കയറി! കൂടാരത്തിരുന്നാളിൽ ആ ഒരോ പടികളും ഓരോ ആരോഹണ സങ്കീർത്തനങ്ങളുടെ പ്രതിഫലനമാണ്. (സങ്കീ 120 മുതൽ 134 വരെ) ഈ 15 സങ്കീർത്തനങ്ങളാണ് ആരോഹണ സങ്കീർത്തനങ്ങൾ. അവയുടെ ടൈറ്റിലുകൾ ഒന്നു നോക്കിയാൽ മതി, മൂന്നാം വയസ്സിൽ അവൾ കടന്ന ആത്മബോധം എന്ത് എന്നതിനെ ഒരു രൂപകമാക്കാൻ. പിന്നീടുള്ള വർഷങ്ങളിൽ ആ ജെറുസലേം ടെമ്പിൾ ആയിരുന്നു അവളുടെ സങ്കേതം.

പന്ത്രണ്ടാം വയസ്സിൽ അവൾ ദൈവത്തിന്റെ സങ്കേതമായി മാറി. ദൈവപുത്രനെ പ്രസവിക്കാൻ സങ്കേതം തേടി. ഓർക്കണം, ദൈവം കാലിത്തൊഴുത്ത് തിരഞ്ഞെടുത്തപ്പോഴും അമ്മയും ജോസഫും ആഗ്രഹിച്ചത് ഒരു നല്ല സങ്കേതമായിരുന്നു. അതുകൊണ്ടാവണം ഇപ്പോഴും മനുഷ്യരുടെ വീടെന്ന സ്വപ്നത്തെ 'അമ്മ മാനസ'ത്തിന്റെ ഭാഗമായി കാണാനിഷ്ടമാണ്.

സുഗന്ധദ്രവ്യം സൂക്ഷിച്ച ഭരണിയിൽ സുഗന്ധം അവശേഷിക്കുന്നതുപോലെ അമ്മയിൽ മകനവശേഷിക്കുന്നു! അവരെ ക്ഷണിച്ച സങ്കേതങ്ങളിൽ കാനായിലെന്ന പോലെ, പ്രാണൻ വീഞ്ഞു പോലെ നുരയുന്നു. കുരിശിൽ കിടന്ന് അമ്മയെ ശിഷ്യന് സമ്മാനിക്കുമ്പോൾ നമുക്കും അതിന്റെ പൂർണ പങ്ക് ലഭിക്കുന്നു. ശിഷ്യത്വം സ്വീകരിച്ചവർ അവളെ സ്വന്തം സങ്കേതങ്ങളിൽ സ്വീകരിക്കുന്നു. മൂശാരി ശില്പം ഉണ്ടാക്കുന്ന അച്ച് പോലെ ഒരമ്മ! അവൾക്കുശേഷം പന്ത്രണ്ട് ക്രിസ്തുമാർ രൂപപ്പെട്ടു. ആരൊക്കെ അവളിലേയ്ക്ക് സ്വയം ഉരുക്കി ഒഴിച്ചാലും, ദൈവപുത്രനാക്കി അവൾ തിരികെ നൽകുന്നു!

Protoevangelium of James പ്രകാരം മാതാവ് ദിവംഗതയാകുന്നതിന് മുമ്പ് ഗബ്രിയേൽ മാലാഖ പ്രത്യക്ഷപ്പെട്ട് മൂന്നാം ദിവസം ദൈവപുത്രൻ തന്നെ കൂട്ടി കൊണ്ട് പോകാൻ വരുമെന്ന് അറിയിക്കുന്നു. മരണശേഷം മറിയത്തെ 'യഹോഷാഫാത്തിന്റെ താഴ്‌വര'യിലാണ് അടക്കിയത്. 'യഹോഷാഫാത്തി'ന്റെ അർഥം വിധിക്കാൻ വരുന്ന ദൈവമെന്നാണ്. (ജോയേൽ 3, 12) അങ്ങനൊരു ദൈവവിധിയുടെ ഇടത്തിൽ ദൈവമാതാവിനെ അടക്കം ചെയ്തു എന്നുപറയുമ്പോൾ, മരണ സമയത്തെ മധ്യസ്ഥ എന്ന് തന്നെയാണ് അർഥം. അടക്കം ചെയ്ത അവളുടെ ശരീരം അഴുകാൻ ദൈവം അനുവദിക്കാതെ സ്വർഗത്തിലേയ്ക്ക് ഉയർത്തി എന്നതാണ് പാരമ്പര്യം.

'പാപികളായ ഞങ്ങൾക്കുവേണ്ടി മരണസമയത്ത് പ്രാർഥിക്കണമേ!' എന്നത് അപ്പോൾ ദൈവശാസ്ത്ര പ്രകാരം കൂടി അർഥവത്താകുന്നു. പാപികളുടെ സങ്കേതമേ! ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ! Life doens't come with a 'Manual', but it comes with a 'Mother'

***ജെ. ക്രൈസ്റ്റ് വോൺ എന്നത് തൂലികാനാമം. ജിത്തു ജോർജ് എന്നതാണ് ശരിയായ പേര്. ഓസ്ട്രേലിയയിലെ പെർത്തിൽ കുടുംബമായി താമസിക്കുന്നു. ഓസ്ട്രേലിയൻ ഗവൺമെന്റ് ഓർഗനൈസേഷനായ ഡിപ്പാർട്ട്മെന്റ് ഓഫ് കമ്യൂണിറ്റിയിൽ ഡാറ്റ എഞ്ചിനീയറായി പ്രവർത്തിക്കുന്നു.***



യുവ/യൂത്ത് ക്ലാസ്സ് - എഡ്വിൻ ജോസഫ്, പുത്തൻചിറ

# വി.ആർ ലോകം

**വെർച്വൽ റിയാലിറ്റിയെക്കുറിച്ച് പ്രാഥമികമായി അറിയേണ്ടതും അനുവർത്തിക്കേണ്ടതുമായ കാര്യങ്ങൾ. സത്വരവും സത്യസന്ധവുമായ ശ്രദ്ധ നൽകൽ ഗുണം ചെയ്യുമെന്നുറപ്പാണ്.**

വെർച്വൽ റിയാലിറ്റി (VR) ഒരു സുപ്രധാന സാങ്കേതിക മുന്നേറ്റത്തെയാണ് പ്രതിനിധീകരിക്കുന്നത്. ഇത് വെറുമൊരു സ്ക്രീനിലേക്ക് മാറുന്നതിലുപരി, അതൊരാഴത്തിലുള്ള 'മിഥ്യാ ലോകമാണ്" എന്നു മനസ്സിലാക്കാൻ നമുക്ക് ഈ വിഷയത്തിലേക്ക് ആഴ്ന്നിറങ്ങാം.

ഒരു ടെലിവിഷനിൽ നിന്നോ സ്മാർട്ട്ഫോണിൽ നിന്നോ വ്യത്യസ്തമായി, ഒരു വിആർ ഹെഡ്സെറ്റ് രൂപകൽപന ചെയ്തിരിക്കുന്നത് ചുറ്റുമുള്ള ഭൗതിക പരിസ്ഥിതിയുടെ കേൾവിയും കാഴ്ചയുമെല്ലാം പൂർണമായും തടയുന്നതിനാണ്. ഇത് ദൈവത്തിന്റെ സൃഷ്ടിയെ മാറ്റിസ്ഥാപിച്ച്, വളരെ ഉയർന്ന ഭ്രമാത്മകത നൽകുന്ന മനുഷ്യനിർമിത അനുകരണത്തെ അവതരിപ്പിക്കുന്നു. വിആറിന്റെ പ്രധാന സവിശേഷത (USP) ഈ പൂർണമായ ആഴത്തിലുള്ള അനുഭവമാണ്. ഇതാണ് അതീവ ആകർഷകമാക്കുന്ന ഘടകവും. എന്നാൽ, അപകട സാധ്യതയുടെ പ്രധാന ഉറവിടവും ഇതുതന്നെയാണ്. സാമൂഹിക സ്വാധീനം കാരണം തങ്ങളുടെ കുട്ടികൾ സാങ്കേതികവിദ്യയുടെ ലോകത്തിലേക്ക് അമിതമായി ചായ്വ് കാണിക്കുന്നുവെന്ന് മാതാപിതാക്കളും വേദോപദേശകരും വിലപിക്കുന്നു.



**മാനസിക ആഘാതത്തിൽ നിന്ന് കരകയറുന്നവർക്ക്, മനുഷ്യ ഇടപെടലിൽനിന്നും തീവ്രത കുറയ്ക്കുന്നതിലൂടെ പ്രാഥമിക വിലയിരുത്തലുകളെ പിന്തുണയ്ക്കാൻ വിആർ തെറാപ്പിക്ക് കഴിയും**

## പ്രധാന അപകടസാധ്യതകൾ

മനഃശാസ്ത്രപരം: ഇന്നത്തെ യുവജനങ്ങളും കൗമാരക്കാരും സ്വകാര്യതയുടെ പേരിൽ വിവിധ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ തങ്ങളുടെ അവതരണങ്ങൾ (idealized avatars) സൃഷ്ടിക്കാൻ സമപ്രായക്കാരിൽ നിന്നും സമ്മർദം നേരിടുന്നു. ഇതവരുടെ സ്വതസിദ്ധമായ യഥാർഥ സ്വാതന്ത്ര്യമല്ല പകരം, വെർച്വൽ ലോകത്തെ ഒരു ഭാവനാസൃഷ്ടി മാത്രമാണ്. ഇത് യഥാർഥ ബന്ധവും കൃത്രിമമായി സൃഷ്ടിച്ച ഡിജിറ്റൽ കൂട്ടായ്മകളുമായുള്ള ബന്ധവും തമ്മിൽ അവ്യക്തത സൃഷ്ടിക്കുന്നു. സോഷ്യൽ മീഡിയയുടെ അമിതമായ ഉപയോഗം യഥാർഥ ജീവിത ഉത്തരവാദിത്വങ്ങളെ അവഗണിക്കുന്നതിലേക്കു നയിക്കുന്നു.

**ശാരീരികവും മാനസികവുമായ ആരോഗ്യ പ്രശ്നങ്ങൾ**: മോഷൻ സിക്നസ്, നാഡീവ്യൂഹസംബന്ധിയായ ദീർഘകാല പ്രശ്നങ്ങൾ, ഒരിടവേളയുമില്ലാതെ മണിക്കൂറുകളോളം ഒരേ സ്ഥാനത്ത് തുടരുന്നതിലൂടെ കഴുത്തിനും നട്ടെല്ലിനും ഉണ്ടാകുന്ന പിരിമുറുക്കവും വളരെ കൂടുതലാണ്.

**ആത്മീയപരം**: കൂദാശകളുടെ യഥാർഥ കൃപയിൽ നിന്ന് വിനോദത്തിന്റെ പേരിൽ അരക്ഷിതമായ ലോകത്തേക്ക് പലായനത്തിന് യുവതലമുറയെ വഴിതെറ്റിക്കാൻ വിആർ കളമൊരുക്കുന്നു. വിആറിലെ അൽഗോരിതങ്ങൾക്ക് ആഗ്രഹങ്ങളെയും പെരുമാറ്റങ്ങളെയും വിശ്വാസങ്ങളെ പോലും രൂപപ്പെടുത്താൻ കഴിയും, പ്രത്യേകിച്ച് പെട്ടെന്ന് സ്വാധീനിക്കപ്പെടുന്ന കുട്ടികളിൽ. ആഴത്തിലുള്ള വിആർ, ശ്രദ്ധയെ ആന്തരിക സംഭാഷണങ്ങളിൽ നിന്ന് ബാഹ്യ അനുകരണത്തിലേക്ക് മാറ്റുകയും, ആത്മാവിന്റെ ആത്മീയ യാത്രയെ ദുർബലപ്പെടുത്തുകയും ചെയ്യുന്നു.

## സഭയുടെ ഓർമപ്പെടുത്തലും പ്രായോഗിക മാർഗനിർദേശങ്ങളും

സഭ നമ്മെ ക്രിസ്തുസ് വിവിത് (Christus Vivit ഫ്രാൻസിസ് പാപ്പ, 2019) എന്ന അപ്പസ്തോലിക പ്രബോധനത്തിലൂടെ ഓർമിപ്പിക്കുന്നത്, യുവജനങ്ങൾ ഡിജിറ്റലിനു പകരം യഥാർഥമായ കൂടിക്കാഴ്ചകളിൽ പങ്കുചേരണമെന്നാണ്.

ശാരീരികമായ പരിമിതികളുള്ളവർക്കും (immunocompromised individuals), സാധാരണ ആരോഗ്യവാന്മാരായ കൗമാരക്കാരെക്കാൾ, വിആർ സാങ്കേതികവിദ്യ കൂടുതൽ ഉപയോഗപ്രദമാകാൻ സാധ്യതയുണ്ട്. യാത്രയിലും സാമൂഹിക ഇടപെടലുകളിലുമുള്ള അവരുടെ പരിമിതികൾ കാരണം, നിയന്ത്രിതമായ സ്ക്രീൻ സമയത്തോടും മേൽനോട്ടത്തോടും കൂടിയുള്ള വെർച്വൽ തീർഥാടനങ്ങളും മാർഗനിർദേശത്തോടെയുള്ള പഠനവും അർഥവത്തായ അനുഭവങ്ങളായി മാറുമവർക്ക്.

അതുപോലെ, മാനസിക ആഘാതത്തിൽ നിന്ന് കരകയറുന്നവർക്ക്, മനുഷ്യ ഇടപെടൽനിന്നും തീവ്രത കുറയ്ക്കുന്നതിലൂടെ പ്രാഥമിക വിലയിരുത്തലുകളെ പിന്തുണയ്ക്കാൻ വിആർ തെറാപ്പിക്ക് കഴിയും. ഇത് അവരെ വൈകാരിക സ്ഥിതിയിൽ സൗമ്യമായി നയിക്കുന്നു.

സാങ്കേതികവിദ്യ അനുവദനീയമാണ്, എന്നാൽ വിവേകം ആവശ്യമാണ്. ഓരോ ഉപയോക്താവിനും കുടുംബത്തിനും വേണ്ടിയുള്ള മാർഗനിർദേശപരമായ ചോദ്യം ഇതാണ്: 'ഇതെന്നെ ക്രിസ്തുവിലേക്ക് അടുപ്പിക്കുകയാണോ അതോ അകറ്റുകയാണോ?'

വിശുദ്ധർ നമ്മെ ഓർമിപ്പിക്കുന്നത്, വിശുദ്ധി 'അനുഭവിക്കുന്നതിൽ' മാത്രം ഒതുങ്ങാതെ 'ജീവിക്കണം' എന്നാണ്.

## പ്രായോഗിക മാർഗനിർദേശങ്ങൾ

വിആറിനെ ദൈനംദിന പലായനമായിട്ടല്ല, വല്ലപ്പോഴുമുള്ള വിനോദമായി മാത്രം കണക്കാക്കുക.

**വ്യക്തമായ പരിധികൾ നിശ്ചയിക്കുക**: പ്രായത്തിനനുസരിച്ചുള്ള നിയമങ്ങൾ, സെഷൻ സമയപരിധി, സ്ക്രീൻ രഹിത ദിവസങ്ങൾ എന്നിവ പാലിക്കുക.

**സജീവമായി മേൽനോട്ടം വഹിക്കുക**: ആപ്പുകൾ, അനുഭവങ്ങൾ, സാമൂഹിക ഇടപെടലുകൾ എന്നിവയെക്കുറിച്ച് അറിയുക; ഉള്ളടക്കം മുൻകൂട്ടി പരിശോധിക്കുക.

**യഥാർഥ ജീവിതത്തിന് മുൻഗണന നൽകുക**: ഔട്ട്ഡോർ കളികൾ, കൂട്ടായ ആരാധന, ഒരുമിച്ചുള്ള ഭക്ഷണം, സേവനം എന്നിവയ്ക്കായി സമയം കണ്ടെത്തുക.

**വേർതിരിച്ചറിയുന്നത് പങ്കുവയ്ക്കുകയും ചർച്ച ചെയ്യുകയും ചെയ്യുക**: വെർച്വൽ ഐഡന്റിറ്റിയിൽ നിന്ന് യഥാർഥ ഐഡന്റിറ്റിയിലേക്ക് എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നുവെന്ന് പഠിപ്പിക്കുക; സാങ്കേതികവിദ്യ ഒരു യജമാനനല്ല, ഒരു ഉപകരണമാണെന്ന് കുട്ടികളെ പഠിപ്പിക്കുക.

## ഉപസംഹാരം

ഭക്ഷണം കഴിക്കുമ്പോഴോ വിളമ്പുമ്പോഴോ മാത്രം നമ്മൾ സ്പൂൺ ഉപയോഗിക്കുന്നതുപോലെ, വിആർ ബോധപൂർവം ഉപയോഗിക്കണം. മനുഷ്യന്റെ അന്തസ്സ് ഉയർത്തുകയും ശാശ്വതമായ മൂല്യം പകർന്നു നൽകുകയും ചെയ്യുന്നതും തിരുവെഴുത്തും പാരമ്പര്യവുമൊക്കെ മനസ്സിലാക്കാനും തക്കരീതിയിലുള്ള ബുദ്ധിപൂർവമായൊരു യാത്രയായിരിക്കണം ഇതിലൂടെയുള്ളത്. ആത്യന്തികമായി, ഓരോ കുടുംബവും വ്യക്തിയും ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവുമായിരിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു. യാഥാർഥ്യത്തിൽ നിന്ന് ഒളിച്ചോടുന്നതിലല്ല വിശുദ്ധി കണ്ടെത്തുന്നത് എന്നു നാമോർക്കണം. മറിച്ച്, വിശ്വാസം, പ്രത്യാശ, സ്നേഹം എന്നീ മൂല്യങ്ങളാകുന്ന ഉപകരണങ്ങൾ കൈയിലേന്തി, യേശുവിനെപ്പോലെ എല്ലാ സന്തോഷങ്ങളോടും ദുഃഖങ്ങളോടും വെല്ലുവിളികളോടുംകൂടി യഥാർഥ ജീവിതത്തെ ധൈര്യത്തോടെ നേരിടുന്നതിലാണ് വിശുദ്ധി നിലകൊള്ളുന്നത്.

***എഡ്വിൻ ജോസഫ് : ഫിൻടെക്, സൈബർ സുരക്ഷാ വിദഗ്ദ്ധൻ, കുട്ടികൾക്കും യുവജനങ്ങൾക്കുമായുള്ള ആഗോള മാധ്യമ, മിഷൻ സംരംഭങ്ങളിൽ സഹകരിക്കുന്നു. ഭാര്യയും മൂന്ന് മക്കളുമൊത്ത് കേരളത്തിൽ പുത്തൻചിറയിൽ താമസിക്കുന്നു.***



യുവ/യൂത്ത് മൈസ്റ്റോറി - ആൻസി ജോസ്, അരൂർ

# ഒരു ടെസ്റ്റും ട്വിസ്റ്റും

ഏറ്റവും ഹൃദ്യമായ ഒന്നാണ് ഈശോയ്ക്ക് ഒത്തിരി ഇഷ്ടപ്പെട്ട കൾച്ചറൽ എക്സ്ചേഞ്ച് പ്രോഗ്രാം. ദൂരദേശങ്ങളിൽ പോയി മിഷൻ ചെയ്യുന്നതിനുപകരം, നമ്മുടെ വീടുതന്നെ മിഷൻ സ്ഥലമാക്കുന്ന മാജിക്. ഭാഷ, സംസ്കാരം മുതലായവയെല്ലാം വിഭിന്നമായ ആളുകൾക്ക് ആതിഥ്യം നൽകിക്കൊണ്ട് നമ്മുടെ ക്രൈസ്തവ പാരമ്പര്യവും പ്രാർഥനാജീവിതവും കുടുംബാംഗങ്ങൾ തമ്മിലുള്ള കെട്ടുറപ്പും രുചി വൈവിധ്യവുമെല്ലാം അവർക്കും പകർന്നു നൽകുന്ന സുരഭില നിമിഷങ്ങൾ.

ഈ വർഷം കൾച്ചറൽ എക്സ്ചേഞ്ച് പ്രോഗ്രാമിൽ പങ്കെടുത്തവരെ ഞങ്ങളുടെ വീട്ടിൽ സ്വീകരിക്കാമെന്ന് അത്യധികം സന്തോഷത്തോടെയാണ് ജീസസ് യൂത്ത് മിഷൻ ടീമിനെ അറിയിച്ചത്. രണ്ടാഴ്ച കഴിഞ്ഞപ്പോൾ വളരെ അപ്രതീക്ഷിതമായി എനിക്ക് ഹോസ്പിറ്റലിൽ പോകേണ്ടി വരികയും, ഗോൾ ബ്ലാഡറിൽ കല്ലുകൾ ഉണ്ടെന്നും, അത്യാവശ്യമായി സർജറി വേണമെന്ന് ഡോക്ടർ അറിയിക്കുകയും ചെയ്തു. പദ്ധതികളെല്ലാം പാളിപ്പോയ അവസ്ഥ അതിഭീകരമായിരുന്നു. പുതിയ വീട്ടിലെ ആദ്യ ക്രിസ്മസ്, ഞാൻ ഏറ്റവും ഇഷ്ടത്തോടെ ചെയ്യുന്ന പുൽക്കൂട് നിർമാണം, എക്സ്ചേഞ്ച് പ്രോഗ്രാം എല്ലാം അവസാനിച്ചു. ജീസസ് യൂത്ത് മിഷൻ ടീമിനെ വിളിച്ച് അസൗകര്യം അറിയിച്ചു. പ്ലാനനുസരിച്ച് കാര്യങ്ങൾ പോയില്ലെങ്കിൽ ഈശോയുമായി മുട്ടൻ അടികൂടുന്ന ഞാൻ എന്തുകൊണ്ടോ സങ്കടക്കടൽ ഉള്ളിലൊതുക്കി നിശ്ശബ്ദത പാലിച്ചു.

**ഗോൾ ബ്ലാഡറിൽ കല്ലുകൾ ഉണ്ടെന്നും അത്യാവശ്യമായി സർജറി വേണമെന്ന് ഡോക്ടർ അറിയിക്കുകയും ചെയ്തു. പദ്ധതികളെല്ലാം പാളിപ്പോയ അവസ്ഥ..**

ഗോൾ ബ്ലാഡർ സർജറിക്ക് ഇൻഷുറൻസ് പരിരക്ഷ കിട്ടുന്ന മറ്റൊരു ഹോസ്പിറ്റലിലേക്ക് ചികിത്സ മാറ്റാൻ തീരുമാനിച്ചു. വീട്ടുകാരും ഞാനും സർജറിക്കായി മാനസികമായി തയ്യാറെടുത്തു. അപ്പോഴാണ് ട്വിസ്റ്റ് വരുന്നത്. പുതിയ ആശുപത്രിയിൽ നടത്തിയ ബ്ലഡ് ടെസ്റ്റ് ഫലത്തിൽ പ്രതീക്ഷയ്ക്ക് വകയുള്ള ചില മാറ്റങ്ങൾ. ഒരാഴ്ചയ്ക്കുശേഷം വീണ്ടും ടെസ്റ്റ് ചെയ്യാൻ നിർദേശിച്ച് ഡോക്ടർ ഞങ്ങളെ മടക്കി അയച്ചു. ഒരാഴ്ചയ്ക്കുശേഷമുള്ള ഫലംകണ്ട് ഡോക്ടർ, രണ്ടാഴ്ചയ്ക്കുശേഷം വീണ്ടും ടെസ്റ്റ് ചെയ്യാൻ പറഞ്ഞു. ഞങ്ങൾക്ക് ആ സമയം ധാരാളമായിരുന്നു. കാരണം ആ രണ്ടാഴ്ചയാണ് കൾച്ചറൽ എക്സ്ചേഞ്ച് പ്രോഗ്രാമും ക്രിസ്മസും. പ്രോഗ്രാമിന് ഞങ്ങളുടെ വീട് തയ്യാറാണെന്ന് മിഷൻ ടീമിനെ അറിയിക്കലായിരുന്നു ആദ്യം ചെയ്തത്. ഹോസ്പിറ്റലിൽ നിന്നും വരുന്ന വഴിതന്നെ ക്രിസ്മസിനുള്ള അലങ്കാരവസ്തുക്കളും വാങ്ങി.

അങ്ങനെ പ്രോഗ്രാമിന്റെ ഭാഗമായി വീട്ടിലെത്തിയവരെ ഞങ്ങൾ സ്വീകരിച്ചു. പ്രതീക്ഷിച്ചതിലും ഉപരിയായിരുന്നു പ്രോഗ്രാം നൽകിയ സന്തോഷം. ക്രിസ്മസിന് രണ്ട് ഉണ്ണീശോമാരെ കിട്ടിയതുപോലെ. നിഷ്കളങ്കരായ രണ്ട് മേഘാലയക്കാരാണ് ഞങ്ങളുടെ വീട്ടിൽ എത്തിയത്. കുടുംബ പ്രാർഥന ഒരുമിച്ചു ചൊല്ലിയും മലയാളം പാട്ട് പഠിച്ചും കൃഷി കാര്യങ്ങൾ/പരിചയങ്ങൾ സംസാരിച്ചും ക്രൈസ്തവ മലയാളി വിഭവങ്ങളുടെ രുചി അറിഞ്ഞുമുള്ള ഒരാഴ്ച പെട്ടെന്ന് കടന്നുപോയി. റെയിൽവേ സ്റ്റേഷനിൽ അവരെ തിരികെ യാത്രയാക്കാൻ പോയി തിരിച്ചു വന്നപ്പോൾ മനസ്സിന് ഒരു വിങ്ങലായിരുന്നു.

വീണ്ടും ഹോസ്പിറ്റലിലേക്ക്. രക്ത പരിശോധന ഫലം എല്ലാം നോർമൽ. ഒരു മരുന്നു പോലും കഴിക്കേണ്ടയെന്ന് ഡോക്ടർ പറഞ്ഞു. ഡോക്ടറിനോട് നന്ദി പറഞ്ഞിറങ്ങിയപ്പോൾ, പ്രോഗ്രാമിൽ പങ്കെടുത്തവരെ ഒത്തിരി സ്നേഹത്തോടെ സ്വീകരിച്ചതിന് ഈശോ തന്ന സമ്മാനമാണ് ഈ രോഗശാന്തിയെന്ന് ഞാൻ തിരിച്ചറിഞ്ഞു. ഈശോയ്ക്ക് അത്രയേറെ പ്രിയപ്പെട്ട മിഷൻ പ്രവർത്തനം തന്നെയായിരുന്നു ആ പ്രോഗ്രാമെന്ന ബോധ്യം എനിക്ക് ലഭിച്ചു. വീട്ടിൽ വന്നവരെ അതിഥികളായി സ്വീകരിക്കുന്നത് ഉണ്ണീശോയെ വീട്ടിൽ സ്വീകരിക്കുന്നതുപോലെ അനുഗ്രഹദായകമാണെന്ന് ഈ ക്രിസ്മസ് കാലയളവിൽ മനസ്സിലാക്കാൻ സാധിച്ചു.

***ലേഖിക അധ്യാപികയാണ്. ഭർത്താവിനോടും മൂന്ന് കുട്ടികളോടുമൊപ്പം അരുരിൽ താമസിക്കുന്നു.***





**സിനി ടോക്സ് - സാജൻ സി എ**




മനുഷ്യപ്രകൃതിയുടെയും പ്രപഞ്ചത്തിന്റെയും വശ്യമാർന്ന നിഗൂഢതകളിലേക്ക് ഒരു യാത്ര

കാവലുള്ള ഗൃഹങ്ങൾ കാരാഗൃഹമാകുന്ന കരളലിയിക്കുന്ന കാഴ്ചകൾ സൂചിമുനപോലെ ഹൃദയത്തെ തൊടുമ്പോൾ നമ്മുടെതന്നെ ജീവിതപരിസരങ്ങളിലേക്ക് നമ്മൾ തിരിഞ്ഞുനോക്കും. അടക്കിപ്പിടിക്കുന്ന പല സഹനങ്ങൾക്കും മൗനത്തിനും കീഴെ പ്രക്ഷുബ്ധമായ അടിയൊഴുക്കുകൾ ഉണ്ടെന്നറിയണം. ആത്മാർഥമായ ശുദ്ധസ്നേഹത്തിൽ ഭയത്തിനു സ്ഥാനമില്ല. ആ സ്നേഹം സകലതിനെയും കീഴടക്കുന്നു. തീർച്ചയായും ഇതാവും 'എക്കോ' നമ്മിലേക്കെത്തുമ്പോൾ നമ്മിൽ പ്രതിധ്വനിക്കുന്നത്.

വശ്യമനോഹരമായ മലയിടുക്കുകൾ നിറഞ്ഞ പ്രകൃതിയും അതിൽ നിറയുന്ന നിഗൂഢതയും അഭ്രപാളികളിൽ തെളിയുമ്പോൾ മനസ്സിൽ നിറയുന്നതും ആ നിഗൂഢതയുടെ സൗന്ദര്യം തന്നെ. കേരള–കർണാടക അതിർത്തിക്കടുത്തുള്ള കാടും മലകളും നിറഞ്ഞ പശ്ചിമഘട്ട പ്രകൃതിയും അവിടെത്തന്നെ റിമോട്ട് ഏരിയായിലുള്ള ഒരു എസ്റ്റേറ്റുമാണ് കഥാപരിസരം.

കാവൽ, സംരക്ഷണം, വിശ്വാസം, വിശ്വസ്തത തുടങ്ങിയ മാനുഷിക മൂല്യങ്ങളുടെ സ്നിഗ്ദ്ധമായ തലങ്ങൾ പ്രേക്ഷകർക്ക് അനുഭവവേദ്യമാക്കുന്നതിൽ ചിത്രം നൂറ് ശതമാനം വിജയിച്ചിരിക്കുന്നു. മനുഷ്യനോട് ഏറ്റവും വിശ്വസ്തരായിരിക്കുന്ന നായ്ക്കൾ ഈ ചിത്രത്തിൽ മനുഷ്യകഥാപാത്രങ്ങളെക്കാൾ ഗാംഭീര്യത്തോടെ തലയുയർത്തി നിൽക്കുന്നത് ചിത്രത്തിന്റെ ഹൈലൈറ്റ്സ് ആണ്.

കുരിയച്ചൻ (സൗരഭ് സചദേവ) എന്ന കഥാപാത്രത്തെ ചുറ്റിപ്പറ്റിയാണ് ചിത്രത്തിന്റെ കഥയുടെ ചുരുളഴിയുന്നത്. മോഹൻ പോത്തൻ

> കാവൽ, സംരക്ഷണം, വിശ്വാസം, വിശ്വസ്തത തുടങ്ങിയ മാനുഷിക മൂല്യങ്ങളുടെ സ്നിഗ്ദ്ധമായ തലങ്ങൾ പ്രേക്ഷകർക്ക് അനുഭവവേദ്യമാക്കുന്നതിൽ ചിത്രം നൂറ് ശതമാനം വിജയിച്ചിരിക്കുന്നു.

(വിനീത്) തന്റെ സുഹൃത്തായ കുരിയച്ചനെ തേടി എസ്റ്റേറ്റിലേക്ക് എത്തുന്നു. കുരിയച്ചന്റെ പക്കലുള്ള അപൂർവയിനം നായ്ക്കളിൽ നിന്ന് ബ്രീഡ്ചെയ്ത് കൊണ്ടുപോകാനായി ഒരു പെൺനായയുമായാണ് പോത്തൻ അവിടെയെത്തുന്നത്. അപ്പൂട്ടി (അശോകൻ) എന്ന ടാക്സി ഡ്രൈവറാണ് പോത്തനെ തന്റെ ജീപ്പിൽ എസ്റ്റേറ്റിലേക്ക് എത്തിക്കുന്നത്. ആകാംക്ഷാഭരിതമായ കഥാഗതിയിൽ പിന്നീട് കാണുന്നത് പാറയിടുക്കിൽ വീണ് മരിച്ചു കിടക്കുന്ന പോത്തനെയും ഭക്ഷണം കിട്ടാതെ മരിച്ചുപോയ പോത്തന്റെ നായയെയുമാണ്. കുര്യാച്ചന്റെ ഭാര്യയായ മലേഷ്യക്കാരി സോയി എസ്റ്റേറ്റിൽ താമസിക്കുന്നുണ്ട്. അവരെ ശുശ്രൂഷിക്കാനായി, ജോലിക്കാരനായി പീയൂസ് (സന്ദീപ് പ്രദീപ്) എന്ന ചെറുപ്പക്കാരനും കൂടെ വിശ്വസ്തരായ നായ്ക്കളും.

കുരിയച്ചന്റെ കുടിലബുദ്ധിയുടെ ഫലമായി മോഹൻ പോത്തൻ കുറച്ചു വർഷം ജയിൽ വാസം അനുഭവിച്ച ശേഷമാണ് കുര്യാച്ചനെ തേടി എസ്റ്റേറ്റിലേക്ക് വരുന്നത്. മംഗലാപുരത്തു നിന്ന് നാവികസേന ഉദ്യോഗസ്ഥൻ ആണെന്ന് അവകാശപ്പെടുന്ന മറ്റൊരാളും (നരേൻ) കുരിയച്ചനെ തേടിവരുന്നു. മരംവെട്ടുകാരായി ലോറിയുമായെത്തുന്ന സോമനും സുകുമാരനും (ബിനു പപ്പു) കുര്യാച്ചനെ തേടിത്തന്നെയാണ് എസ്റ്റേറ്റിലേക്ക് എത്തുന്നത്. ചിത്രത്തിന്റെ മൂഡ് ക്രിയേറ്റ് ചെയ്യുന്നതിൽ സുപ്രധാന പങ്ക് വഹിക്കുന്ന ഇവർ യഥാർഥത്തിൽ ആരായിരുന്നുവെന്നത് അവസാനം വെളിപ്പെടുന്നു. ചിത്രത്തിന്റെ കഥാഗതി വികസിക്കുമ്പോൾ, പിയൂസിനെയും കൂട്ടി ഇവർ, കുരിയച്ചൻ ഒളിച്ചുതാമസിക്കുന്നുവെന്ന് കരുതപ്പെടുന്ന ഒരു ഗുഹ തേടി പോകുന്നു. പിയൂസുമായി അപ്രതീക്ഷിതമായുണ്ടാകുന്ന ഏറ്റുമുട്ടലിൽ സോമനും സുകുമാരനും കൊല്ലപ്പെടുന്നു. കഥയുടെ പൊരുൾ കൂടുതൽ തെളിവാർന്ന് പ്രേക്ഷകരിലേക്ക് എത്തുമ്പോഴും നിഗൂഢതകളുടെ ചുരുളുകൾ ഓരോന്നായി അഴിഞ്ഞു നിവരുമ്പോഴും പ്രേക്ഷകർ ശ്വാസമടക്കി അത്ഭുതംകൂറുന്ന മനസ്സോടെ, കഥയുടെ തീവ്രഗതിയിലേക്ക് സംവിധായകനോടൊപ്പം എത്തിച്ചേരുകയാണ്. ഒരു പ്രഹേളികയായി എന്നും നമ്മെ അമ്പരപ്പിക്കുന്ന മനുഷ്യമനസ്സിൽ, ജിജ്ഞാസയുണർത്തി പ്രേക്ഷക മനോധർമങ്ങളിക്ക് പകർന്നു നൽകുന്ന മായാജാലമാണ് കഥാന്ത്യം. കുരിയച്ചൻ ജീവിച്ചിരിപ്പുണ്ടോ? എസ്റ്റേറ്റിലുള്ള കുരിയച്ചന്റെ ഭാര്യ സോയി എന്ന മ്ലാത്തിച്ചേടത്തി യഥാർഥത്തിൽ ആരാണ് ? എസ്റ്റേറ്റ് കാവൽക്കാരനായ പിയൂസിന്റെ ലക്ഷ്യം എന്തായിരുന്നു? ചോദ്യങ്ങൾ ബാക്കിയാക്കിയാണ് ചിത്രം പൂർത്തിയാകുന്നത്.

കൊന്നിട്ടാണെങ്കിലും കാവൽ നിൽക്കാൻ മാത്രം പരിശീലനം ലഭിച്ച നായ്ക്കളെ, യഥാർഥത്തിൽ വർത്തമാനകാല മനുഷ്യജീവിതത്തിന്റെ വിജയാപചയങ്ങളിലേക്ക് വെളിച്ചം വീശുന്ന ആജ്ഞാനുവർത്തികളായിട്ടാണ് ചിത്രത്തിൽ പ്രതിഷ്ഠിച്ചിരിക്കുന്നത്.

പാട്ടും ഡാൻസും തമാശകളും മസാലകളും നിറഞ്ഞ തട്ടുതകർപ്പൻ ചിത്രത്തിനായി കാത്തിരിക്കുന്നവർക്ക് ഈ സിനിമ ആസ്വാദ്യകരമായിരിക്കില്ല. പക്ഷേ, ഗൗരവമുള്ള വിഷയത്തെ ആദ്യാവസാനം സസ്പെൻസ് മൂഡിൽ ആസ്വാദ്യകരമായി കാണാനാഗ്രഹിക്കുന്ന ഏതൊരാൾക്കും ഇതൊരു ഒരു കിടിലൻ മൂവിയാണ്. വ്യക്തിപരമായ അഭിപ്രായത്തിൽ ഈയടുത്തനാളിൽ കണ്ട ഏറ്റവും മനോഹരമായ ചിത്രവും ഇതുതന്നെയാണ്.

എക്കോയുടെ സംവിധാനം നിർവഹിച്ചിരിക്കുന്നത് 'കിഷ്കിന്ധാകാണ്ഡം' സംവിധാനം ചെയ്ത ദിൻജിത്ത് അയ്യത്താനാണ്. രചനയും ഛായാഗ്രഹണവും ബാഹുൽ രമേശ്. 125 മിനിറ്റ് ദൈർഘ്യമുള്ള ഈ മലയാള ചലച്ചിത്രം അഞ്ചുകോടി രൂപ മുതൽമുടക്കിൽ 50 കോടിയോളം കളക്ഷൻ നേടിയത് പ്രദർശന വിജയത്തിന്റെ തെളിവും മികവുമാണ്. ഈ 2025 നവംബറിൽ റിലീസായ ചിത്രം ഡിസംബർ അവസാനത്തോടെ നെറ്റ്ഫ്ളിക്സിൽ ലഭ്യമായിട്ടുണ്ട്. ഒ.റ്റി.റ്റി. തുറക്കുമ്പോൾ കാണാൻ മറക്കേണ്ട.

***കെയ്റോസ് മാസികയുടെ എക്സിക്യൂട്ടീവ് എഡിറ്ററാണ് ലേഖകൻ. ഭാര്യയോടും നാല് മക്കളോടുമൊപ്പം എറണാകുളത്ത് താമസം.***




**രാഷ്ട്രീയവും വിശ്വാസവും** - ജോബി ബേബി, കുവൈറ്റ്

# ജോസ് അന്റോണിയോ കാസ്റ്റ്

## JOSE ANTONIO KAST

ചിലിയുടെ പ്രസിഡന്റ്



തെക്കു പടിഞ്ഞാറൻ അമേരിക്കയിലെ ഏറ്റവും സുരക്ഷിത രാജ്യങ്ങളിലൊന്നായ ചിലിയിൽ 35 വർഷത്തെ ഇടതു ജനാധിപത്യത്തിനൊടുവിൽ ആദ്യമായി തീവ്ര വലതുപക്ഷക്കാരനായ ജോസ് അന്റോണിയോ കാസ്റ്റ് 38 –ാമത് പ്രസിഡന്റ് പദത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു.

"ചിലി ഒരു മാറ്റം ആഗ്രഹിച്ചു. വിജയം വ്യക്തിപരമല്ലെന്നും പാർട്ടിയുടെ നേട്ടമല്ലെന്നും ഭയമില്ലാതെ പ്രവർത്തിക്കുന്ന ചിലിയെ പ്രതീക്ഷിച്ച് വോട്ട് ചെയ്തവരുടെ വിജയമാണിതെന്നുമായിരുന്നു" കാസ്റ്റിന്റെ ആദ്യ പ്രതികരണം. കുറ്റകൃത്യങ്ങൾക്കും അനധികൃത കുടിയേറ്റത്തിനെതിരെയും കർശന നടപടി, രാജ്യത്തെ ഏതൊരു പൗരനും ഭയമില്ലാതെ ജീവിക്കാൻ കഴിയണം, യാതൊരു വ്യത്യാസവുമില്ലാതെ എല്ലാവർക്കും തുല്യത ലഭിക്കുന്ന രീതിയിൽ നിയമ സംവിധാനങ്ങൾ നടപ്പാക്കുക, കത്തോലിക്കാ സഭയുടെ പ്രബോധനമനുസരിച്ച് ഗർഭധാരണം മുതൽ സ്വാഭാവിക മരണംവരെ മനുഷ്യജീവന്റെ സംരക്ഷണത്തിന് പിന്തുണ നൽകുക തുടങ്ങി ആരോഗ്യ സാമൂഹിക വിഷയങ്ങളിൽ തീവ്ര വലതു നിലപാടുകളാണ് അദ്ദേഹത്തെ വിജയത്തിലെത്തിച്ചത്.

*"ദൈവം ഇല്ലായിരുന്നെങ്കിൽ ഒന്നും സാധ്യമാകുമായിരുന്നില്ല. പുതിയ ഉത്തരവാദിത്വത്തെ നേരിടാൻ ജ്ഞാനം, ആത്മനിയന്ത്രണം, ശക്തി എന്നിവ നൽകണമെന്ന് ഞാൻ കർത്താവിനോട് നിരന്തരം പ്രാർഥിക്കുന്നു"*

*ജോസ് അന്റോണിയോ കാസ്റ്റ്*

## വിദ്യാഭ്യാസവും രാഷ്ട്രീയ തുടക്കവും

1966 –ൽ സാന്റിയാഗോയിലെ ഒരു കത്തോലിക്കാ കുടുംബത്തിൽ ജനിച്ച കാസ്റ്റ് ശക്തമായ വിശ്വാസാനുഭവം അടയാളപ്പെടുത്തിയ കുടുംബത്തിലെ പത്തു മക്കളിൽ ഏറ്റവും ഇളയവനാണ്. അദ്ദേഹത്തിന്റെ മൂത്ത സഹോദരന്മാരിൽ ഒരാൾ കത്തോലിക്കാ പുരോഹിതനുമാണ്. സാന്റിയാഗോയിലെ ജർമൻ സ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയ കാസ്റ്റ് പിന്നീട് ചിലിയിലെ പൊന്തിഫിക്കൽ കാത്തലിക് യൂണിവേഴ്സിറ്റിയിൽ നിയമത്തിൽ ബിരുദ പഠനം പൂർത്തിയാക്കി. യൂണിവേഴ്സിറ്റി പഠനകാലത്ത് കത്തോലിക്കാ സഭയുടെ പ്രചോദനം ഉൾക്കൊണ്ട ഗ്രീമിയൽ മൂവ്മെന്റിൽ അദ്ദേഹം ചേർന്നു. അവിടെവച്ച് സ്വതന്ത്ര ജനാധിപത്യ യൂണിയന്റെ സ്ഥാപകനും ചിലിയിലെ ക്രിസ്ത്യൻ രാഷ്ട്രീയ ചിന്തയിലെ ഒരു പ്രധാന വ്യക്തിയുമായ ജെയിം ഗുസ്മാനെ പരിചയപ്പെടാൻ ഇടയായി. ഗുസ്മാനുമായുള്ള അദ്ദേഹത്തിന്റെ ബന്ധം വസ്തുനിഷ്ഠമായ ധാർമിക തത്ത്വങ്ങളാൽ നയിക്കപ്പെടുന്ന ഒരു സേവനമെന്ന നിലയിൽ രാഷ്ട്രീയത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ കാഴ്ചപ്പാടിൽ നിർണായകമായി സ്വാധീനിച്ചു.

## ജനിക്കാൻ അനുവദിച്ച തീരുമാനം

ജീവന്റെ ഉറച്ച സംരക്ഷകനായ കാസ്റ്റ് തന്റെ കുടുംബത്തിന്റെ ഭാവി രൂപപ്പെടുത്തിയ ഒരു വ്യക്തിഗത കഥ ഒരിക്കൽ ഒരു അഭിമുഖത്തിൽ പങ്കുവയ്ക്കുകയുണ്ടായി. 'എന്റെ മാതാപിതാക്കൾ ജർമൻ കുടിയേറ്റക്കാരാണ്. ഞങ്ങൾ ഏകദേശം 200 പേരടങ്ങുന്ന ഒരു വലിയ കൂട്ടുകുടുംബമാണ്. എന്റെ അമ്മയ്ക്ക് രണ്ടാമത്തെ കുട്ടി ജനിച്ചപ്പോൾ, അവൾക്ക് എക്ലാംസിയ (ഗുരുതരമായ ഗർഭകാല സങ്കീർണത) ഉണ്ടായിരുന്നു. ആയതിനാൽ അമ്മയ്ക്ക് ഇനി കുട്ടികളുണ്ടാകാനുള്ള സാധ്യതയില്ല എന്ന് ഡോക്ടർമാർ പങ്കുവച്ചു. അത് ശരിയാകാനിടയില്ലെന്ന് എന്റെ പിതാവ് വിശ്വസിച്ചു. സ്വന്തം ഭാര്യയുടെ ജീവന് ഭീഷണിയുണ്ടായിരുന്നിട്ടും അദ്ദേഹം അമ്മയോട് പറഞ്ഞു, ദൈവം നമുക്ക് ധാരാളം കുട്ടികളെ തരാൻ ആഗ്രഹിക്കുന്നുവെന്ന്. എന്റെ പിതാവിന്റെ ആ ദൃഢനിശ്ചയം ഞാൻ ഉൾപ്പെടെ എട്ട് കുട്ടികൾ കൂടി ജനിക്കാൻ ഇടയായി. മറിച്ചാണ് സംഭവിച്ചതെങ്കിൽ ഞാൻ ജനിക്കുമായിരുന്നില്ല" എന്നും അദ്ദേഹം പറഞ്ഞു.

## ആദ്യം ഞാൻ കത്തോലിക്കനാണ്, പിന്നെ ഒരു രാഷ്ട്രീയക്കാരനാണ്

പ്രസിഡന്റ് തിരഞ്ഞെടുപ്പ് പ്രചാരണ വേളയിൽ തന്റെ പ്രസംഗത്തിൽ വെള്ളം ചേർക്കുന്നതിനു പകരം അദ്ദേഹം തന്റെ നിലപാടുകൾ പരസ്യമായി പറയുകയുണ്ടായി. 'ഒരു കത്തോലിക്കനായാണ് ഞാൻ രാഷ്ട്രീയത്തിൽ പ്രവേശിച്ചത്. കൂടാതെ ഞാൻ ഒരു കുടുംബത്തിന്റെ പിതാവുമാണ്. ഇവയ്ക്ക് പുറമേയാണ് ഞാൻ രാഷ്ട്രീയക്കാരനായത്. ദൈവത്തെക്കുറിച്ചും, മാതൃരാജ്യത്തെക്കുറിച്ചും, കുടുംബത്തെക്കുറിച്ചുമാണ് ഞാൻ സംസാരിക്കാൻ പോകുന്നത്. നമ്മുടെ മാതൃരാജ്യത്തിന്റെ ദൃഢത നിലനിർത്തുന്ന മൂല്യങ്ങളാണിവ. ഇവയ്ക്കെതിരെ നമ്മോട് പറയുന്നവരുടെ മുന്നിൽ നാം ഭയപ്പെടരുത്. സാമൂഹിക വിശ്വാസം പുനർനിർമിക്കുന്നതിന് അത്യാവശ്യമായ സംഭാഷണത്തിന്റെയും കണ്ടുമുട്ടലിന്റെയും ബഹുമാനത്തിന്റെയും ഒരു അന്തരീക്ഷം വളർത്താൻ ഞാൻ നിങ്ങളെ പ്രോത്സാഹിപ്പിക്കുന്നു. കഷ്ടപ്പാടുകളും സാമൂഹികവും സാമ്പത്തികവുമായ പ്രതിസന്ധികളും വ്യാപകമായ അവിശ്വാസവും നിറഞ്ഞ ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. സമൂഹത്തിൽ ജീവിതം നിലനിർത്തുന്ന ബന്ധങ്ങൾ പുനർനിർമിക്കാൻ കഴിവുള്ള നമ്മുടെ ജനങ്ങളുടെ ശക്തി, അന്തസ്സ്, പ്രതിരോധശേഷി എന്നിവയെ അംഗീകരിക്കുന്നു. നീതിയുക്തവും സാഹോദര്യപരവും കാരുണ്യപൂർണവുമായ ഒരു രാജ്യത്തേക്ക് നീങ്ങാനുള്ള പ്രതീക്ഷ ഈ പ്രസിഡന്റ് തെരഞ്ഞെടുപ്പ് ഓർമിപ്പിക്കുന്നു.

വെല്ലുവിളികളെ നേരിടാൻ ജ്ഞാനം, ആത്മനിയന്ത്രണം, ശക്തി എന്നിവ നൽകിയ ദൈവത്തോട് അദ്ദേഹം എപ്പോഴും നന്ദി അർപ്പിക്കുന്നത് പതിവാണ്.

## വിവാഹവും കുടുംബവും

പൊതുജീവിതത്തിനപ്പുറം കാസ്റ്റ് തന്റെ വ്യക്തിപരവും രാഷ്ട്രീയവുമായ സേവനത്തിന്റെ അടിത്തറയായ കുടുംബ ജീവിതത്തിന് കേന്ദ്രസ്ഥാനം നൽകിയിട്ടുണ്ട്. മൂന്ന് പതിറ്റാണ്ടിലേറെ വിവാഹ ജീവിതം നയിക്കുന്ന അദ്ദേഹം ഒമ്പത് കുട്ടികളുടെ പിതാവാണ്. ഭാര്യയായ അഡ്രിയസോളയുമായുള്ള വിവാഹം കേവലം ഒരു ജീവചരിത്ര വസ്തുതയായി മാത്രമല്ല പ്രതിബദ്ധത, ഉത്തരവാദിത്വം, സേവനം എന്നിവയെക്കുറിച്ചുള്ള തന്റെ ബോധ്യങ്ങളെ രൂപപ്പെടുത്തിയ ഒരു സുപ്രധാന അനുഭവമായും അദ്ദേഹം പങ്കുവയ്ക്കാറുണ്ട്. പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട ആദ്യ പ്രസംഗത്തിൽ വർഷങ്ങളായി തന്റെ കുടുംബം തനിക്ക് നൽകിയ സുസ്ഥിരമായ പിന്തുണയ്ക്ക് നന്ദി പറയുകയുണ്ടായി. വെല്ലുവിളികളെ നേരിടാൻ ജ്ഞാനം, ആത്മനിയന്ത്രണം, ശക്തി എന്നിവ നൽകിയ ദൈവത്തോട് അദ്ദേഹം എപ്പോഴും നന്ദി അർപ്പിക്കുന്നത് പതിവാണ്.

## ഗർഭഛിദ്രം ഒരു നിരപരാധിയെ കൊല്ലലാണ്


കാസ്റ്റ് തന്റെ എല്ലാ പ്രസംഗങ്ങളിലും പറയുന്നത്, "ഗർഭഛിദ്രം ഒരു നിരപരാധിയെ കൊല്ലുകയാണെന്ന് എത്ര പേർ മനസ്സിലാക്കും? ഈ കുട്ടികൾ നമ്മോട് എന്താണ് ചെയ്തത്? കുഞ്ഞുങ്ങളെ കൊല്ലാതെ ദത്തെടുക്കാൻ വിട്ടുകൊടുത്തുകൂടെ?

നമ്മുടെ കുട്ടികൾ അനുഭവിക്കുന്ന സന്തോഷം നഷ്ടപ്പെടുത്താൻ പാടില്ല. ഇക്കാര്യത്തിൽ നിങ്ങൾക്കു ചെയ്യാൻ കഴിയുന്നത് മറ്റൊരാൾ ചെയ്യുന്നതുവരെ കാത്തിരിക്കരുത്. ആരെങ്കിലും എന്തെങ്കിലും ചെയ്യണം. ഗർഭഛിദ്രം മഹാപാപമാണെന്ന് തിരിച്ചറിയേണ്ട കാലമാണ് ഉള്ളത്.



*ജോസ് അന്റോണിയോ കാസ്റ്റും കുടുംബവും*

### ജെറിൻ വാകയിൽ ഇന്ത്യയുടെ സ്വന്തം കാർലോ
ദയ




ദൈവത്തിന്റെ കാറ്റ് കവർന്നെടുത്ത ജെറിനെക്കുറിച്ച് തെല്ലും പരിഭവ മില്ല. എടുത്തതെല്ലാം കാറ്റിന് അവ കാശപ്പെട്ടത്, നന്ദി മാത്രമേയുള്ളൂ കാറ്റിന്റെ അമൂല്യമായ ദാന ങ്ങൾക്ക്. ഒരു സംഗീതം തന്നല്ലോ? ജീവന്റെ രാഗം പിന്നെയൊരു ഗീതമാകുന്നു, നാദമാകുന്നു, മൃദുമർമരമാകുന്നു. ദൈവത്തിന്റെ കാറ്റുമീട്ടിയ സങ്കീർത്തനം പോലെ.

₹ 100/-

### വെള്ളിത്താരകവും മരക്കുരിശും
ബിഷപ്പ് ഡോ. അലക്സ് വടക്കുംതല



ഇപ്പോൾ എന്റെ കൈയിലുള്ളത് ബിഷപ്പ് ഡോ. അലക്സ് വടക്കും തലയുടെ 'വെള്ളിത്താരകവും മരക്കുരിശും' ആണ്. ഒന്നിലധികം തവണ ഈ മഹത് ഗ്രന്ഥം ഞാൻ വായിച്ചു. എന്നെ ഏറെ സ്വാധീ നിച്ചു. ക്രൈസ്തവ സഭകളിലെ ഒരു വിഭാഗത്തിന് വേണ്ടി മാത്രം രചിക്കപ്പെട്ടിട്ടുള്ള ഒരു ഗ്രന്ഥമല്ല ഇത്. വായിക്കാൻ കഴിയുന്ന എല്ലാ വർക്കും വേണ്ടിയുള്ളതാണ്.
*(ടി. പത്മനാഭൻ)*

₹ 100/-

# ജീവിതത്തെ ഉണർത്തുന്നു, ഒന്നൊന്നായി ഓരോ പുസ്തകവും !

### ദൈവത്തിന്റെ മൗനം
ശശി ഇമ്മാനുവേൽ




ഉടനീളം ദർശനത്തിന്റെ അഭിഷേ കമുള്ള പുസ്തകം. ദൈവാത്മാവ് നയിക്കുന്ന ഒരു വ്യക്തിക്ക് മാത്രമേ ഇപ്രകാരമുള്ള വ്യക്തമായ ഒരു ദർശനം മനുഷ്യന് നൽകാൻ സാധിക്കൂ. പരിശുദ്ധാത്മാവിന്റെ കൈയൊപ്പുള്ള രചനയെന്ന് നിസ്സംശയം പറയാൻ കഴിയുന്ന പുസ്തകം.

₹ 200/-

### അബ്ബാ ഹൃദയം
നീൽ ലൊസാനോ
പരിഭാഷ: ജോസ് ജേക്കബ്




പിതാവായ ദൈവത്തിന്റെ ആർദ്രമായ സ്നേഹത്തിലേക്ക് മക്കൾക്കടുത്ത സ്വാതന്ത്ര്യത്തോ ടെയുള്ള ഒരു കടന്നുചെല്ലൽ. സൗഖ്യം നൽകുന്ന ആശ്ലേഷത്തിന്റെയനുഭവം.

₹ 300/-

### കാറ്റ് വീശുന്ന വഴികൾ
ഡോ. എഡ്വേർഡ് എടേഴത്ത്




ജീസസ് യൂത്ത് മുന്നേറ്റത്തിന്റെ തുടക്കക്കാരിലൊരാളും അതിന്റെ ദർശനങ്ങളും കാഴ്ചപ്പാടുകളും രൂപപ്പെടുത്തുന്നതിൽ സുപ്രധാന പങ്കുവഹിക്കാൻ ദൈവം ഉപയോ ഗിച്ചവരിൽ പ്രമുഖനുമായ ഡോ. എഡ്വേർഡ് എടേഴത്ത്, ജീസസ് യൂത്ത് ജീവിതരീതികൾ രൂപപ്പെട്ടത് എങ്ങനെയെന്ന് വ്യക്തമാക്കുകയാണ് ഈ ഗ്രന്ഥത്തിൽ. മുന്നേറ്റത്തിലെ വിവിധ തലങ്ങളിൽ ബന്ധപ്പെടുന്ന ഏവർക്കും ഈ പുസ്തകം ഏറെ സഹായകമാകും.

₹ 140/-



**ഫമിലിയ/സ്പെഷ്യൽ** - ഡാരീസ്, ഇസ്രായേൽ


# നീതിമാനായ വിശുദ്ധൻ

## വിശുദ്ധ യൗസേപ്പ് കുടുംബങ്ങളുടെ മധ്യസ്ഥനും സഭയുടെ കാവൽക്കാരനും നമ്മുടെ മാതൃകയും

രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ ആരംഭ സമയം. ഭാഗ്യസ്മരണാർഹനായ യോഹന്നാൻ 23-ാമൻ പാപ്പ വിശുദ്ധ യൗസേപ്പിതാവിനെ സൂനഹദോസിന്റെ സംരക്ഷകനായി പ്രഖ്യാപിച്ചു. കൂടാതെ സൂനഹദോസ് നടന്ന അവസരത്തിലെ ലത്തീൻ ക്രമത്തിലുള്ള പരിശുദ്ധ കുർബാനയിൽ ദൈവമാതാവിനെ അനുസ്മരിച്ചതിനു ശേഷം യൗസേപ്പിതാവിനെ അനുസ്മരിക്കണമെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. ആധുനിക യുഗത്തിലും അനുപേക്ഷണീയമായ ഒന്നായി ഈ ഭക്തി വളർന്നുകൊണ്ടിരിക്കുന്നു. ആകമാന കത്തോലിക്കാ സഭ മുഴുവനും അമ്മയ്ക്ക് കൊടുക്കുന്ന അതേ ആദരവും സ്നേഹവും ഭക്തി വണക്കങ്ങളും യൗസേപ്പിതാവിന് നൽകുകയും ചെയ്യുന്നു. വിശുദ്ധ യൗസേപ്പിതാവ് പിതാവായ ദൈവത്തിന്റെ സ്ഥാനക്കാരനും പുത്രനായ ദൈവത്തിന്റെ വളർത്തുപിതാവും പരിശുദ്ധാത്മാവിന്റെ മണവാട്ടിയായ പരിശുദ്ധ കന്യകയുടെ വിരക്ത ഭർത്താവും ആയതിനാൽ മറ്റു സകല വിശുദ്ധരേക്കാൾ വണക്കത്തിനർഹനാണ് എന്നനുസ്മരിക്കുന്ന ഈ സമയത്ത് പിതാവിനെ കുറിച്ച് കൂടുതൽ ധ്യാനിക്കുകയും ചിന്തിക്കുകയും ചെയ്യാം.

ബേത്‌ലെഹെമിന്റെ തെരുവീഥികളിൽ ആശാരിപ്പണിയിൽ ഏർപ്പെട്ടുകൊണ്ടിരുന്ന ഒരു മനുഷ്യൻ തനിക്കുവന്ന വിവാഹാലോചന സ്വീകരിക്കുന്നതിനായി ഒരു സദസ്സിലേക്ക് ആനയിക്കപ്പെടുന്നു. അവിടെയുള്ള ഒരു ഉണങ്ങിയ കമ്പിൽ തൊടണം, അതാണ് ദൗത്യം. ഈ മനുഷ്യൻ ശാന്തനായി കമ്പിൽ തൊട്ടു. അത്ഭുതമെന്ന് പറയട്ടെ, ഉടനെ അതിൽ പുഷ്പങ്ങളുണ്ടായി. മാതാവിന് പ്രതിശ്രുത വരനായി വിശുദ്ധ യൗസേപ്പിതാവിനെ കണ്ടെത്തിയത് ഇങ്ങനെയാണെന്ന് പഴമൊഴികളിൽ ചേർത്തുവയ്ക്കുന്നു. എന്നെ ചിന്തിപ്പിച്ചത് മറ്റൊന്നായിരുന്നു. പൂവിടാൻ മാത്രം ആ ഉണങ്ങിയ കമ്പിനെ പ്രേരിപ്പിച്ച ആ തലോടലിന്റെ മനോഹാരിത എന്തായിരുന്നു. ജീവിതത്തിലെ പല സഹനങ്ങളിലൂടെയും അപമാനങ്ങളിലൂടെയും പരിഹാസങ്ങളിലൂടെയും കടന്നുപോകാനുള്ള വിളിയായിരുന്നു ആ തലോടലെന്ന് ഈ യഹൂദനായ ആശാരി അറിഞ്ഞിട്ടുണ്ടാകുമോ? നിയമങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും കാതോർത്ത് ജീവിക്കേണ്ടവൻ, ദാവീദിന്റെ കുടുംബത്തിലും വംശത്തിലും പെട്ടവൻ, കേട്ടതും അനുസരിച്ചതും മാനുഷിക നിയമങ്ങളായിരുന്നില്ല, മറിച്ച് ദൈവീക പദ്ധതികളായിരുന്നു.

ദൈവപുത്രന്റെ വളർത്തപ്പനാകാമോ എന്ന ചോദ്യവും അവന്റെ അമ്മയ്ക്ക് സംരക്ഷകനാകാമോ എന്ന ആഹ്വാനവും സ്വപ്നത്തിലൂടെ ദൈവദൂതന്റെ അറിയിപ്പായി കടന്നുവന്നു.



അപ്പോൾ മുതൽ മാതാവിന്റെ മടിയിൽ തല ചായ്ച്ച് ഈശോയുടെ കരം പിടിച്ച് നന്മരണത്തിലൂടെ സ്വർഗത്തിലേക്ക് യാത്രയായ നിമിഷംവരെയുള്ള ദൈവീക പദ്ധതികൾ.

ഇറ്റുവീഴുന്ന ഈറ്റുനോവിന്റെ കണ്ണീർക്കണങ്ങളെ തുടയ്ക്കാൻ പോലുമാവാതെ നിറവയറുമായി കൃപ നിറഞ്ഞവൾ നടന്നു നീങ്ങുമ്പോൾ, വിറങ്ങലിച്ച ആ കൈകൾ ചേർത്തുപിടിച്ച് ചൂടുനൽകി കൊട്ടിയടക്കപ്പെട്ട വാതിലുകൾക്കു മുന്നിലൂടെ കാലിത്തൊഴുത്തിന്റെ കണ്ണീർ നനവുകളിലെത്തി ഉണ്ണി പിറവിയെടുക്കുമ്പോൾ മുതൽ, ജീവിതത്തിൽ ഒന്നുമല്ലാതായി തീരേണ്ടിയിരുന്ന രണ്ടു ജന്മങ്ങളെ ചങ്കോടു ചേർത്ത് അപമാനങ്ങൾക്കും കൂട്ടക്കുരുതിക്കും വിട്ടുകൊടുക്കാതെ സംരക്ഷിച്ച് തലമുറകൾക്ക് വേണ്ടി ദൈവഹിതത്തിന് പ്രത്യുത്തരം നൽകിയവൻ. സുവിശേഷം ഒരു പടികൂടി കടന്നാണ് ദൈവഹിതത്തിനു വിധേയനായ വിശുദ്ധ യൗസേപ്പിനെ വിശേഷിപ്പിക്കുന്നത്, നീതിമാൻ. അതേ, നീതിമാൻ. അങ്ങനെയുള്ള ഒരാളുടെ സ്പർശമേൽക്കുന്ന എന്തിലും കൃപയും അനുഗ്രഹവുമുണ്ടാകും. അത് ഉണങ്ങിയ കമ്പാണെങ്കിലും അതു ചേർത്തുവച്ചുണ്ടാക്കുന്ന എന്തുതന്നെയായാലും. മരക്കമ്പുകളിൽ നിന്ന് അത്ഭുതം സൃഷ്ടിക്കുന്ന തച്ചപ്പണിയുടെ മഹത്വം നാം മനസ്സിലാക്കുന്നതുപോലും യൗസേപ്പിതാവിൽ നിന്നാണ്. കേവലം നാല് പട്ടിക അടിച്ചുകൂട്ടുന്ന പരിപാടി മാത്രമല്ല തച്ചപ്പണി. ഏറെ ധ്യാനവും ഭാവനയും സർഗാത്മകതയും കണക്കും കൃത്യതയുമാവശ്യമുള്ള ഒന്നാണത്. അതുകൊണ്ടുതന്നെ ഈ തൊഴിലിൽ നിന്നാവണം വിശുദ്ധ യൗസേപ്പിതാവ് തന്റെ ആത്മീയത രൂപപ്പെടുത്തിയതെന്ന് അനുമാനിക്കാം. സ്വയം ചിന്തേരിട്ട് ചെത്തിമിനുക്കി. ജീവിതനിയോഗങ്ങൾ സ്വപ്നങ്ങളായി കടന്നുവന്നപ്പോൾ അവ പ്രവൃത്തിയിലേക്ക് എത്തുന്നതിനു മുന്നേ ഹൃദയത്തിന്റെ ആഴങ്ങളിൽ സംഗ്രഹിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞത് ഈ ഒരു സാധന ഉള്ളിന്റെയുള്ളിൽ ഉള്ളതുകൊണ്ടാകണം.

> **കേവലം നാല് പട്ടിക അടിച്ചുകൂട്ടുന്ന പരിപാടി മാത്രമല്ല തച്ചപ്പണി. ഏറെ ധ്യാനവും ഭാവനയും സർഗാത്മകതയും കണക്കും കൃത്യതയുമാവശ്യമുള്ള ഒന്നാണത്.**

സ്വർഗത്തിൽ നിന്ന് ഏൽപിച്ച കർത്തവ്യങ്ങൾ അങ്ങേയറ്റം ഭംഗിയായി നിർവഹിച്ചതിനു ശേഷം സുവിശേഷത്തിന്റെ ആമുഖങ്ങളിൽ നിന്ന് അകത്തളങ്ങളിലേക്ക് മാറുന്ന വി. യൗസേപ്പിതാവ് ആരോടും സംസാരിച്ചതായി സുവിശേഷം രേഖപ്പെടുത്തിയിട്ടില്ല. മൗനം എന്ന സുകൃതത്തിൽ നിന്ന് ജീവിതനിയോഗങ്ങൾക്ക് പ്രത്യുത്തരം നൽകുകയായിരുന്നു അദ്ദേഹം. യൗസേപ്പിതാവ് സംസാരിച്ചതൊക്കെ ദൈവത്തോടാണ്. യൗസേപ്പിതാവിനോട് സംസാരിച്ചതോ ദൈവവും. ഈശോയെ രൂപപ്പെടുത്തിയ ആത്മീയ പരിസരങ്ങളിലൊന്ന് യൗസേപ്പിതാവായിരുന്നു. അതുകൊണ്ടുതന്നെ സുവിശേഷകർക്ക് വിശേഷിപ്പിക്കാൻ നീതിമാൻ എന്നല്ലാതെ മറ്റൊരു വാക്ക് കണ്ടെത്തേണ്ടതായി വന്നിട്ടില്ല. അവനവന് അർഹതപ്പെട്ടത് കൊടുക്കുന്നതാണല്ലോ നീതി. അങ്ങനെയെങ്കിൽ യൗസേപ്പിതാവ് കൊടുത്തതെല്ലാം നീതി മാത്രമായിരുന്നു. അങ്ങേയറ്റം അസ്വസ്ഥതകളിൽക്കൂടി കടന്നുപോകുമ്പോൾ തന്റെ വേണ്ടപ്പെട്ടവർക്കെല്ലാം ഒന്നും നിഷേധിക്കാതെ എല്ലാം സമൃദ്ധമായി നൽകി. ദൈവത്തിന് ആരാധന, മാതാവിന് സംരക്ഷണം, ഈശോയ്ക്ക് വാത്സല്യം.

കുടുംബങ്ങളുടെ മധ്യസ്ഥൻ എന്ന വിശേഷണമാണ് തിരുക്കുടുംബത്തിന് നാഥനായ വിശുദ്ധ യൗസേപ്പിതാവ് ഏറ്റെടുത്തിരിക്കുന്ന ഏറ്റവും വലിയ ദൗത്യം. കൂടുമ്പോൾ ഇമ്പമുള്ളതാണ് കുടുംബം. ഒരു പടികൂടി കടന്ന് അവയൊക്കെ തിരുക്കുടുംബങ്ങളായി മാറണമെങ്കിൽ ഈശോയുടെയും പരിശുദ്ധ അമ്മയുടെയും പിതാവിന്റെയും സാന്നിധ്യവും, മധ്യസ്ഥവും ആ കുടുംബത്തിൽ ഉണ്ടാകണം. എന്തായിരുന്നു തിരുക്കുടുംബത്തിന്റെ ആത്മീയത? പരസ്പര സ്നേഹവും സഹകരണവും ധാരണയും തിരുക്കുടുംബത്തിന്റെ മുഖമുദ്രയായിരുന്നു. പരസ്പരം സേവനം ചെയ്യുന്നതിൽ അവർ സദാ ഉത്സുകരായിരുന്നു. ചുരുക്കത്തിൽ നസ്രത്തിലെ തിരുക്കുടുംബം ഭൂമിയിലെ ഒരു സ്വർഗമായിരുന്നു എന്നുവേണം മനസ്സിലാക്കാൻ. ഈയൊരു പരിപൂർണതയിലേക്ക് എത്തുകയെന്നതാണ് ഇന്നത്തെ ക്രൈസ്തവ കുടുംബങ്ങളുടെ വെല്ലുവിളി. ഇടറിപ്പോയ സഖിയെ ചേർത്തുനിറുത്തി അവളുടെ നെറ്റിയിൽ ഒരുമ്മ കൊടുക്കുന്ന ഭർത്താവാകാൻ, അനുസരണക്കേടിന്റെ വേലിയേറ്റങ്ങളിൽ നിൽക്കുന്ന മക്കളെ ഈശോയിലേക്ക് കൈപിടിച്ചുയർത്തുന്ന അപ്പനാകാൻ, ആശ്രയമില്ലാതെ നിലയുറപ്പിക്കാനാകാതെ ഇടറി നിൽക്കുന്ന മാതാപിതാക്കൾക്ക്



ആശാകേന്ദ്രമാകുന്ന മക്കളാകാൻ നിനക്ക് കഴിയുമോ? എങ്കിൽ നീ യൗസേപ്പിതാവിന്റെ വഴിയിലാണ്. ഭർത്താവിനോടുള്ള വിധേയത്വം കാത്തുസൂക്ഷിക്കുന്ന ഭാര്യയാകാൻ, മാതൃ വാത്സല്യത്തിന്റെ നിറവിൽ മക്കളെ നെഞ്ചോ ടുചേർക്കുന്ന അമ്മയാകാൻ, ആദരവോടും അതിലുപരി സ്നേഹത്തോടും മുതിർന്നവ രുടെ മുന്നിൽ നിൽക്കുന്ന മക്കളാകാൻ നിനക്ക് കഴിയുന്നുണ്ടോ? സംശയിക്കേണ്ട, നീ പരിശുദ്ധ അമ്മയുടെ നിഴലിലാണ്. ജ്ഞാനത്തിലും പ്രായത്തിലും ദൈവ–മനുഷ്യ പ്രീതിയിൽ വളർന്ന് മാതാപിതാക്കൾക്ക് വിധേയപ്പെട്ട് ജീവിച്ച ഈശോയെ അനുക രിക്കാൻ കുഞ്ഞുമക്കളായ നിങ്ങൾക്ക് കഴിയുന്നുണ്ടോ? എങ്കിൽ സന്തോഷിക്കുക, ഈശോ നിങ്ങളുടെ ഉള്ളിലുണ്ട്. അങ്ങനെ നീതിമാനായ വിശുദ്ധ യൗസേപ്പിനെ അനുക രിക്കുന്ന ഒരപ്പനും പരിശുദ്ധ അമ്മയിലാശ്ര യിക്കുന്ന ഒരമ്മയും ഈശോയുടെ കരം പിടിക്കുന്ന മക്കളും ഒത്തുചേരുമ്പോൾ സ്വർഗം സന്തോഷിക്കുകയും കുടുംബങ്ങൾ തിരുക്കുടുംബങ്ങളായി രൂപാന്തരപ്പെടു കയും ചെയ്യുന്നു, കാരണം അത് സ്വർഗ ത്തിന്റെ മുന്നോടിയാണ്.

തിരുക്കുടുംബങ്ങളായി രൂപാന്തരപ്പെട്ട കുടുംബങ്ങൾ ഒത്തുചേരുന്ന കൂട്ടായ്മയാണ് സഭ. അത് മലമേൽ ഉയർത്തപ്പെട്ട പട്ടണം പോലെ ലോകത്തിന്റെ മുൻപിൽ സാക്ഷ്യ മായി മാറുന്നു. ആ സാക്ഷ്യക്കൂടാരത്തിന് ഒരു കാവൽക്കാരനെ ആവശ്യമാണ്. ഇന്ന് ഗാർഹികസഭയായ കുടുംബവും സഭാകൂ ട്ടായ്മയും നിരന്തരം വെല്ലുവിളികൾ നേരിട്ടു കൊണ്ടിരിക്കുന്ന അവസരത്തിൽ ഒരു കാവൽക്കാരന്റെ നിരന്തരമായ ശ്രദ്ധ സഭാ ഗാത്രത്തിന് അനിവാര്യമാണ്. നമുക്കുവേണ്ടി നിശ്ചയിക്കപ്പെട്ടിരിക്കുന്ന ആ കാവൽക്കാരൻ മറ്റാരുമല്ല. തിരുസഭയുടെ പാലകൻ എന്ന വിശേഷണത്തിന് യോഗ്യനായ വിശുദ്ധ യൗസേപ്പിതാവാണ്. ആ വിശേഷണത്തിനുള്ള കാരണങ്ങൾ അനവധിയാണ്. തിരുസഭയുടെ ആരംഭം തിരുക്കുടുംബത്തിൽ ആണല്ലോ. തിരുക്കുടുംബത്തിന്റെ സംരക്ഷകനായി അദ്ദേഹം നിലകൊണ്ടു എന്ന ആ വലിയ കാരണത്താൽ തന്നെ വിശുദ്ധ യൗസേപ്പ് സാർവത്രിക സഭയുടെ സംരക്ഷകനുമാണ്.

ആമുഖത്തിൽ സൂചിപ്പിച്ചതുപോലെ വിശുദ്ധ യൗസേപ്പിതാവിന്റെ കൈകളിൽ സാർവ ത്രിക സഭയുടെ സുരക്ഷിതത്വം അളവറ്റതാണ് എന്ന് യോഹന്നാൻ 23–ാമൻ പാപ്പയുടെ ഉദ്ബോധനത്തിൽ നിന്ന് മനസ്സിലാക്കാം. ലെയോ 13–ാമൻ പാപ്പ 1889 ഓഗസ്റ്റ് 15ന് പുറത്തിറക്കിയ വിശ്വപ്രസിദ്ധമായ 'ക്വാം ഫ്ലോറിസ്" എന്ന അപ്പസ്തോലിക ലേഖനത്തിലൂടെ വിശുദ്ധ യൗസേപ്പിതാവിനെ മധ്യസ്ഥനായി പ്രഖ്യാപിക്കുന്നുണ്ട്. പരിശുദ്ധ അമ്മയെയും ഉണ്ണിയേശുവിനെയും സംര ക്ഷിച്ച് കരുതൽ നൽകി ആപത്തുകളിൽ നിന്നും അപകടങ്ങളിൽ നിന്നും കാത്തു പരിപാലിച്ചതുപോലെ എപ്പോഴും സഭാഗാ ത്രത്തിന് കാവലായിരിക്കണമേ എന്നാണ് നാം യാചിക്കേണ്ടത്. കൂടാതെ എത്രയും വിവേകമുള്ള കാവൽക്കാരനോട് ഈശോ മിശിഹായുടെ തെരഞ്ഞെടുക്കപ്പെട്ട ജനത്തെ സംരക്ഷിക്കണമെന്നും അന്ധകാര ശക്തിക ളോടുള്ള നിരന്തരമായ യുദ്ധത്തിൽ സ്വർഗ ത്തിൽ നിന്നും ഞങ്ങളെ സഹായിക്കണമേ എന്നുമാണ് നാം പ്രാർഥിക്കേണ്ടത്.

വളർന്നുവരുന്ന തലമുറയ്ക്ക് തുറന്നു കൊടു ക്കേണ്ട ഒരു വാതിലും മാതൃകയാക്കേണ്ട ഒരു വ്യക്തിത്വവുമാണ് വിശുദ്ധ യൗസേപ്പ്. ദാവീദിന്റെ വംശത്തിൽ പെട്ടവനാണ് എന്നെടുത്തു പറഞ്ഞിട്ടുണ്ടെങ്കിലും ചെയ്യുന്ന ഏതു തൊഴിലിനും അതിന്റേതായ മാഹാത്മ്യം ഉണ്ടെന്ന് നമ്മൾ തിരിച്ചറിയുന്നത് വിശുദ്ധ പിതാവിൽ നിന്നാണ്. സ്വർഗസ്ഥനായ പിതാവിന്റെ പൈതൃക പരിപാലനയിൽ പരിപൂർണമായി തന്നെ അർപ്പിച്ചുകൊണ്ട് ജീവിതത്തെ നയിക്കുകയും തന്റെ തൊഴി ലായ ആശാരിപ്പണിയിലൂടെ അധ്വാനപൂർണ മായ ജീവിതം നയിക്കുകയും ചെയ്ത വ്യക്തി ത്വമാണ് യൗസേപ്പിന്റേത്. കേവലം സാമ്പത്തിക ഭദ്രതയായിരുന്നില്ല യൗസേപ്പിതാവ് ലക്ഷ്യം വച്ചിരുന്നത്. സഹോദരങ്ങൾക്ക് സേവനമർ പ്പിക്കുക എന്ന ബോധ്യവും അദ്ദേഹ ത്തിനുണ്ടായിരുന്നു. സ്വാർഥതയുടെ അനന്തവിഹായസിൽ പറക്കുകയും ലക്ഷ്യബോധമില്ലാതെ ജീവിക്കുകയും സമ്പത്ത് മാത്രം നോക്കി ജീവിതത്തെ ക്രമപ്പെടുത്തു കയും ചെയ്യുന്നവർക്ക് വെല്ലുവിളിയായി വിശുദ്ധ യൗസേപ്പ് നിലകൊള്ളുന്നു. കുടുംബ ജീവിതത്തിൽ ഉള്ളവരും അതിനായി ഒരുങ്ങുന്നവരും അനുകരിക്കേണ്ട ആ വലിയ മാതൃക വിശുദ്ധ യൗസേപ്പിന്റേതു മാത്രമെന്ന് അടിവരയിട്ട് നമുക്ക് പറയാം.

ഇന്ന് എനിക്കും നിങ്ങൾക്കും യൗസേപ്പിതാ വിനോട് പ്രാർഥിക്കാനുള്ള പ്രേരണകൾ ഉള്ളിലുണ്ടാകുന്നതും അതിനു മുടക്കം വരാത്തതും ആരംഭത്തിൽ നാം ചിന്തിച്ച അസാധാരണമായ അനേകം നന്മകൾ യൗസേപ്പിതാവിൽ വിളങ്ങി നിന്നത് കൊണ്ടാകണം. ഉപരിയായി നീതിമാൻ എന്ന വിശേഷണവും. നന്മകളുടെ സമ്പൂർണ നിധിയായ തിരുക്കുടുംബത്തിന്റെ നാഥനായ ഒരാളെയല്ലാതെ നാം ആരെയാണ് നമ്മുടെ കുടുംബങ്ങളുടെ സ്വർഗീയ മധ്യസ്ഥം ഭരമേൽപിക്കേണ്ടത്. പരിശുദ്ധ അമ്മയ്ക്കും ഉണ്ണിയേശുവിനും കാവലാളായ ആളെ യല്ലാതെ നാമാരെയാണ് സഭയുടെ കാവൽ ഏൽപിക്കേണ്ടത്. അനേകം മാതൃകകൾ ലോകത്തിനു നൽകിയ ഒരാളെ അല്ലാതെ മറ്റാരെയാണ് നമ്മുടെ മാതൃകയാക്കേണ്ടത്. വിശുദ്ധ യൗസേപ്പിതാവിനോടുള്ള ഫ്രാൻസിസ് പാപ്പയുടെ ഒരു പ്രാർഥന ഈ അവസരത്തിൽ ധ്യാനിക്കുന്നത് ഉചിതമാണ്. അതിങ്ങനെയാണ്: രക്ഷകന്റെ പാലകാ, പരിശുദ്ധ കന്യകാമറിയത്തിന്റെ ജീവിതപ ങ്കാളി, നിനക്ക് സ്വസ്തി. ദൈവം തന്റെ ഏകജാതനെ നിനക്ക് ഭരമേൽപിച്ചു. മറിയം നിന്നിൽ മനോശരണം അർപ്പിച്ചു. നിന്നോടു കൂടെ മിശിഹാ മാനവനായിത്തീർന്നു. ഭാഗ്യപ്പെട്ട മാർയൗസേപ്പേ നീ ഞങ്ങൾക്കും പിതാവായിരിക്കണം. ജീവിതയാത്രയിൽ ഞങ്ങൾക്ക് വഴികാട്ടേണമേ. കൃപയും കാരു ണ്യവും ധൈര്യവും ഞങ്ങൾക്ക് ലഭിക്കുമാറാ കട്ടെ. തിന്മകളിൽ നിന്ന് ഞങ്ങളെ കാത്തു കൊള്ളണമേ. ആമേൻ.



**മിഷൻ/മൈസ്റ്റോറി** – ലിബിൻ & ഫെമി, ഇരിങ്ങാലക്കുട

# മുരാഭാരി യാത്ര

തീരെ അപ്രതീക്ഷിതമായി ആരംഭിച്ച ഈ മിഷൻ യാത്ര, ഞങ്ങൾക്കൊരു ആത്മീയ പുനർജന്മമായിത്തീർന്നു. മിഷൻപ്രദേശത്തെ സഹോദരങ്ങൾ നമ്മെ സ്നേഹത്തോടെ സ്വീകരിച്ചപ്പോൾ, ദൈവത്തിന്റെ കരങ്ങൾ തന്നെയാണ് അവരിലൂടെ ഞങ്ങളെ സ്പർശിക്കുന്നതെന്ന് തോന്നി. വിശ്വാസത്തിന്റെ വെളിച്ചം പങ്കുവയ്ക്കുക, പ്രത്യാശയുടെ വിത്ത് വിതയ്ക്കുക എന്ന ചിന്തയായിരുന്നതിനാൽത്തന്നെ ഈ യാത്രയുടെ ലക്ഷ്യം സുതാര്യമായിരുന്നു.

നിഷ്കളങ്കരായ കുഞ്ഞുങ്ങളോടൊപ്പം ഒരാഴ്ചക്കാലം സ്കൂളിൽ ചെലവഴിക്കാൻ കഴിഞ്ഞു. അവരുടെ ചെറു മുഖങ്ങളിൽ ദൈവത്തിന്റെ പുഞ്ചിരികാണാൻ സാധിച്ചു. അവരെ പഠിപ്പിക്കാനാണ് ഞങ്ങൾ പോയത്, പക്ഷേ ഒടുവിൽ അവരിൽ നിന്നാണ് ജീവിതത്തിലെ ലാളിത്യം, ആത്മാർഥത, നിഷ്കളങ്കത തുടങ്ങിയ യഥാർഥ പാഠങ്ങൾ ഞങ്ങൾ പഠിച്ചത്.

വിശുദ്ധവാരം അവരോടൊപ്പം വളരെമനോഹരമായി ആഘോഷിക്കാൻ സാധിച്ചു. ഈശോയുടെ സ്നേഹവും ത്യാഗവും പരിചയപ്പെടുത്താൻ കഴിഞ്ഞത് വലിയ അനുഗ്രഹമായി തോന്നി. അവരുടെ മനസ്സിൽ ദൈവവിശ്വാസത്തിന്റെ വിത്ത് വിതക്കാനായതിൽ സന്തോഷവും.

പല വീടുകളിലും പോയി അവിടെയുള്ളവരുമായി നേരിട്ട് സംസാരിക്കാൻ കഴിഞ്ഞപ്പോൾ അവർ നമ്മെ സ്വന്തം കുടുംബാംഗങ്ങളെന്നതുപോലെ സ്വീകരിച്ചു. ആ ഹൃദയസ്പർശിയായ സ്വീകരണത്തിൽ ഈശോയുടെ സ്നേഹത്തിന്റെ സാന്നിധ്യം വ്യക്തമായി അനുഭവപ്പെട്ടു. പലരോടും പ്രാർഥിക്കാനും, അവരുടെ ജീവിതങ്ങളിൽ ദൈവത്തിന്റെ ഇടപെടൽ കണ്ടറിയാനും കഴിഞ്ഞു.

ഈ മിഷൻ യാത്ര ഞങ്ങളുടെ മനസ്സിൽ മായാത്ത അനവധി അനുഭവങ്ങൾ സമ്മാനിച്ചു. വിശ്വാസത്തിന്റെ അടിത്തറയിൽ നിൽക്കുന്ന ജനങ്ങളുടെ സത്യസന്ധതയും ദൈവവിശ്വാസവും ഞങ്ങളെ ആഴത്തിൽ പ്രചോദിപ്പിച്ചു. അഗർത്തലയിലെ മുരാഭാരി എന്ന ഗ്രാമത്തിലേക്കുള്ള ഞങ്ങളുടെ ഈ മിഷൻ യാത്ര പുതു ജീവിതത്തിലേക്കുള്ള ആത്മീയ യാത്രയായി മാറി. ഈ അനുഭവം ഞങ്ങൾക്കൊരു പുതു ദിശയായി. ദൈവസ്നേഹത്തിന്റെ സാക്ഷികളായി ജീവിക്കാൻ പ്രചോദനമായിത്തീർന്നു.

STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT KAIROS

| | | |
|---|---|---|
| Title of Newspaper | : | Kairos |
| Registration No. | : | RNI No. KERMAL/2002/12027 |
| Language | : | Malayalam |
| Periodicity of Publication | : | Monthly |
| Single Subscription | : | Rs 50.00 |
| Printer & Publisher | : | Reji J. Karot |
| Nationality | : | Indian |
| Address | : | Kairos Media, 8/174, Navodaya Studio Complex, Thengode P.O, Kochi 682030 |
| Editor's Name | : | Adv. K.J. Johnson |
| Nationality | : | Indian |
| Address | : | Kairos Media, 8/174, Navodaya Studio Complex, Thengode P.O, Kochi 682030 |
| Owner's Name | : | Kairos Trust, Chevayur P.O, Kozhikode |

I Reji J. Karot here by declare that the particular given above are true to the best of my knowledge and belief



**മിഷൻ/മൈസ്റ്റോറി** – ലിദിയ മാർട്ടിൻ, തിരുവനന്തപുരം

# ഗോത്രഗ്രാമങ്ങളിലൂടെ

ഒരു മിഷൻ യാത്ര ഉള്ളിൽ താലോലിക്കുന്നുണ്ടായിരുന്നെങ്കിലും നടക്കാതിരുന്ന സാഹചര്യത്തിലാണ്, അപ്രതീക്ഷിതമായി ഒരു മിഷൻ അവസരം ലഭിക്കുന്നത്. ഒട്ടും മുൻപരിചയമില്ലാത്ത ഒരു സംഘത്തിന്റെ കൂടെ ഒരു പകരക്കാരിയായാണ് പോകേണ്ടിയിരുന്നതെങ്കിലും, മിഷന്റെ പ്രാധാന്യം അറിയുന്നവരും കർത്താവിന്റെ പദ്ധതിയിൽ ആശ്രയിക്കുന്നവരുമായ എന്റെ ജീസസ് യൂത്ത് കുടുംബത്തിൽ നിന്ന് അനുമതി ലഭിക്കുകകൂടി ചെയ്തപ്പോൾ എന്റെ ആഗ്രഹം സഫലമായി.

മിഷൻ യാത്രയിൽ യേശുവിനെ നൽകാൻ കഴിഞ്ഞു എന്നതുപോലെതന്നെ, എന്റെ കണ്ണുതുറപ്പിച്ച അനുഭവങ്ങളും ഏറെയുണ്ടായിരുന്നു.

ഒറീസയിലെ ഒരു ട്രൈബൽ വില്ലേജിലായിരുന്നു ഞങ്ങളുടെ മിഷൻ പ്രവർത്തനം നടന്നത്. വിസ്തൃതമായ പ്രദേശങ്ങളിൽ അവർക്ക് കുർബാന വല്ലപ്പോഴും മാത്രമേ ലഭിക്കുകയുണ്ടായിരുന്നുള്ളൂ. ഞങ്ങളുടെ ചെറു സംഘത്തിൽ പുരോഹിതനും കന്യാസ്ത്രീയും ഉണ്ടായിരുന്നതിനാൽ കുർബാന അർപ്പിക്കുന്ന സമയത്ത് പങ്കെടുക്കുന്നവരുടെ ആഗ്രഹവും തീക്ഷ്ണതയും കണ്ടപ്പോൾ നാട്ടിൽ എല്ലാ ദിവസവും പല സമയങ്ങളിൽ ലഭിക്കുന്ന കുർബാന Teken for granted ആയി ഞാൻ കണക്കാക്കിയിരുന്നത് മാറ്റുവാൻ തീരുമാനിച്ചു.

നമ്മൾ നാട്ടിൽ ചെയ്യുന്ന വൺഡേ പ്രോഗ്രാം പോലെയുള്ള ചെറുപതിപ്പുകൾ അവിടെ പലയിടങ്ങളിൽ ചെയ്തപ്പോൾ ഏതാണ്ട് എല്ലാ സ്ഥലങ്ങളിലും ഞാൻ തന്നെയായിരുന്നു പ്രോഗ്രാം നയിച്ചത്. അവരുടെ പ്രാദേശിക ഭാഷ അറിയാത്ത ഞാൻ ദൈവാശ്രയത്തിൽ ഇംഗ്ലീഷിലും മലയാളത്തിലും ഒക്കെയായി പറയുമ്പോൾ, അവിടെയുള്ള ഒരു മലയാളി അച്ചൻ അത് അവർക്ക് തർജമ ചെയ്തു കൊടുക്കുന്നുണ്ടായിരുന്നു. പക്ഷേ, ഞാൻ ദൈവ കൃപയിൽ ആശ്രയിച്ച് പറയുകയും ആംഗ്യങ്ങൾ കാണിക്കുകയും പാടുകയും ഒക്കെ ചെയ്യുമ്പോൾ തന്നെ ഈശോയുടെ സ്നേഹ സ്പർശനം അവർക്ക് ലഭിക്കുന്നുണ്ടെന്ന് എനിക്ക് അറിയാൻ കഴിയുന്നുണ്ടായിരുന്നു. പിന്നീട് അവർ തന്നെ, എന്നിലൂടെ അവർക്ക് യേശുവിനെ കാണാൻ പറ്റി എന്നു പറഞ്ഞപ്പോൾ, നമ്മുടെ പരിശ്രമമോ ലൗകിക ജ്ഞാനമോ ഒന്നുമല്ല ദൈവകൃപയാണ് എല്ലാത്തിനും ആധാരമെന്ന് എനിക്ക് അനുഭവത്തിലൂടെ ബോധ്യമായി. 'I am not worthy' എന്നൊരു ചിന്ത പലപ്പോഴും എന്നെ ശല്യപ്പെടുത്തിയിരുന്നു. എന്നാൽ, ഈ അനുഭവങ്ങളിലൂടെ കർത്താവ് എന്നെ ഉപയോഗിക്കുന്നത് കണ്ടപ്പോൾ കർത്താവിനോട് കൂടുതൽ അടുക്കാൻ അത് കാരണമായി. എന്റെ നിത്യേനയുള്ള പ്രാർഥനയിലെ പ്രധാന ഒരു പോയിന്റായിരുന്നു കർത്താവേ എന്നെ അങ്ങയുടെ സ്നേഹം പകരുന്ന നല്ല ഒരുപകരണമായി ഉപയോഗിക്കണമേയെന്നത്. ഈ അടുത്തകാലത്ത് ആ പോയിന്റ് എന്റെ പ്രാർഥനയിൽ നിന്ന് മാറിപ്പോയിരുന്നു; അപ്പോഴാണ് ഇതെല്ലാം സംഭവിക്കുന്നത്. പ്രാർഥനകൾ ഒന്നും വ്യഥാവിലാവുന്നില്ല എന്നു മനസ്സിലാക്കാനും കൂടുതൽ പ്രാർഥിക്കുവാനും ഇത് പ്രചോദനമേകുന്നു.

നിത്യവൃത്തിക്കായി ബുദ്ധിമുട്ടുന്ന ആ പ്രദേശങ്ങളിൽ ആശുപത്രികളോ ആരോഗ്യപരിപാലന കേന്ദ്രങ്ങളോ വിദ്യാലയങ്ങളോ ഒന്നും തന്നെയില്ല. ഒരു ഭവനത്തിലെ ഒരു മരണം, തൊണ്ടയിലെ കുരു കാരണം ഭക്ഷണം കഴിക്കാൻ പറ്റാതെയാണ് മരിച്ചത് എന്നറിഞ്ഞതും, മറ്റു പലയിടങ്ങളിലെ മരണങ്ങൾ എന്ത് രോഗത്തിലാണ് സംഭവിച്ചതെന്ന് അവർക്കറിയില്ല എന്നതുമൊക്കെ, നമ്മുടെ സാഹചര്യങ്ങൾ എത്ര അനുഗ്രഹീതമാണെന്ന് ചിന്തിപ്പിച്ചു.

എന്നിട്ടും തുച്ഛമായ അവരുടെ വരുമാനത്തിന്റെ വലിയൊരു ഭാഗം ആശുപത്രിയോ വിദ്യാലയങ്ങളോ പണിയുന്നതിനോ, സ്വന്തം ഭവനത്തിലെ സൗകര്യങ്ങൾ വർധിപ്പിക്കുന്നതിനോ ഉപയോഗിക്കാതെ പള്ളി നിർമാണത്തിനും അതിനകത്തെ സൗണ്ട് സിസ്റ്റം, വാദ്യോപകരണങ്ങൾ പോലുള്ള മറ്റു ക്രമീകരണങ്ങൾക്കും ചെലവാക്കുന്നതും കണ്ടപ്പോൾ എല്ലാറ്റിനും ഉപരിയായി ഈശോയെ സ്നേഹിക്കണം എന്ന വസ്തുത അവർ ജീവിക്കുന്നതായി അനുഭവപ്പെട്ടു.



**വാർത്താവിചാരം** - സണ്ണി കോക്കാപ്പിള്ളിൽ

# ട്രംപ് ചെയ്ത ഒരു നല്ല കാര്യം

ഡൊണാൾഡ് ട്രംപ് ലോകത്ത് ഒരു വിവാദ പുരുഷനാണ്. അദ്ദേഹത്തിന്റെ നടപടികൾ എല്ലാവർക്കും ഉൾക്കൊള്ളാൻ ബുദ്ധിമുട്ടാണ്. ലോകത്തെ തന്റെ കാൽകീഴിൽ നിലനിറുത്താൻ അദ്ദേഹം നടത്തുന്ന പെടാപ്പാട് സംഘർഷവും വിവാദവും ഉണ്ടാക്കുന്നു. നന്മയ്ക്കാണെങ്കിലും അല്ലെങ്കിലും എല്ലാം തുറന്നു പറഞ്ഞുകൊണ്ടാണ് അദ്ദേഹത്തിന്റെ ഇടപെടലുകൾ. ഏതു കാര്യം വന്നാലും അതിൽ അമേരിക്കയ്ക്ക് എന്ത് നേട്ടംകിട്ടും അല്ലെങ്കിൽ അതുവഴി തനിക്ക് കിട്ടാവുന്ന ലാഭം എത്രയാണ് എന്ന നിലപാടാണ് അദ്ദേഹം പുലർത്തുന്നത്. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളിൽ എന്തൊക്കെ വീഴ്ചകൾ ഉണ്ടെങ്കിലും ക്രിസ്തീയ വിശ്വാസത്തിനു വേണ്ടിയുള്ള നിലപാടുകൾ അഭിനന്ദനങ്ങൾ അർഹിക്കുന്നു. പൊതുസമൂഹത്തിൽ മതത്തിന്റെ അടയാളങ്ങൾ പാടില്ലെന്നുള്ള പാശ്ചാത്യ ചിന്താഗതിയെ അദ്ദേഹം തന്റെ തീരുമാനങ്ങളിലൂടെ മാറ്റിമറിക്കുന്ന കാഴ്ചയാണ് ഇപ്പോൾ സംഭവിക്കുന്നത്.

അമേരിക്കയിലെ പൊതുവിദ്യാലയങ്ങളിൽ വിദ്യാർഥികൾക്കും ജീവനക്കാർക്കും തങ്ങളുടെ വിശ്വാസം അനുസരിച്ച് പ്രാർഥിക്കാനുള്ള അവകാശത്തിൽ യാതൊരു വിട്ടുവീഴ്ചയുമില്ലെന്ന് ഈയിടെ വിദ്യാഭ്യാസ വകുപ്പ് നിർദേശം നൽകി. മറ്റുള്ളവരെ ഇകഴ്ത്താതെയും അലോസരമുണ്ടാക്കാതെയും തങ്ങളുടെ വിശ്വാസം അനുസരിച്ച് പ്രാർഥിക്കാമെന്നാണ് പ്രഖ്യാപിച്ചിരിക്കുന്നത്.

ഫെബ്രുവരി അഞ്ചിനു പുറത്തിറങ്ങിയ പുതിയ നിർദേശപ്രകാരം വിശ്വാസികളുടെ പ്രാർഥിക്കാനുള്ള അവകാശത്തിനെതിരെ സ്കൂൾ അധികൃതർ എതിരായി നിലകൊള്ളാൻ പാടില്ല. ഒരു പ്രത്യേക മതത്തോടു മാത്രമായി സ്കൂൾ അധികൃതർ പക്ഷപാതം കാണിക്കാൻ പാടില്ല. മറ്റൊരു മതത്തെ അധിക്ഷേപിക്കാനും പാടില്ല. സ്കൂളുകൾക്ക് എപ്പോഴും നിഷ്പക്ഷമായ നിലപാട് ഉണ്ടായിരിക്കണം. ഒരു മതത്തിന്റെ കൂട്ടായ്മയ്ക്കെതിരെ ആരും പ്രവർത്തിക്കുകയും അരുത്. ട്രംപ് സർക്കാരിന്റെ ഈ നിലപാടുകൾ വിശ്വാസം വളർത്താൻ ഏറെ സഹായകരമാണ്. ജനാധിപത്യത്തിന്റെ ശരിയായ രീതിയാണിത്. ജനാധിപത്യം ഫാസിസത്തിലേക്ക് കടക്കുമ്പോഴാണ് മറ്റു മതങ്ങളെ അടിച്ചമർത്തുകയും സ്വന്തം വിശ്വാസത്തെ അടിച്ചേൽപ്പിക്കുകയും ചെയ്യുന്നത്.

ഇന്ന് ലോകത്ത് ക്രൈസ്തവർ ഏറ്റവും കൂടുതൽ പീഡിപ്പിക്കപ്പെടുന്ന രാജ്യങ്ങളിൽ ഒന്നായി ഇന്ത്യ മാറിയിരിക്കുന്നു. ക്രിസ്തീയതയെ ഭയപ്പെടുന്ന ഭീകര സംഘടനകളുടെ പ്രവർത്തനങ്ങൾ ഇന്ത്യയുടെ പല ഭാഗങ്ങളിലും ശക്തി പ്രാപിച്ചു വരുന്നു. ക്രിസ്തുമസ് ആഘോഷിക്കരുത്, നക്ഷത്രം തൂക്കരുത്, എന്ന് തുടങ്ങി നിരവധി നിരോധനങ്ങളാണ് ചിലയിടങ്ങളിൽ പ്രഖ്യാപിച്ചിരിക്കുന്നത്. ചിലർക്ക് കുരിശു കാണുന്നതേ അലർജിയാണ്. സത്യത്തിൽ ക്രിസ്തുവിന്റെ ആകർഷണത്തെയാണ് ഇവരെല്ലാം ഭയപ്പെടുന്നത്. ഇതൊക്കെ ഇന്നും ഇന്നലെയും തുടങ്ങിയതല്ലല്ലോ. ക്രിസ്തുവിന്റെ കാലഘട്ടം മുതൽ ഈ ആകർഷണം അധികാരികൾക്ക് എന്നും അസ്വസ്ഥതയായിരുന്നു. അന്നും ഇന്നത്തേത് പോലെ 'റൊട്ടി കൊടുത്തും വസ്ത്രം കൊടുത്തും' എന്ന ആരോപണം എതിരാളികൾ ഉന്നയിച്ചിരുന്നു.

സെക്കുലറിസത്തിന്റെ പേര് പറഞ്ഞ് വിശ്വാസത്തെ സ്വകാര്യവത്ക്കരിച്ചപ്പോൾ മതനിരാസവും മൂല്യച്യുതിയും മുഖമുദ്രയാക്കിയ ഒരു തലമുറ വളർന്നുവന്നത് അത്യന്തികമായി ദോഷമാണ് വരുത്തിയതെന്ന് ഇപ്പോൾ പാശ്ചാത്യ ദേശം ചിന്തിക്കാൻ തുടങ്ങി. ഇതിന്റെ നേർക്കാഴ്ചയാണ് ട്രംപ് ഭരണകൂടത്തിന്റെ തീരുമാനമെന്നും നമുക്ക് വിശ്വസിക്കാം.






# സിബിസിഐ ആദരിച്ച മഹനീയ വ്യക്തിത്വം

2002 ലാണെന്ന് തോന്നുന്നു ആ സംഭവം നടക്കുന്നത്. കെയ്റോസ് ജീസസ് യൂത്തിന്റെ ആവേശമായിരുന്ന ഒരു കാലഘട്ടം. ഇടവകകൾ കേന്ദ്രീകരിച്ച് കെയ്റോസിന്റെ ഔട്ട്റീച്ച് പരിപാടികൾ ആരംഭിച്ചിരുന്നു. കൂടുതൽ വരിക്കാരെ കണ്ടെത്തുകയാണ് ലക്ഷ്യം. ജീസസ് യൂത്തിൽ പ്രവർത്തിക്കുന്ന കുറേ ചെറുപ്പക്കാർ ഒരിടവകയിൽ ഒരുമിച്ചു വരും. വൈകുന്നേരം മുതൽ രാത്രി വരെ പ്രാർഥനയും വ്യക്തമായ പ്ലാനിങ്ങുമായി സമയം ചെലവഴിക്കും. പിറ്റേന്ന് രാവിലെ ബലിയർപ്പണത്തിനുശേഷം ഗ്രൂപ്പായി തിരിഞ്ഞ് ഇടവകയിലെ യൂണിറ്റുകളിലേക്ക് യാത്ര തിരിക്കും. തലേ ഞായറാഴ്ച ഈ വിവരം വികാരിയച്ചൻ വിളിച്ചു പറഞ്ഞിട്ടുണ്ടാകും. കെയ്റോസ് എന്ന യുവജന മാസികയ്ക്ക് വരിക്കാരെ കണ്ടെത്താൻ അതിന്റെ നടത്തിപ്പുകാർ വരുമെന്നും ഈ ഇടവകയിലെ കുറേ യുവജനങ്ങളോടുചേർന്ന് നിങ്ങളുടെ ഭവനങ്ങൾ സന്ദർശിക്കുമെന്നും അവർക്ക് വേണ്ടത് നൽകണമെന്നുമാണ് വികാരിയച്ചൻ വിളിച്ചു പറയുക. അന്ന് ഞങ്ങൾ പോയത് തൃശ്ശൂർ അതിരൂപതയിലെ ഒല്ലൂർ എന്ന ഇടവകയിലേക്കായിരുന്നു. ഏതാണ്ട് 40–ഓളം യുവജനങ്ങൾ എത്തിച്ചേർന്നിരുന്നു എന്നാണോർമ. അന്നു ഞങ്ങൾ താമസിച്ചിരുന്നത് ആ ഇടവകയിൽ ഇതിന് നേതൃത്വം വഹിച്ച സീറ്റ്ലി എന്ന ജീസസ് യൂത്തിന്റെ ഭവനത്തിൽ ആയിരുന്നു. പിറ്റേന്ന് ഭവനങ്ങളിൽ എല്ലാവരും ഗ്രൂപ്പ് തിരിഞ്ഞ് കയറി. ആ ഒറ്റ ദിവസം കൊണ്ട് ഏതാണ്ട് 325–ഓളം വരിക്കാരെ കണ്ടെത്താൻ കഴിഞ്ഞു. മാസികയുടെ മുന്നോട്ടുള്ള പ്രയാണത്തിന് വലിയൊരു പ്രചോദനമായി മാറി ഈ ഔട്ട്റീച്ച്. സംഘാടനത്തിന്റെ മികവ് അന്നേ സീറ്റ്ലിയിൽ കാണാനിടയായി.

പിന്നീട് കുറച്ചു നാളുകൾക്കുശേഷം സീറ്റ്ലി തന്നെസംബന്ധിച്ചുള്ള പ്രേക്ഷിത പ്രവർത്തനം സ്വയം കണ്ടെത്തുകയും ചെയ്തു. കർത്താവിലുള്ള വിശ്വാസം മാത്രം കൈമുതലാക്കി ഇദ്ദേഹം ഇന്ന് ചെയ്യുന്ന മിഷൻ പ്രവർത്തനം ആഗോള സഭയ്ക്കുതന്നെ ഒരു മുതൽക്കൂട്ടാണ്. ബൈബിൾ പ്രസിദ്ധീകരിക്കാത്ത ഭാഷകളിൽ ബൈബിൾ വിവർത്തനം ചെയ്ത് അച്ചടിച്ച് സൗജന്യമായി നൽകുക എന്ന വലിയ പദ്ധതിയാണ് സീറ്റ്ലിയും കൂട്ടരും ഏറ്റെടുത്തത്. ഇംഫാൽ രൂപതയിലെ മാറാം ഭാഷയിൽ തുടങ്ങിയ ആ പദ്ധതി ഇന്ന് ആഫ്രിക്കൻ ഭാഷകളിലേക്ക് എത്തിച്ചേർന്നിരിക്കുന്നു. പ്രതിമാസം ഒരു ലക്ഷത്തിനടുത്ത് വരെ ബൈബിൾ അച്ചടിച്ച് ഇന്ന് വിതരണം ചെയ്യുന്നു.

ഇത്രയധികം വലിയ ഒരു പദ്ധതി ഇന്ന് മറ്റേതെങ്കിലും സംവിധാനത്തിന് കഴിഞ്ഞിട്ടുണ്ടോയെന്ന് സംശയമാണ്. വലിയ വിദ്യാഭ്യാസമോ പണമോ ഒന്നും കൈവശമില്ലാതെ യേശുവിന്റെ സുവിശേഷം മാത്രം ലക്ഷ്യമാക്കിയുള്ള പ്രവൃത്തിയെ ദൈവം സ്വീകരിച്ചു എന്നതാണ് ഇതിന്റെ വിജയവും സഭയുടെ അംഗീകാരവും എന്ന് നിസംശയം പറയാം. നിസ്സാര പിടിവാശി മൂലം ലോക സമക്ഷം സഭയെ നാണം കെടുത്തുന്നവരും സുവിശേഷത്തിൽ കേന്ദ്രീകരിക്കാതെ സ്വാർഥ ലാഭങ്ങൾക്കു വേണ്ടി സമ്പത്ത് വിനിയോഗിക്കുന്നവരുടെ സ്ഥാപനം മാത്രമാണ് സഭ എന്നു കരുതുന്നവരും ഈ അല്മായ മിഷണറിയെ കണ്ടുപഠിക്കണം. സാധാരണ മനുഷ്യർക്ക് അസാധ്യമായ കാര്യങ്ങളാണ് 'ഫിയാത്ത് മിഷൻ' എന്ന പേരിൽ സീറ്റ്ലിയും സംഘവും ചെയ്യുന്നത്. ദിവ്യകാരുണ്യമാണ് അവരുടെ ഊർജം. ദൈവിക ഇടപെടലിന്റെ അവിശ്വസനീയമായ സംഭവങ്ങളാണ് ഇവരുടെ പ്രവർത്തനങ്ങളിലൂടെ കാണാൻ കഴിയുന്നത്. സമർപ്പണം, പ്രതിബദ്ധത എന്നീ വാക്കുകൾക്കൊക്കെ കൃത്യമായ വ്യാഖ്യാനങ്ങൾ ജീവിതത്തിൽ പ്രാവർത്തികമാക്കിയാൽ അതിന്റെ പരിണിതഫലം എങ്ങനെയായിരിക്കും എന്നതിന് ശരിയായ ഉദാഹരണമാണ് ഇവരുടെ പ്രവർത്തനങ്ങൾ എന്ന് പറയാം. ഈ വിധത്തിൽ അനേകരുടെ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ ആയിരിക്കും വരുംകാല സഭയെ ചൈതന്യവത്തായി കെട്ടിപ്പടുക്കുന്നതെന്നു സംശയമില്ല.

---

***ലേഖകൻ കെയ്റോസ് മാസികയുടെ അസോസിയേറ്റ് എഡിറ്റർ, താമസം കോഴിക്കോട്. ഭാര്യ ജാൻസി, രണ്ട് മക്കൾ***

# തട്ടുകട





കഥ: സെറീൻ ഏയ്ഞ്ചൽ



കുടുംബശ്രീയുടെ സഹായത്തോടെ പുതിയ തട്ടുകട തുടങ്ങുന്ന കാര്യം കൂട്ടുകാരോട് അമ്മ പറയുന്നത് ജിയക്കുട്ടിയും ജോക്കുട്ടനും ഏറെ സന്തോഷത്തോടെയാണ് കേട്ടുകൊണ്ടിരുന്നത്. തയ്യാറെടുപ്പുകൾ കഴിഞ്ഞു, അടുത്തയാഴ്ച കട തുറക്കുകയാണ്. അസുഖം വന്നു പപ്പ മരിച്ചതിനു ശേഷം ഒന്നാം ക്ലാസ്സിൽ പഠിക്കുന്ന ജിയക്കുട്ടിയെയും നാലാം ക്ലാസ്സിൽ പഠിക്കുന്ന ജോക്കുട്ടനെയും അമ്മയാണ് നോക്കുന്നത്.

അങ്ങനെ കാത്തുകാത്തിരുന്ന ആ ദിവസം വന്നെത്തി. ഒരു ശനിയാഴ്ച ദിവസം അവർ കട തുറന്നു. അവധി ദിനങ്ങളിൽ മക്കൾ രണ്ടുപേരും അമ്മയോടൊപ്പം കടയിലുണ്ടാകും. മറ്റു ദിവസങ്ങളിൽ പഠനവുമൊക്കെയായി രണ്ടുപേരും വീട്ടിൽ തന്നെയിരിക്കും. വൈകിട്ട് മൂന്നുമണി മുതൽ സന്ധ്യാസമയം ഏഴുമണി വരെയാണ് കടയുടെ പ്രവർത്തനം. ഏഴുമണിയായിട്ടും അമ്മയെ കാണാതിരുന്നാൽ അവർക്കറിയാം തിരക്കുള്ളതിനാലാണ് അമ്മ വൈകുന്നതെന്ന്. അപ്പോൾ രണ്ടുപേരും വീട്ടിൽ നിന്ന് കടയിലേക്ക് ചെല്ലും. അമ്മയെ സഹായിച്ച് എല്ലാവരും ഒരുമിച്ച് വീട്ടിലേക്ക് മടങ്ങും. സ്കൂളിൽ ചെന്ന് രണ്ടുപേരും അവരുടെ ക്ലാസ്സിലെ കുട്ടികളോടും ടീച്ചർമാരോടും പുതിയ കടയുടെ വിശേഷങ്ങളൊക്കെ പറഞ്ഞു. അതുകൊണ്ടാവണം വൈകുന്നേരങ്ങളിൽ സ്കൂളിലെ ചില അധ്യാപികമാർ കടയിൽ വന്ന് ചെറുകടികൾ വാങ്ങി മടങ്ങും. ജിയക്കുട്ടിയുടെ അമ്മയുമായി വിശേഷങ്ങളൊക്കെ പറഞ്ഞിട്ടാണ് അവർ കടയിൽ നിന്ന് മടങ്ങുക. കട തുടങ്ങിയ കാര്യം മക്കൾ സ്കൂളിൽ പറഞ്ഞത് അമ്മയ്ക്ക് സന്തോഷം നൽകി. മാത്രമല്ല മക്കൾ പറഞ്ഞതനുസരിച്ച് സ്കൂളിലുള്ള അധ്യാപകർ മുഴുവൻ ഈ വിവരമറിഞ്ഞു. എല്ലാ മാസവും നടക്കുന്ന സ്റ്റാഫ് മീറ്റിങ്ങിനും ഇടയ്ക്കുള്ള പാരന്റ്സ് മീറ്റിങ്ങിനും നൽകാനുള്ള ചായയും സ്നാക്സും ഇവരുടെ കടയിൽ നിന്നുതന്നെ കൊണ്ടുവന്ന് തരണമെന്നും സ്കൂളിൽ നിന്ന് പറഞ്ഞേൽപ്പിച്ചു. ജിയകുട്ടിയുടെയും ജോക്കുട്ടന്റെയും കുടുംബത്തിന് അത് വലിയൊരു ആശ്വാസമായിരുന്നു.

നാളുകൾ കഴിഞ്ഞപ്പോൾ, വൈകുന്നേരം കടയിൽ തിരക്കായി, അങ്ങനെ അമ്മയ്ക്ക് ഒറ്റയ്ക്ക് നടത്താൻ കഴിയാതെ വന്നപ്പോൾ കുടുംബശ്രീ കൂട്ടായ്മയിൽ നിന്ന് കൂട്ടുകാരിൽ ഒരാളെയും അമ്മ കൂടെ കൂട്ടി. ദൈവാനുഗ്രഹത്താൽ ഇവരുടെ തട്ടുകട കൂടുതൽ സജീവമായി. കാരണം തൊട്ടടുത്തുതന്നെയായിരുന്നു ഇവരുടെ ഇടവക പള്ളിയും. കട തുടങ്ങിയ വിശേഷങ്ങൾ കുടുംബയൂണിറ്റിലും അതുവഴി ഇടവകയിലും ആളുകളറിഞ്ഞു. പള്ളിയിൽ എല്ലാ ഞായറാഴ്ചയും നടക്കാറുള്ള പല ഗ്രൂപ്പുകളുടെ മീറ്റിംഗുകളിലും ആവശ്യമായ ചായയും കടികളും എത്തിച്ചു നൽകാനുള്ള ഓർഡറും ഇവർക്ക് ലഭിച്ചു. ഞായറാഴ്ച കട അവധിയാണെങ്കിലും ഓർഡർ ഉള്ളപ്പോൾ അതെല്ലാം കൃത്യമായി മീറ്റിംഗ് സമയത്ത് പള്ളിയിലെത്തിച്ചിരുന്നു.

നാളുകൾ പലതു കഴിഞ്ഞു. കടയിൽ തിരക്ക് കൂടി സഹായത്തിനായി വീണ്ടും ആളുകളെ കൂട്ടേണ്ടിവന്നു. അങ്ങനെ കുടുംബശ്രീ കൂട്ടായ്മയിൽ നിന്ന് ലോണെടുത്ത് തൊട്ടടുത്തുതന്നെയുള്ള ഒരു കടമുറി വാടകയ്ക്കെടുത്ത് തട്ടുകട അവിടെ പുതുതായി പ്രവർത്തനം ആരംഭിച്ചു. പുതിയ കടയിൽ ചായ കുടിക്കാൻ വരുന്നവർക്ക് അവിടെ വരുമ്പോൾ കൂടുതൽ സന്തോഷം. കാരണം നല്ല നാടൻ വിഭവങ്ങളാണ് അവിടെ ലഭിക്കുക. തലയിൽ മഞ്ഞ തൊപ്പിയും പച്ചയും മഞ്ഞയും നിറങ്ങളിലുള്ള യൂണിഫോം വസ്ത്രങ്ങൾ ധരിച്ചുമൊക്കെയാണ് അമ്മയെയും സഹപ്രവർത്തകരെയും അവിടെ കാണാനാവുക. പുതിയ കട തുടങ്ങിയപ്പോൾ കടയ്ക്കൊരു പേരും നൽകി, 'മന്ന.' ദൈവത്തിന്റെ വഴി നടത്തൽ, കരുതൽ, സ്നേഹം എന്നൊതൊക്കെ അനുഭവിച്ചറിഞ്ഞതിനാലാണ് മന്ന എന്ന് പേരിടാൻ കാരണമെന്ന് അമ്മ എല്ലാവരോടും പറയും.

ഒരിക്കൽ ഒരു സംഭവം നടന്നു. ഇവരുടെ വീടിനടുത്തൊരു സ്ഥലത്ത് സിനിമ ഷൂട്ടിംഗ് നടക്കുന്ന നേരം. സിനിമാ താരങ്ങളൊക്കെ വന്നിട്ടുണ്ട്. ഒരു ദിവസം സ്കൂൾ വിട്ടു ജിയക്കുട്ടിയും ജോക്കുട്ടനും വരുന്ന വഴിക്ക് കടയുടെ മുന്നിൽ തിരക്കു കണ്ട് അവർ അത്ഭുതപ്പെട്ടു. കടയിൽ സിനിമാ ഷൂട്ടിംഗ് നടക്കുകയാണ്. തട്ടുകടയിൽ വന്ന് താരങ്ങൾ ചായ കുടിക്കുന്ന ഒരു സീൻ ഷൂട്ട് ചെയ്യുകയാണ്. അമ്മയും കൂടെയുള്ളവരും വലിയ സന്തോഷത്തിലാണ്. ആൾക്കൂട്ടത്തിനിടയിൽ നിന്നുകൊണ്ട് മക്കൾ രണ്ടുപേരും ആ കാഴ്ച സന്തോഷത്തോടെ കണ്ടുനിന്നു. പിറ്റേന്ന് മുതൽ ആ നാട്ടിലും സ്കൂളിലും സംഗതി പാട്ടായി. ജിയക്കുട്ടിയുടെയും ജോക്കുട്ടന്റെയും അമ്മയെ സിനിമയിലെടുത്തു. പിന്നീടങ്ങോട്ട് മന്നയും അമ്മയും സംഘവും സെലിബ്രിറ്റികൾ ആയി. തുടർന്നും ദൈവാനുഗ്രഹത്തിന്റെ ഒരുപാട് അനുഭവങ്ങളിലൂടെയായിരുന്നു മന്നയുടെ യാത്ര. ജിയക്കുട്ടിയും ജോക്കുട്ടനും സിനിമയിലില്ലെങ്കിലും അവരും അങ്ങനെ സ്കൂളിൽ താരങ്ങളായി.




# വഴുതന മാത്തൻ



**കാർട്ടൂൺ:** സിനിൽ കെ.ജെ. / **ആശയം:** സ്റ്റീവ് വർഗീസ്






SUBSCRIBE!

TO THE BEST CATHOLIC MAGAZINE FOR YOUTH & YOUNG FAMILIES

To purchase
scan QR code or visit:
www.jykairosmedia.org/kairosglobal

Kairos Media, 8/174, Navodaya Studio Complex, Thengode P.O, Kochi 682 030, Kerala, India
kairosmag@jykairosmedia.org | +91 484 2984327 | 91 62382 79115 | www.jykairosmedia.org

RNI No.KERMAL/2002/12027, Date of publication: 01/03/2026, ₹50.00




Printed Published by Reji J. Karot on behalf of Kairos Trust Chevayur P.O., Kozhikode-673017, Kerala. Printed at Sterling Print House (P) Ltd. , Door No.49/1849, Ponekkara- Cheranalloor Road, AIMS, Ponekkara P.O, Kochi-682 041 Cell: 98479 00555. Place of Publication Kairos, 8/174, Navodaya Studio Complex, Thengod P.O, Kakkanad, Ernakulam – 682 030. Editor Adv. K.J. Johnson, Kunnathuparambil (H), P.O. Vellangallur, Thrissur 680 662